# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2021 ആഗസ്റ്റ് വോള്യം: 9 ലക്കം: 12



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



## സമത്വവും ഇല്ലായ്മയും




പ്രഭാത് പട്നായ്ക് 08

## പെഗാസസ് പൗരന്റെ അവകാശത്തിന്മേലുള്ള കടന്ന് കടയറ്റം



എളമരം കരീം എം.പി 14

## കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ നയങ്ങൾ




എം.പി.സുകുമാരൻ നായർ 16

## കേരളം നിക്ഷേപ സൗഹൃദം ചില യാഥാർത്ഥ്യങ്ങൾ



26 കെ.എൻ.ഗോപിനാഥ്

## ലോക ചരിത്രത്തിൽ തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളുന്നു



32 എൻ.പത്മലോചനൻ

## അമേരിക്കൻ സാമ്രാജ്യത്വത്തോട് ഏറ്റുമുട്ടി നിൽക്കുന്ന ക്യൂബ

36 ജോസ് ടി എബ്രഹാം

## പൊതുമേഖലാ ജനറൽ ഇൻഷ്വറൻസ് കമ്പനികൾ വില്പനയ്ക്ക്




43 സി.ബി. വേണുഗോപാൽ

# പാർലമെന്ററി ജനാധിപത്യം ഭീഷണിയിൽ

പാർലമെന്റിന്റെ വർഷകാല സമ്മേളനം പ്രഹസനമാക്കി മാറ്റി സഭാചട്ടങ്ങളും, കീഴ്വഴക്കങ്ങളും കാറ്റിൽ പറത്തി പ്രതിപക്ഷം ഉന്നയിച്ച ഒരു കാര്യം പോലും അംഗീകരിക്കാൻ മോഡിസർക്കാർ സന്നദ്ധമായില്ല. പാർലമെന്റിന്റെ ഇരുസഭകളിലും തങ്ങൾക്ക് ഭൂരിപക്ഷമുണ്ട് എന്ന കാരണത്താൽ പ്രതിപക്ഷത്തെ ഗൗനിക്കേണ്ടതില്ല എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. പാർലമെന്ററി ജനാധിപത്യ വ്യവസ്ഥയുടെ തത്വങ്ങളുടെ നഗ്നമായ ലംഘനമാണിത്.

വർഷകാല സമ്മേളനം ആരംഭിക്കുന്നതിന്റെ മുന്നോടിയായി ചേർന്ന കാര്യോപദേശ സമിതിയിൽ പ്രതിപക്ഷ പാർടികൾ രണ്ട് പ്രധാന കാര്യങ്ങൾ ഉന്നയിച്ചു. ഒന്ന് ദേശീയ പ്രാധാന്യമുള്ള മൂന്ന് വിഷയങ്ങൾ പാർലമെന്റിൽ ചർച്ച ചെയ്യാൻ അവസരമുണ്ടാവണം. പൗരന്മാരുടെ രഹസ്യങ്ങൾ ചോർത്തിയ പെഗാസസ് ചാര സോഫ്റ്റ്വെയർ പ്രശ്നം; മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കൽ; വിലക്കയറ്റം, തൊഴിലില്ലായ്മ, സാമ്പത്തിക തകർച്ച എന്നിവ ചർച്ച ചെയ്യാനായിരുന്നു പ്രതിപക്ഷം ആവശ്യപ്പെട്ടത്. ആദ്യ യോഗത്തിൽ ഇത് സംബന്ധിച്ച് ഒരുതീരുമാനമുണ്ടായില്ല. സർക്കാർ പ്രതിനിധികൾ പ്രതിപക്ഷ നേതാക്കളുമായി കൂടിയാലോചിച്ച് ഒരു ധാരണയിലെത്തണമെന്ന് രാജ്യസഭാ ചെയർമാൻ നിർദ്ദേശിച്ചു. ലോക്സഭാ സ്പീക്കറും ഇതേ നിലപാടാണ് സ്വീകരിച്ചത്. എന്നാൽ സമ്മേളനം അവസാനിക്കുന്നത് വരെ പ്രതിപക്ഷപാർടി നേതാക്കളുടെ ഒരു യോഗം വിളിച്ചുകൂട്ടാൻ സർക്കാർ സന്നദ്ധമായില്ല. ദേശീയ പ്രാധാന്യമുള്ള വിഷയങ്ങൾ സഭയിൽ ചർച്ച ചെയ്യുന്നത് ഒഴിവാക്കാനാണ് സർക്കാർ ശ്രമിച്ചത്.

ലോകസഭയിലും, രാജ്യസഭയിലും അവതരിപ്പിച്ച ബില്ലുകളിൽ ചിലത് അതീവ പ്രാധാന്യമുള്ളതായിരുന്നു. ഡിഫൻസ് വകുപ്പിന് കീഴിലുള്ള ഓർഡനൻസ് ഫാക്ടറികളിലെ പണിമുടക്ക് നിരോധിക്കൽ, വൈദ്യുതി നിയമ ഭേദഗതി, ജിഐ.സി നിയമ ഭേദഗതി, ഇൻസോൾവൻസി & ബാങ്ക്റപ്റ്റ്സി കോഡ് ഭേദഗതി ബിൽ എന്നിവ രാജ്യ താല്പര്യത്തിനെതിരായ ബില്ലുകളായിരുന്നു. അവ നാലും പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനക്ക് വിടണമെന്നും പ്രതിപക്ഷം ആവശ്യപ്പെട്ടിരുന്നു. അതിന്മേൽ സർക്കാരിന്റെ അഭിപ്രായം പ്രതിപക്ഷത്തെ അറിയിക്കാം എന്ന് പാർലമെന്ററി കാര്യ മന്ത്രി പറഞ്ഞു. എന്നാൽ ഇത് സംബന്ധിച്ച് ഒരു കൂടിയാലോചനയും നടത്താതെ നാല് ബില്ലുകളും സഭയിൽ അവതരിപ്പിച്ച് നേരിട്ട് പാസ്സാക്കാനാണ് സർക്കാർ മുതിർന്നത്. പാർലമെന്റ് നടപടികൾ ബഹളത്തിൽ കലാശിച്ചത് സർക്കാരിന്റെ ദുശ്ശാഠ്യത്തിന്റെ ഫലമായിട്ടാണ്. കോവിഡ്, ഒ.ബി.സി. സംവരണത്തിന്മേലുള്ള ഭരണഘടനാ ഭേദഗതി ബില്ല് എന്നിവകളിൽ സർക്കാരുമായി സഹകരിച്ച് ചർച്ച ചെയ്യാനും, ഭരണഘടനാ ഭേദഗതി ബിൽ ഏകകണ്ഠമായി പാസ്സാക്കാനും പ്രതിപക്ഷം സഹകരിച്ചു. പ്രതിപക്ഷം സഭയിൽ ബഹളമുണ്ടാക്കുക മാത്രമല്ല ചെയ്തത്.

41 ഓർഡനൻസ് ഫാക്ടറികളിൽ ജോലി ചെയ്യുന്നത് പട്ടാളക്കാരല്ല. സിവിലിയൻ തൊഴിലാളികളാണ്. ഈ ഫാക്ടറികൾ 7 കോർപറേഷനുകളാക്കി മാറ്റി കുത്തകകൾക്ക് വിൽക്കലാണ് സർക്കാരിന്റെ ലക്ഷ്യം. അതിനെതിരെ ജൂലൈ 26 മുതൽ ജീവനക്കാർ ഒറ്റക്കെട്ടായി പണിമുടക്കാൻ തീരുമാനിച്ചു. പ്രസ്തുത പണിമുടക്ക് നിരോധിച്ചുകൊണ്ട് സർക്കാർ ഓർഡിനൻസിറക്കി. പ്രസ്തുത ഓർഡിനൻസ് നിയമമാക്കാനുള്ളതായിരുന്നു ഒരു ബില്ല്. തൊഴിലാളികളുടെ കൂട്ടായ വിലപേശലിനുള്ള അവകാശം ഇല്ലാതാക്കുന്നതും, ഐ.എൽ.ഒ. പ്രമാണ

ങ്ങൾക്കെതിരായതുമായ ഒരു നിയമം ഒരു പരിശോധനയും കൂടാതെ ഭൂരിപക്ഷം ഉപയോഗിച്ച് പാസ്സാക്കാൻ സർക്കാർ ധൃതികാണിച്ചു. കോർപറേറ്റുകളെ തൃപ്തിപ്പെടുത്താനുള്ള വ്യഗ്രതയിലായിരുന്നു സർക്കാർ.

കാർഷിക മേഖലയെ കോർപറേറ്റുകൾക്കടിയറ വെച്ച 3 കാർഷിക നിയമങ്ങൾ 2020 ൽ പാർലമെന്റ് പാസ്സാക്കിയതും പ്രതിപക്ഷത്തിന്റെ കൂട്ടായ എതിർപ്പുകളെ മാനിക്കാതെയാണ്. ഈ ബില്ലുകൾ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനക്ക് വിടാൻ പ്രതിപക്ഷം ആവശ്യപ്പെട്ടിരുന്നു. അതൊന്നും അംഗീകരിക്കാതെ ഭൂരിപക്ഷം ഉപയോഗിച്ച് പാസ്സാക്കുന്നതിനെതിരെ പ്രതിഷേധിച്ചതിന് 8 പാർലമെന്റംഗങ്ങളെ രാജ്യസഭയിൽ സസ്പെന്റ് ചെയ്തു. ജനാധിപത്യ വിരുദ്ധമായ നിലയിൽ പാസ്സാക്കിയ കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് കർഷകർ കഴിഞ്ഞ 9 മാസമായി പ്രക്ഷോഭം നടത്തിവരികയാണ്.

വൈദ്യുതി വിതരണം സ്വകാര്യ കമ്പനികളെ ഏൽപിക്കാനുള്ളതാണ് മറ്റൊരു നിയമനിർമാണം. ഈ ബില്ലിനെ കർഷക സംഘടനകളും ശക്തമായി എതിർത്ത് വരികയാണ്. ഈ നിയമ നിർമാണം ഉപേക്ഷിക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് രാജ്യത്തെ വൈദ്യുതി ബോർഡുകളിലെ ജീവനക്കാർ ആഗസ്റ്റ് 10 ന് ഒറ്റക്കെട്ടായി പണിമുടക്ക് പ്രഖ്യാപിച്ചിരുന്നു. ഈ സമ്മർദ്ദത്തിന്റെ ഫലമായിവൈദ്യുതി ഭേദഗതി ബില്ല് കഴിഞ്ഞ സമ്മേളനത്തിൽ അവതരിപ്പിച്ചില്ല.

ബാങ്കുകളിലെ കിട്ടാക്കടം പിരിച്ചെടുക്കാനുള്ള നടപടികൾ ഊർജ്ജിതമാക്കാൻ വേണ്ടിയാണ് 2016 ൽ ഇൻസോൾവൻസി & ബാങ്ക്റപ്റ്റ്സി കോഡ് പാർലമെന്റ് പാസ്സാക്കിയത്. ഈ നിയമം നിലവിൽ വന്നിട്ടും 2016 മുതൽ 2020 വരെ കിട്ടാക്കട കേസുകൾ 221 എണ്ണമുണ്ടായതിൽ തീർപ്പായത് 44 ശതമാനത്തിന്മേൽ മാത്രമാണ്. 2020 മെയ് മാസത്തിൽ പാർലമെന്റിൽ ധനകാര്യമന്ത്രി പറഞ്ഞത് കിട്ടാക്കടമായിരുന്ന 4.13 ലക്ഷം കോടി രൂപയിൽ സർക്കാരിന് പിരിഞ്ഞ് കിട്ടിയത് 1.84 ലക്ഷം കോടി രൂപ മാത്രം. 2.29 ലക്ഷം കോടി രൂപ സർക്കാർ എഴുതിതള്ളി. ഇതിന് പുറമെ വെളിപ്പെട്ട മറ്റൊരു വസ്തുത; 5.01 ലക്ഷം കോടി രൂപയുടെ 13566 കേസുകൾ സർക്കാർ പിൻവലിച്ചു എന്നാണ്. കോർപറേറ്റുകളോട് സർക്കാർ കാണിക്കുന്ന ഉദാരത ഇതിൽ നിന്ന് വ്യക്തമാണ്. നിലവിലുണ്ടായിരുന്ന നിയമം കോർപറേറ്റുകൾക്കനുകൂലമായി ഭേദഗതി ചെയ്യാനുള്ള ബില്ലായിരുന്നു സർക്കാർ കൊണ്ടുവന്നത്. ഇത് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വിടണമെന്ന ആവശ്യം സർക്കാർ അംഗീകരിച്ചില്ല.

പൊതുമേഖലയിലെ ജനറൽ ഇൻഷൂറൻസ് കോർപറേഷനെ സ്വകാര്യവൽക്കരിക്കുന്ന ബില്ലായിരുന്നു സുപ്രധാനമായ മറ്റൊന്ന്. രാജ്യത്തിന്റെ അഭിമാന സ്തംഭങ്ങളാണ് എൽ.ഐ .സി.യും ജി.ഐ.സി.യും. ഇതിൽ ജി.ഐ.സി.യെ കോർപറേറ്റുകളെ ഏൽപിക്കുകയാണ്. വാഹന ഇൻഷൂറൻസ് ഉൾപ്പെടെ ജനജീവിതവുമായി ബന്ധപ്പെട്ട ഒട്ടേറെ ഇൻഷൂറൻസ് കൈകാര്യം ചെയ്യുന്ന ജി.ഐ.സി. സ്വകാര്യ കുത്തകകളുടെ കൈകളിൽ പോയാൽ ജനങ്ങളുടെ മേൽ വലിയ ഭാരം വന്നുചേരും. കൊള്ളലാഭം നേടൽ മാത്രമാണ് കുത്തകകളുടെ ലക്ഷ്യം.

രാഷ്ട്ര താല്പര്യത്തിന് അത്യന്തം അപകടകരമായ മേൽപറഞ്ഞ നിയമ നിർമാണങ്ങളെയാണ് പാർലമെന്റിൽ പ്രതിപക്ഷം എതിർത്തത്. ജനാധിപത്യ മര്യാദകൾ ഒട്ടും മാനിക്കാതെ നിയമ നിർമാണം നടത്തുന്ന രീതി അംഗീകരിക്കാനാവില്ല. യു.പി.എ.സർക്കാരിന്റെ കാലത്ത് 70 ശതമാനം ബില്ലുകളും പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനക്ക് ശേഷമാണ് പാർലമെന്റ് പാസ്സാക്കിയത്. ഒരു ബില്ല് സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വിട്ടാൽ പ്രസ്തുത നിയമനിർമാണം ബാധിക്കുന്ന എല്ലാ വിഭാഗങ്ങളുമായി ചർച്ച ചെയ്യാനും, ബില്ലിനെ കുറ്റമറ്റതാക്കാനും അവസരമുണ്ടാവും. ജനാധിപത്യപരമായ നിയമനിർമാണ രീതിയാണത്. മോഡിസർക്കാരിന്റെ കാലത്ത് 10 ശതമാനം ബില്ലുകൾ മാത്രമേ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് വിട്ടുള്ളൂ. ജനാധിപത്യത്തോട് ബിജെപിയുടെ അസഹിഷ്ണുതയാണ് നാം കാണുന്നത്.

സർക്കാരിന്റെ ഈ നടപടികളെ എതിർത്ത് പ്രതിഷേധിച്ച 13 പ്രതിപക്ഷ എം.പി.മാരെ (സി.പി.ഐ.(എം) അംഗം എ.എം. ആരിഫ് ഉൾപ്പെടെ) ലോകസഭാ സ്പീക്കർ താക്കീത് ചെയ്തു.ഇനിയും പ്രതിഷേധം ഉയർത്തിയാൽ കടുത്ത നടപടി സ്വീകരിക്കുമെന്ന് ഭീഷണിപ്പെടുത്തി. അതിനെയൊന്നും വകവെക്കാതെ ലോകസഭയിൽ കഴിഞ്ഞ സമ്മേളനത്തി

ന്റെ അവസാന ദിവസം വരെ പ്രതിപക്ഷം ശബ്ദമുയർത്തി.

രാജ്യസഭയിൽ പ്രതിപക്ഷ പ്രതിഷേധത്തിൽ സഭാനടപടികൾ പലപ്പോഴും തടസ്സപ്പെട്ടു. ആ സന്ദർഭങ്ങളിലൊന്നും തർക്കം പരിഹരിക്കാൻ  പ്രതിപക്ഷ നേതാക്കളുമായി ഒരു കൂടിയാലോചന പോലും സർക്കാർ നടത്തിയില്ല. പ്രതിപക്ഷ പ്രതിഷേധം വകവെക്കാതെ ബില്ലുകൾ പാസ്സാക്കുന്ന നിലപാടാണ് സ്വീകരിച്ചത്.

ജനവിരുദ്ധ ബില്ലുകളിന്മേൽ പ്രതിപക്ഷം നൽകിയ ഭേദഗതികൾ സർക്കാർ അംഗീകരിച്ചില്ല. ബില്ലുകളിന്മേൽ വോട്ടെടുപ്പ് ആവശ്യപ്പെട്ടപ്പോൾ ചെയർമാൻ അനുവദിച്ചില്ല. സർക്കാർ കാര്യങ്ങൾ നടത്തിക്കൊടുക്കുക എന്നല്ലാതെ പാർലമെന്റിന്റെ അന്തസ്സുയർത്തിപ്പിടിക്കാൻ സഭാചെയർമാനും, ഡപ്യൂട്ടിചെയർമാനും സന്നദ്ധമായില്ല.

രാജ്യത്തെയും, ജനങ്ങളെയും ബാധിക്കുന്ന അതീവ ഗുരുതരമായ പ്രശ്നങ്ങൾ ഉയർത്തി കർഷകരും, തൊഴിലാളികളും രാജ്യമാകെ സമരം നടത്തുന്നുണ്ട്. അതിന്റെ പ്രതിഫലനമാണ്പാർലമെന്റിലുണ്ടായത്. ജനങ്ങളോടുള്ള ജനപ്രതിനിധികളുടെ ഉത്തരവാദിത്തമാണത്. കോർപറേറ്റുകൾക്ക് രാജ്യത്തിന്റെ വിലപ്പെട്ട സമ്പത്ത് തീറെഴുതിക്കൊടുക്കുകയും പ്രസ്തുത നടപടിയെ എതിർത്ത് സമരം നടത്തുന്ന തൊഴിലാളികളെയും കർഷകരെയും അടിച്ചമർത്തുകയും ചെയ്യുന്ന ഭരണകൂട നയങ്ങൾക്കെതിരെ പാർലമെന്റിന്റെ 'മഹത്വം' പറഞ്ഞ് നിശബ്ദരായി ഇരിക്കണമെന്ന വാദം ആരുയർത്തിയാലും സ്വീകരിക്കാനാവില്ല. ഇന്ത്യൻ ഭരണഘടനയും, പാർലമെന്റ് നടപടികൾക്ക് മാർഗ്ഗദർശകമായ ചട്ടങ്ങളും, കീഴ്‌വഴക്കങ്ങളും, ജനാധിപത്യ മര്യാദകളും, പ്രതിപക്ഷ ബഹുമാനവും തെല്ലും പുലർത്താതെ പട്ടാളത്തെ ഉപയോഗിച്ച് പാർലമെന്റ് നടത്തുക എന്ന രീതിയെ എതിർക്കുകയല്ലാതെ നിവൃത്തിയില്ല.

പാർലമെന്റിൽ നടന്ന കാര്യങ്ങളെക്കുറിച്ച് പാർലമെന്ററികാര്യ സഹമന്ത്രി നടത്തിയ വിലകുറഞ്ഞ പ്രസ്താവന ശ്രദ്ധയിൽപെട്ടു. പാർലമെന്റിൽ പ്രതിഷേധമുയർത്തിയത് 14 പ്രതിപക്ഷ പാർടികൾ ഒന്നിച്ചാണ്. 2019 ലെ തെരഞ്ഞെടുപ്പിൽ എൻ.ഡി.എ.ക്ക് ആകെ ലഭിച്ച വോട്ട് 36 ശതമാനമാണ്. 60 ശതമാനത്തിലധികം വോട്ട് ലഭിച്ചവരാണ് പ്രതിപക്ഷത്തുള്ളവർ. 14 പാർടികൾ നടത്തിയ പ്രതിഷേധത്തെ ഇടത്പക്ഷത്തെ മാത്രം കുറ്റപ്പെടുത്തിയ മലയാളിയായ സഹമന്ത്രിയുടെ പ്രസ്താവന അല്പത്തമാണ്. രാജ്യസഭയിലും, ലോകസഭയിലും നടന്ന പ്രതിപക്ഷ പ്രതിഷേധങ്ങളിലും എല്ലാ പ്രതിപക്ഷ പാർടികളുടെ അംഗങ്ങളും പങ്കെടുത്തതാണ്. എന്നാൽ ബിജെപി നേതാവായ മന്ത്രി ഇടത്പക്ഷപാർടി അംഗങ്ങളെ മാത്രമേ കണ്ടുള്ളൂ എന്നത് അദ്ദേഹത്തിന്റെ സങ്കുചിതമായ രാഷ്ട്രീയ നിലപാടിന്റെ ഭാഗമാണ്. ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ ദുസ്സഹമാക്കുന്ന നയങ്ങൾ നിരന്തരമായി നടപ്പിലാക്കിവരുന്ന കേന്ദ്രസർക്കാർ, ഈ നയങ്ങൾക്കെതിരെ ഉയർന്ന് വരുന്ന പ്രതിഷേധങ്ങളെ അധിക്ഷേപിക്കുന്നത് അവരുടെ ജനവിരുദ്ധ നിലപാടിന്റെ ഭാഗമാണ്. ജനകീയ പ്രശ്നങ്ങളുയർത്തി പാർലമെന്റിൽ പ്രതിഷേധമുയർത്തിയ എം.പി.മാരുടെ പേരിൽ നടപടി സ്വീകരിക്കുമെന്ന ഭീഷണിയെ അതർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയുന്നു.

ചരിത്രത്തിൽ ഇന്നേവരെ കണ്ടിട്ടില്ലാത്ത വിധത്തിൽ രാജ്യസഭയിൽ പ്രതിപക്ഷത്തെ നേരിടാൻ അണിനിരത്തിയ സുരക്ഷാസേനയിൽ പുറത്ത് നിന്നുള്ളവരുമുണ്ടായിരുന്നു. വനിതകൾ ഉൾപ്പെടെ ഏതാനും പാർലമെന്റംഗങ്ങൾക്ക് നേരെ സുരക്ഷാഭന്മാരുടെ കൈക്കരുത്ത് കാണിച്ചു. ഇത് സംബന്ധിച്ച് അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് പ്രതിപക്ഷ എം.പി.മാർ കത്ത് നൽകിയിട്ടുണ്ട്. തന്റെ 46 വർഷത്തെ പാർലമെന്റിലെ അനുഭവത്തിൽ വർഷകാല സമ്മേളനത്തിൽ നടന്നത് പോലെയുള്ള ഒരനുഭവം പ്രതിപക്ഷം നേരിട്ടിട്ടില്ലെന്ന മുതിർന്ന പ്രതിപക്ഷ നേതാവ് ശരത്പവാറിന്റെ പ്രസ്താവന എല്ലാവരുടെയും കണ്ണുതുറപ്പിക്കുന്നതാണ്. നമ്മുടെ ജനാധിപത്യം അപകടത്തിലേക്കാണോ പോകുന്നതെന്ന ആശങ്ക എല്ലാവരിലും ഉയർന്ന് വരുന്നുണ്ട്.





# നിയമനിർമാണ രീതി പരിതാപകരം: ചീഫ് ജസ്റ്റിസ് എൻ.വി രമണ

വേണ്ടത്ര ചർച്ചയോ പരിശോധനയോ കൂടാതെ പാർലമെന്റിൽ നിയമങ്ങൾ പാസാക്കുന്നതിനെ രൂക്ഷമായി വിമർശിച്ച് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എൻ.വി രമണ. ഇപ്പോഴത്തെ സ്ഥിതി പരിതാപകരം . നിയമങ്ങളിൽ ആശയക്കുഴപ്പവും പഴുതും അവ്യക്ത തയും നിറയുന്നു. ചില നിയമം എന്തിനാണെന്നുകൂടി അറിയാനാകുന്നില്ല . ഇതിനാൽ ഒരുപാട് കേസും അസൗകര്യവും ഉണ്ടാകുന്നു . സർക്കാരിനും ജനങ്ങൾക്കും നഷ്ടം സംഭവിക്കുന്നു. സുപ്രീം കോടതി ബാർ അസോസിയേഷന്റെ സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ അദ്ദേഹം പറഞ്ഞു.

കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ 20 ബിൽ ചർച്ചയില്ലാതെ പാസാക്കിയ സാഹചര്യത്തിലാണ് പ്രതികരണം. ശരാശരി എട്ട് മിനിറ്റു പോലും എടുക്കാതെയാണ് പ്രധാനപ്പെട്ട ബില്ലുകൾ പാസാക്കിയത്. സുപ്രീംകോടതി വിധി മറികടക്കാനുള്ള രണ്ട് ബി ല്ലും പാസാക്കി.

മുമ്പ് വ്യവസായബന്ധനിയമം പാർലമെന്റ് പാസാക്കിയപ്പോൾ തമിഴ്നാട്ടിൽ നിന്നുള്ള സിപിഐ എം അംഗം പി രാമമൂർത്തി നടത്തിയ ഇടപെടൽ ഓർക്കുന്നതായി ചീഫ് ജസ്റ്റിസ് പറഞ്ഞു. ബില്ലിന്റെ പ്രത്യാഘാതവും അത് തൊഴിലാളിവർഗത്തെ എങ്ങനെ ബാധിക്കുമെന്നും രാമമൂർത്തി വിശദമായി സഭയെ ധരിപ്പിച്ചു. ഇങ്ങനെ പല നിയമവും വിശദചർച്ചയിലൂടെയാണ് പാസാക്കിയത്. അതു വഴി നിയമവ്യാഖ്യാനത്തിൽ കോടതിയുടെ ജോലിഭാരം കുറയുന്നു. നിയമത്തിന്റെ ലക്ഷ്യവും നിയമനിർമാണസഭ എന്താണ് ഉദ്ദേ ശിക്കുന്നതെന്നും വ്യക്തമാകുന്നു.



## ചീഫ് ജസ്റ്റിസിനെ മാനിക്കണം : യെച്ചൂരി

**പാർലമെന്റിനെ മാനിക്കാത്ത പ്രധാനമന്ത്രി നരേന്ദ്ര മോദി സുപ്രീംകോടതി ചീഫ് ജസ്റ്റിസിന്റെ വാക്കുകളെങ്കിലും കേൾക്കണ മെന്ന് സിപിഐ എം ജനറൽ സെക്രട്ടറി സീതാറാം യെച്ചുരി പ്രതികരിച്ചു . പാർലമെന്റിനോട് ഉത്തരവാദിത്വം പുലർത്തണമെന്ന ഭരണഘടനാ ബാധ്യത പ്രധാനമന്ത്രി നിറവേറ്റുന്നില്ലെന്നും യെച്ചൂരി പറഞ്ഞു .**

# സമത്വവും ഇല്ലായ്മയും



പ്രഭാത് പട്നായ്ക്

സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലും ആവശ്യസാധനങ്ങൾക്കായി ഉപഭോക്താക്കൾ നീണ്ട വരികളിൽ കാത്തുനിന്നിരുന്നത് ഇന്നും പലരും ഓർക്കുന്നുണ്ടാകാം. സൂപ്പർ മാർക്കറ്റുകളിൽ ഇഷ്ടംപോലെ കയറിച്ചെന്ന് ആവശ്യമുള്ളത് വാങ്ങുവാൻ സാധിക്കുന്ന മുതലാളിത്ത വ്യവസ്ഥയുമായി താരതമ്യം ചെയ്യുമ്പോൾ സോഷ്യലിസ്റ്റ് ഉത്പ്പാദന രീതിയ്ക്കുള്ള കാര്യക്ഷമതക്കുറവായി പടിഞ്ഞാറൻ രാജ്യങ്ങൾ ഇതിനെ ഇകഴ്ത്തിക്കാട്ടുകയും ചെയ്തിരുന്നു.

യഥാർത്ഥത്തിൽ നീണ്ട വരികൾ കാര്യക്ഷമതയില്ലായ്മയുടെ അടയാളം ആയിരുന്നില്ല എന്നതുമാത്രമല്ല അവ സോഷ്യലിസ്റ്റ് സമൂഹങ്ങളുടെ ഉന്നതമായ സവിശേഷതയായ സമത്വത്തിന്റെ പ്രതീകവുമായിരുന്നു. അതുപോലെതന്നെ, മുതലാളിത്ത വ്യവസ്ഥയിൽ ആവശ്യസാധനങ്ങൾ എളുപ്പത്തിൽ കൈക്കലാക്കാനാകുന്നത് അതിൽ അന്തർലീനമായിട്ടുള്ള രൂക്ഷമായ അസമത്വത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. ഈ വിഷയം (വരുമാനത്തിന്റെ വിതരണം ഒഴികെ സമ്പദ്‌വ്യവസ്ഥയിലെ മറ്റെല്ലാ ഘടകങ്ങളുടെയും കാര്യത്തിൽ മനഃപൂർവ്വം ഒരേപോലത്തെ സംഖ്യകൾ സ്വീകരിക്കുന്ന) ഒരു ഉദാഹരണം കൊണ്ട് വ്യക്തമാക്കുവാനാകും.

സൗകര്യാർത്ഥം സോഷ്യലിസ്റ്റ് സമ്പദ്ഘടനകളെ ട എന്നും മുതലാളിത്ത സമ്പദ്ഘടനകളെ C എന്നും സൂചിപ്പിക്കാം. ഇവ ഓരോന്നും



20 യൂണിറ്റ് നിക്ഷേപം വീതം നടത്തുകയും 100 യൂണിറ്റ് വീതം ഉത്പ്പാദിപ്പിക്കുകയും ചെയ്യുന്നു എന്നു കരുതുക. S ലെ മുകൾത്തട്ടിലെ 20%ത്തിന് (സോഷ്യലിസ്റ്റ് ഉദ്യാഗസ്ഥ വൃന്ദം) ഉത്പ്പാദനത്തിന്റെ 30%വും താഴേതട്ടിലെ 80%ത്തിന് (തൊഴിലാളികൾ) ഉത്പ്പാദനത്തിന്റെ 70%വും ലഭിക്കുന്നു എന്നിരിക്കട്ടെ. C യിലാകട്ടെ ഉപരിവർഗ്ഗത്തിലെ 20%ത്തിന് (മുതലാളിമാരും ഉദ്യാഗസ്ഥ വൃന്ദവും) ഉത്പ്പാദനത്തിന്റെ 60%ത്തിന്റെയും കീഴ്ത്തട്ടിലെ 80%ത്തിന് (തൊഴിലാളികൾ) ഉത്പ്പാദനത്തിന്റെ 40%ത്തിന്റെയും നേട്ടമുണ്ടാകുന്നു എന്നും. ഓരോ സമ്പദ്ഘടനകളിലേയും ഉപരിവിഭാഗം അവയുടെ വരുമാനത്തിന്റെ പകുതിയും തൊഴിലാളികൾ മുഴുവൻ വരുമാനവും ചിലവാക്കുന്നു എന്നും സങ്കൽപ്പിക്കുക.

S ൽ 100 യൂണിറ്റ് ഉത്പ്പാദനം പൂർണ്ണമായും നടക്കുകയാണെങ്കിൽ മൊത്തഉപഭോഗ ചോദനം 85 ആയിരിക്കും (30ന്റെ പകുതിയും 70ഉം). മൊത്ത ചോദനം (20 യൂണിറ്റ് നിക്ഷേപം ഉൾപ്പടെ) 105 ഉം. ഇതിൽനിന്ന് വ്യത്യസ്തമായി C യിലെ മൊത്തഉപഭോഗ ചോദനം 70ഉം (60ന്റെ പകുതിയും 40ഉം). മൊത്ത ചോദനം (20 യൂണിറ്റ് നിക്ഷേപം ഉൾപ്പെടെ) 90ഉം. മറ്റൊരു തരത്തിൽ പറയുകയാണെങ്കിൽ പൂർണ്ണ ശേഷിയിൽ 100 യൂണിറ്റ് ഉത്പ്പാദനം നടക്കുകയാണെങ്കിൽ S ൽ 5 ന്റെ അധിക ചോദനം സൃഷ്ടിക്കപ്പെടും C ലെ ചോദനത്തിൽ 10 ന്റെ ഇടിവാകും ഉണ്ടാകുക.

അതുകൊണ്ട് ചോദനത്തിലെ ഇടിവ് കാരണം മുതലാളിത്ത സമ്പദ്ഘടന മുഴുവൻ ശേഷിയിലും ഉത്പ്പാദനം നടത്തുകയില്ല. 66 2/3 യൂണിറ്റ് ഉത്പ്പാദനം മാത്രം നടത്തിയാലും വരുമാനത്തിന്റെ വിതരണത്തിൽ മാറ്റമുണ്ടാകാത്തതിനാൽ മുതലാളിമാർക്ക് അവരുടെ 40% പങ്ക് ലഭിക്കുമെന്നതിനാൽ അത്രമാത്രം ഉത്പ്പാദനമേ നടത്തൂ. വരുമാനത്തിലെ തൊഴിലാളികളുടെ പങ്ക് 26 2/3% ആയി കുറയും. ഈ സ്ഥിതിയിൽ മൊത്തം ഉപഭോഗം 46 2/3 ആയിരിക്കും (മുതലാളികളുടെ 40%ത്തിന്റെ പകുതിയും തൊഴിലാളികളുടെ 26 2/3 ഉം). ഇതും 20 യൂണിറ്റ് നിക്ഷേപവും ചേരുമ്പോൾ മൊത്തം ഉത്പ്പാദനമായ 66 2/3ന് തുല്യമാകും. ഇതിന്റെ ഫലമായി പൂർണ്ണ ശേഷിയിൽ ഉത്പ്പാദനം നടന്നാൽ ഉണ്ടാകുന്നതിന്റെ 66 2/3% തൊഴിലുകളെ സൃഷ്ടിക്കപ്പെടുകയുള്ളൂ. ചുരുക്കത്തിൽ ഇത് വലിയ തോതിലുള്ള തൊഴിലില്ലായ്മയിലേയ്ക്ക് ആയിരിക്കും നയിക്കുക. ഇത്തരം സമ്പദ്ഘടനയിൽ ആവശ്യ വസ്തുക്കളുടെ കൂടുതലിന്റെയോ കുറവിന്റെയോ ചോദ്യത്തിന് തന്നെ പ്രസക്തി ഇല്ലാത്തതിനാൽ ഉപഭോക്താക്കൾക്ക് ഏതു സുപ്പർമാർക്കറ്റിലും വരിയിൽ നിൽക്കാതെ കയറിച്ചെന്ന് ഇഷ്ടമുള്ളത് വാങ്ങുവാനാകും.



എന്നാൽ സോഷ്യലിസ്റ്റ് സമ്പദ്ഘടനയിൽ ആകട്ടെ 100 യൂണിറ്റിന്റെ ഉത്പ്പാദനം 5% അധിക ചോദനം ഉണ്ടാക്കുന്നതിനാൽ ഉത്പ്പാദനം പൂർണ്ണമായും നടക്കുന്നു. അത്തരം സമ്പദ്ഘടന 5% അധിക ചോദനത്തെ എങ്ങിനെ നേരിടും?. ഇതിനുള്ള എളുപ്പവഴി ചില ഉപഭോക്താക്കളുടെ വാങ്ങൽശേഷിയിൽ 5% ഇടിവുണ്ടാക്കുന്ന തരത്തിൽ അവരുടെ യാഥാർത്ഥ വേതനം ചുരുങ്ങുന്നതുവരെ വിലകൾ ഉയരുന്നതിന് അനുവദിക്കുക എന്നതാണ്. എന്നാൽ ഇങ്ങനെ ചെയ്യുകയാണെങ്കിൽ അത് തൊഴിലാളികളുടെ വരുമാനത്തിൽ അനുപാതമല്ലാത്ത വിധത്തിൽ

ഗണ്യമായൊരു വെട്ടിച്ചുരുക്കലിലേയ്ക്ക് ആയിരിയ്ക്കും നയിക്കുക. തൊഴിലാളികളുടെ കൈകളിൽ ഉപഭോഗ ചെലവുകൾക്കായി ഒട്ടും തന്നെ പണം മിച്ചമില്ലാത്ത അവസ്ഥയായിരിക്കും ഇത് കാരണം സൃഷ്ടിക്കപ്പെടുക. അതായത് 5%ത്തിന്റെ അധിക ചോദനത്തിന്റെ പ്രശ്നം പൂർണ്ണമായും തൊഴിലാളികളുടെ ചിലവിലായിരിക്കും പരിഹരിക്കപ്പെടുക. ഇതിനെ അപേക്ഷിച്ച് എല്ലാവരുടേയും ഉപഭോഗത്തിൽ ആനുപാതികമായ കുറവ് വരുത്തുന്നതായിരിക്കും അഭികാമ്യം. ഇതു തന്നെയാണ് വിലകളെ പഴയതുപോലെ തന്നെ നിലനിർത്തിക്കൊണ്ട് 5%ത്തിന്റെ അധിക ചോദനത്തെ കുറയ്ക്കുന്നതിന്റെ ഭാരം റേഷനിംഗ് സംവിധാനത്തിലൂടെ എല്ലാവരും കൂടുതൽ നീതിപൂർവ്വകമായി പങ്കിടുന്ന സാഹചര്യം ഒരുക്കിക്കൊണ്ട് സോഷ്യലിസ്റ്റ് സമ്പദ്ഘടനകൾ ചെയ്യത്. ഈ നീതി യുക്തമായ പങ്കിടലിന്റെ പ്രതീകമായിരുന്നു ആവശ്യ വസ്തുക്കൾ വാങ്ങുന്നതിനായുള്ള നീണ്ട വരികൾ.

സോഷ്യലിസ്റ്റ് സമ്പദ്ഘടനകളുടെ ഏതെങ്കിലും പോരായ്മകളുടെ അനന്തരഫലം ആയിരുന്നില്ല അവയുടെ ഭാഗമായിരുന്ന വരികൾ. മറിച്ച് അവ വരുമാനത്തിന്റെ വിതരണത്തിലുള്ള അസമത്വം കുറച്ചു കൊണ്ടുവരുന്നതിനായുള്ള ആ സംവിധാനത്തിന്റെ കരുതലിന്റെ പ്രതിഫലനം ആയിരുന്നു. രണ്ട് വ്യത്യസ്ഥരീതികളിൽ ആണ് അത് നിറവേറ്റപ്പെട്ടത്. ഒന്ന് അടിസ്ഥാനതലത്തിലെ വിതരണത്തിൽ താരതമ്യേന കൂടുതൽ തുല്യത ഉറപ്പാക്കിക്കൊണ്ട്. രണ്ട് ഏതെങ്കിലും കാരണത്താൽ അധിക ചോദനം ഉണ്ടാകുകയാണെങ്കിൽ വില വർദ്ധിപ്പിക്കുക എന്ന പിന്തിരിപ്പൻ നടപടിക്ക് മുതിരാതെ നിലവിലുള്ള വിലകളിൽ തന്നെ ഓരോരുത്തർക്കും വിതരണം ചെയ്യുന്ന വസ്തുക്കളുടെ അളവിൽ നിയന്ത്രണം ഏർപ്പെടുത്തുവാൻ പ്രതിബദ്ധത കാട്ടിക്കൊണ്ട് (Rationing), ഈ അളവ് നിയന്ത്രണത്തിന്റെ ഫലമായിരുന്നു വരികൾ.

തീർച്ചയായും അത്തരം ഒരു നയം സോഷ്യലിസ്റ്റ് സമ്പദ്ഘടനയിൽ നടപ്പിലാക്കുന്നതിന് വിശേഷാധികാരം ഉപയോഗിച്ച് (ഭരണകൂട/പാർട്ടി അധികാരികൾ) അപര്യാപ്തമായ വസ്തുക്കൾ കൈക്കലാക്കൽ, എല്ലാവർക്കും തുല്യമായ അളവിൽ വിതരണം (Rationing) എന്ന ത്വത്വത്തെ 'ആദ്യം വരുന്നവർ, ആദ്യം പരിഗണിക്കപ്പെടും' എന്ന ദുർലഭമായ വസ്തുക്കളെ ക്രമമില്ലാതെ വിതരണം ചെയ്യുന്നതിനു സമാനമായ ഫലമുണ്ടാക്കുന്ന ആശയം നടപ്പിലാക്കികൊണ്ട് ലംഘിക്കൽ, തുടങ്ങിയ നിരവധി പ്രശ്നങ്ങൾ നേരിടേണ്ടി വന്നിരുന്നു. എന്നാൽ ഇതൊന്നും തന്നെ സോഷ്യലിസ്റ്റ് സമ്പദ്ഘടനയിൽ ദൃശ്യമായിരുന്ന ആവശ്യ വസ്തുക്കളുടെ അപര്യാപ്തത വരുമാനത്തിന്റെ കൂടുതൽ സമത്വത്തോടുകൂടിയുള്ള വിതരണത്തിന്റെ അനന്തരഫലം ആയിരുന്നു എന്ന അടിസ്ഥാനപരമായ യാഥാർത്ഥ്യത്തെ നിരാകരിക്കുന്നില്ല. അതുപോലെതന്നെ മുതലാളിത്തത്തിൽ ദൃശ്യമാകുന്ന ആവശ്യ വസ്തുക്കളുടെ സുലഭ്യതയ്ക്ക് പിന്നിലെ പ്രധാന ഘടകം ഒരേസമയം തന്നെ ഈ വ്യവസ്ഥിതിയുടെ സ്വഭാവവിശേഷമായ തൊഴിലില്ലായ്മയുടെ കാരണവും അനന്തരഫലവും ആകുന്ന വലിയൊരു വിഭാഗം തൊഴിലാളികളുടെ വാങ്ങൽ ഷേശിക്കുറവാണ് എന്ന വസ്തുതയേയും അവഗണിക്കുവാൻ കഴിയുകയില്ല.

ഹംഗറിയിൽ ജനിച്ച വിഖ്യാതനായ ഒരു ധനതത്വശാസ്ത്രജ്ഞനാണ് Janos Kornai. അവിടെ നിലനിന്നിരുന്ന സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ വിമർശകൻ കൂടിയായ ഇദ്ദേഹം. പരമ്പരാഗത മുതലാളിത്തം ചോദനത്താലും പരമ്പരാഗത സോഷ്യലിസം വിഭവങ്ങളാലും തളയ്ക്കപ്പെട്ടിരിക്കുന്നു' എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ ലഭ്യമായ തൊഴിൽ ശക്തി ഉൾപ്പടെ എല്ലാ വിഭവങ്ങളും പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നു എന്നാണ് ഇതിലൂടെ അദ്ദേഹം ആർത്ഥമാക്കുന്നത്. ഈ പ്രതിഭാസത്തിന് കാരണമായി അദ്ദേഹം നൽകുന്ന വിശദീകരണം സോഷ്യലിസത്തിന് കീഴിൽ സ്ഥാപനങ്ങൾക്ക് സർക്കാർ സബ്സിഡി ഉറപ്പായതിനാൽ മൃദുവായ ബജറ്റ് തടസ്സങ്ങളെ മാത്രം നേരിടേണ്ടി വരുന്ന അവയ്ക്ക് ലാഭ നിരക്കിനേക്കുറിച്ച് ആവശ്യത്തിൽ അധികം കണിശമായ കണക്കുകൂട്ടലുകൾ നടത്താതെ നിക്ഷേപ പദ്ധതികൾക്കായി കൂടുതൽ ചിലവ് ചെയ്യുവാനാകുന്നു എന്നതാണ്. മുതലാളിത്തത്തിന്റെ കീഴിൽ സ്ഥാപനങ്ങൾ, കടുത്ത ബജറ്റ് തടസ്സങ്ങളെ നേരിടുന്ന സാഹചര്യം അവയെ വളരെ കരുതലോടെ മാത്രം നിക്ഷേപങ്ങൾ നടത്തുന്നതിന് പ്രേരിപ്പിക്കുന്നു.

ഇത് വസ്തുതാപരം ആയിരിക്കാമെങ്കിലും മുതലാളിത്തം ചോദനത്തിന്റെയും സോഷ്യലിസം വിഭവങ്ങളുടെയും പ്രശ്നങ്ങളെ നേരിടുന്നതിന്റെ പിന്നിൽ സോഷ്യലിസ്റ്റ് വ്യവസ്ഥയിൽ വരുമാനത്തിന്റെ വിതരണം കൂടുതൽ സമത്വാധിഷ്ഠിതമായാണ് നടക്കുന്നത് എന്ന നമ്മൾ ഊന്നിപ്പറഞ്ഞ ശക്തമായ മറ്റൊരു കാരണവും കൂടിയുണ്ട്. മറ്റൊരു രീതിയിൽ പറയുകയാണെങ്കിൽ ഏതൊരു സമ്പദ്ഘടനയിലേയും (കയറ്റുമതി ഒഴികെയുള്ള) മൊത്തം ചോദനത്തിന്റെ അളവ് ഉപഭോഗവും വരുമാനവും തമ്മിലുള്ള ശരാശരി

അനുപാതത്താൽ (അല്ലെങ്കിൽ കെയിൻസ് പറഞ്ഞിട്ടുള്ളതുപോലെ കൂടുതൽ ഉപഭോഗം നടത്താനുള്ള സമ്പദ്ഘടനയുടെ പ്രവണതയാൽ) നിർണ്ണയിക്കപ്പെടുന്ന നിക്ഷേപം, ഉപഭോഗം എന്നീ രണ്ട് ഘടകങ്ങളാലാണ് സ്വാധീനിക്കപ്പെടുന്നത്. എന്നാൽ മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള വ്യത്യാസവുമായി ബന്ധപ്പെട്ട് Kornai നൽകുന്ന വിശദീകരണം മേൽ സൂചിപ്പിച്ച രണ്ടാമത്തെ ഘടകത്തിനും (ഉപഭോഗം) വലിയ പ്രാധാന്യം ഉള്ളപ്പോഴും ആദ്യത്തെ ഘടകത്തെ (നിക്ഷേപം) മാത്രമാണ് പരാമർശിക്കുന്നത്. സോഷ്യലിസ്റ്റ് വ്യവസ്ഥയിലെ വരുമാനത്തിന്റെ വിതരണത്തിലുള്ള ഉയർന്ന സമത്വം വർദ്ധിച്ച ശരാശരി ഉപഭോഗ വരുമാന അനുപാതവും അതിലൂടെ നിക്ഷേപത്തിന്റെ അളവ് എത്ര തന്നെ ആയിരുന്നാലും മെച്ചപ്പെട്ട നിലയിലുള്ള മൊത്ത ചോദനവും സാധ്യമാക്കുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥകൾക്കുള്ള ഈ പ്രധാന സവിശേഷതയെ Kornai യുടെ പരിഗണണയിൽ വന്നില്ല.

സോവിയറ്റ് യൂണിയനിലും കിഴക്കൻ യൂറോപ്പിലും സോഷ്യലിസം തകർന്നത്തിനുശേഷം ഇപ്പോൾ ഇതെല്ലാം പറയുന്നതുകൊണ്ട് എന്താണ് ഗുണമെന്ന ചോദ്യം ഉയർന്നുവന്നേക്കാം. ഈ പരിശ്രമത്തിന്റെ ഒരു ഉദ്ദേശം അവയുടെ എല്ലാ പരിമിതികൾക്കിടയിലും സോഷ്യലിസ്റ്റ് സമ്പദ്ഘടനകൾക്ക് പിന്നിട്ട 200 വർഷ കാലഘട്ടത്തിൽ മറ്റേതൊരു സമ്പദ്ഘടനയിൽ നിന്നും വ്യത്യസ്തമായി ലഭ്യമായ തൊഴിൽശക്തിയെ മുഴുവനും കാര്യക്ഷമമായി വിനിയോഗിക്കുക എന്ന നേട്ടം (Full Employment)കൈവരിക്കുവാനായി എന്ന് നമ്മളെ തന്നെ ഓർമ്മിപ്പിക്കുക എന്നതാണ്.

മുതലാളിത്തത്തിന് അതിന്റെ സ്വഭാവം കൊണ്ടുതന്ന മുഴുവൻ തൊഴിൽ ശക്തിയെയും കാര്യക്ഷമമായി വിനിയോഗിക്കുവാനാകില്ല. എന്നാൽ വ്യത്യസ്ഥമായ ഘടനയും ചലനാത്മകതയും ഉണ്ടായിരുന്ന സോഷ്യലിസ്റ്റ് സമ്പദ്ഘടനകളിൽ അത് സാധ്യമായിരുന്നു. അത്തരം സമ്പദ്ഘടനകൾ നിലനിന്നിരുന്നു എന്ന് എല്ലായ്പ്പോഴും ഓർമ്മിക്കേണ്ടത് അനിവാര്യമാണ്.

മറ്റൊരു ഉദ്ദേശം മുതലാളിത്തവും സോഷ്യലിസവും തമ്മിലുള്ള തീഷ്ണമായ വ്യത്യാസം പരിമിതമായ തോതിലെങ്കിലും ഇൻഡ്യ പോലുള്ള മൂന്നാം ലോക രാജ്യങ്ങളിലെ സമ്പദ്ഘടനയിൽ ഇടപെടലുകൾ നടത്തുകയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്ന ഭരണകൂടങ്ങളും നവ ഉദാരവത്ക്കരണ ഭരണകൂടങ്ങളും തമ്മിലും ഉണ്ടായിരുന്നു എന്ന വസ്തുതയെ ശ്രദ്ധയിൽ കൊണ്ടുവരുക എന്നതാണ്. തീർച്ചയായും ഇവ എല്ലാവർക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിൽ വിജയിച്ച രാജ്യങ്ങളൊന്നുമല്ല. എങ്കിലും സമ്പദ്ഘടനയിൽ ഇടപെട്ടുകൊണ്ട് ഭരണനിർവ്വഹണം നടത്തിയിരുന്ന ഇവിടങ്ങളിലെ സർക്കാരുകൾക്ക് കീഴിൽ കൂടുതൽ സമത്വത്തോടുകൂടിയ വരുമാനത്തിന്റെ വിതരണം നടന്നിരുന്നു. ഇതിന്റെ ഫലമായി ഈ ഭരണകൂടങ്ങൾക്ക് അധിക മൊത്ത ചോദനത്തെ നേരിടേണ്ടി വരികയും ആ രാജ്യങ്ങളിൽ വിവിധ ആവശ്യ വസ്തുക്കളുടെ വിതരണത്തിൽ നിയന്ത്രണങ്ങൾ (Rationing) കൊണ്ടുവരേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തു. ഇത് തൊഴിലാളികളുടെ വാങ്ങൽ ശേഷിയിൽ വലിയ ഇടിവ് വരുത്തുന്ന രീതിയിൽ വരുമാനത്തിലെ അസമത്വത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കുകയും അതിനോടൊപ്പം തന്നെ സൂപ്പർ മാർക്കറ്റുകളിലെ അതിസമ്പന്നരുടെ തിരക്കിനെ സമൃദ്ധിയായി തെറ്റിദ്ധരിപ്പിക്കുകയും ചെയ്യുന്ന ഈ രാജ്യങ്ങളിലെ നവ ഉദാരവത്ക്കരണ കാലഘട്ടത്തിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു.

1982ൽ, അതായത് നവ ഉദാരവത്ക്കരണം പലരും കരുതുന്നതുപോലെ 1985ൽ ആരംഭിക്കുന്നതിന് മുൻപ്, വെറും 6% ആയിരുന്ന ഇൻഡ്യയിലെ ജനസംഖ്യയിലെ മുകൾത്തട്ടിലെ 1%ത്തിന്റെ ദേശീയ വരുമാനത്തിലെ പങ്ക് 2013ൽ, ഏകദേശം ഒരു നൂറ്റാണ്ടിലെ തന്നെ ഏറ്റവും വലിയ നിരക്കായ 22% ആയി ഉയർന്നു എന്നാണ് പ്രശസ്ത ധനതത്വ ശാസ്ത്രജ്ഞരായ Chancelഉം Pikkettyയും ചൂണ്ടിക്കാട്ടുന്നത്. അതുകൊണ്ട് നവ ഉദാരവത്ക്കരണ ക്രമത്തിൽ വിലക്കയറ്റത്തിന്റെ കാരണം പൊതുവിൽ ചോദനത്തിലെ വർദ്ധനവല്ല മറിച്ച് മുതലാളിമാരുടെ സമ്പത്തിലും ലാഭത്തിലും നിന്ന് നികുതി ഈടാക്കാതെ സർക്കാരുകൾ സാധാരണക്കാർ ഉപയോഗിക്കുന്ന ആവശ്യ വസ്തുക്കളുടെ നികുതി ഉയർത്തുന്നതാണ് എന്ന് കാണുവാനാകും.

ഇങ്ങനെ സൃഷ്ടിക്കപ്പെടുന്ന വിലക്കയറ്റത്തെ പിന്നീട് ചിലവ് ചുരുക്കൽ അടിച്ചേൽപ്പിച്ചുകൊണ്ടാണ് (അധിക ചോദനമാണ് വിലക്കയറ്റത്തിന് കാരണമെന്ന പ്രതീതി ജനിപ്പിച്ചുകൊണ്ട്) നിയന്ത്രിക്കുന്നത്. ഇത് വിലക്കയറ്റം കുറയുന്നതിന് സഹായിക്കില്ല എന്നു മാത്രമല്ല തൊഴിലില്ലായ്മ രൂക്ഷമാകുന്നതിലേയ്ക്ക് നയിക്കുകയും ചെയ്യും. കേന്ദ്ര സർക്കാർ ഇപ്പോൾ ഇത്തരം ബുദ്ധിരഹിതമായ സമീപനമാണ് പിന്തുടരുന്നത്.

# ലേബർ കോഡുകൾ തൊഴിലാളികളുടെ അവകാശം ഹനിക്കുന്നത്



■ സ. പി.നന്ദകുമാർ






■ സ. ശിവൻകുട്ടി

നിയമസഭയിലെ പി.നന്ദകുമാറിന്റെ ചോദ്യവും, തൊഴിൽവകുപ്പു മന്ത്രി സ.ശിവൻകുട്ടിയുടെ മറുപടിയും

**ചോദ്യം :**

ലേബർ കോഡുകൾ വഴി കേന്ദ്രസർക്കാർ തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്ത് തൊഴിലാളികളുടെ അവകാശം ഹനിച്ചത് തിരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണം.

**ഉത്തരം :**

ഡ്യൂയിംഗ് ബിസ്സിനസ്സ് ഈസി (Doing Business Easy) എന്ന കേന്ദ്രസർക്കാർ നയത്തിന്റെ അടിസ്ഥാനത്തിലാണ് 29 തൊഴിൽ നിയമങ്ങൾ ഏകീകരിച്ച് 4 നിയമങ്ങളായി ക്രോഡീകരിച്ചത്. വിവിധ കോഡുകളും അതിൽ ഉൾപ്പെടുന്ന നിലവിലെ തൊഴിൽ നിയമങ്ങളും ചുവടെ ചേർക്കുന്നു.

1. ദി കോഡ് ഓൺ വേജസ് 2019
2. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ് 2020
3. ദി കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി 2020
4. ദി ഒക്കുപേഷണൽ സേഫ്റ്റി ഹെൽത്ത് & വർക്കിംഗ് കണ്ടീഷൻ കോഡ് 2020

ഇതിൽ കോഡ് ഓൺ വേജസിൽ വേജുമായി ബന്ധപ്പെട്ടും ബോണസുമായി ബന്ധപ്പെട്ടുമുള്ള 4 ആക്ടുകൾ ക്രോഡീകരിച്ചിട്ടുണ്ട്. ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിൽ ട്രേഡ് യൂണിയൻ, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ടുകൾ ഉൾപ്പെടെ 3 ആക്ടുകളും, കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റിയിൽ എംപ്ലോയീസ് കോമ്പൻസേഷൻ ആക്ട്, അൺ ഓർഗനൈസ്ഡ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ആക്ട് ഉൾപ്പെടെ 9 ആക്ടുകളും ക്രോഡീകരിച്ചിട്ടുണ്ട്. ദി ഒക്കുപേഷണൽ സേഫ്റ്റി ഹെൽത്ത് & വർക്കിംഗ് കണ്ടിഷൻസ് കോഡിൽ ഫാക്ടറീസ് ആക്ട്, മൈൻ ആക്ട് ഉൾപ്പെടെ 13 ആക്ടുകളുമാണ് ക്രോഡീകരിച്ചിട്ടുള്ളത്.

മേൽ സൂചിപ്പിച്ച കോഡുകൾക്ക് വിവിധ ഘട്ടങ്ങളിലെ ചർച്ചകളിൽ കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാർ ക്ഷണിക്കുകയും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ആവശ്യപ്പെടുകയും കേരള സർക്കാർ ടി ചർച്ചകളിൽ പങ്കെടുക്കുകയും സംസ്ഥാനത്തിലെ തൊഴിലാളികളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 4 കോഡുകളും കേന്ദ്ര സർക്കാർ പാസാക്കിയെങ്കിലും നടപ്പിൽ വരുത്തുന്നതിന് കേന്ദ്ര സർക്കാർ പ്രത്യേക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്. ആയതിന് ശേഷമേ കോഡുകൾ പൂർണ്ണരൂപത്തിൽ പ്രാബല്യത്തിൽ വരികയുള്ളൂ. കേന്ദ്ര സർക്കാർ പാസാക്കിയ കോഡുകൾ പൂർണമായും പ്രാബല്യത്തിൽ വരാത്തതിനാൽ സംസ്ഥാന സർക്കാർ ഭേദഗതികൾ ഒന്നും കൊണ്ടുവന്നിട്ടില്ല. ടി നിയമങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും യഥാസമയം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

തൊഴിൽ, ഭരണഘടനയിലെ കൺകറന്റ് ലിസ്റ്റിൽപ്പെട്ടതാണ്. സംസ്ഥാനങ്ങളുടെ അഭിപ്രായം ഒട്ടും പരിഗണിക്കാതെ കേന്ദ്രം നിയമം ഉണ്ടാക്കിയതിൽ കേരളം ഉൾപ്പെടെയുള്ള ഏതാനും സംസ്ഥാന സർക്കാരുകൾ ഉന്നയിച്ച എതിർപ്പുകൾ പരിഗണിക്കപ്പെട്ടില്ലാ എന്നത് ഖേദകരമാണ്. അന്താരാഷ്ട്ര തൊഴിലാളി സംഘടന ((I.L.O) അംഗീകരിച്ച പ്രമാണങ്ങളുടെ അന്തസത്തക്ക് നിരക്കാത്ത വ്യവസ്ഥകളും പുതിയ കോഡുകളിലുണ്ട്. I.L.O യുടെ സ്ഥാപക അംഗമായ ഇന്ത്യ. ഇന്ത്യാ ഗവൺമെന്റ് ഇത്തരമൊരു നിലപാട് സ്വീകരിച്ചത് തൊഴിലുടമകളുടെ താൽപര്യം മാത്രം മുൻനിർത്തിയാണ്.

സംസ്ഥാനത്തെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിലാളി വിരുദ്ധ നയങ്ങൾ സംസ്ഥാനത്ത് നടപ്പാക്കുന്നതല്ലെന്ന് നേരത്തെ തന്നെ എൽ.ഡി.എഫ്. സർക്കാർ വ്യക്തമാക്കിയതാണ്. കോഡുകൾക്ക് കേന്ദ്ര റൂൾസ് ഇതുവരെ വിജ്ഞാപനം ചെയ്തിട്ടില്ല. സംസ്ഥാന റൂൾസ് തയാറാക്കാൻ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അവസാന രൂപം നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട എല്ലാവരുമായും കൂടിയാലോചന നടത്തും. തൊഴിലാളി താൽപര്യം സംരക്ഷിക്കുന്നതിനോടൊപ്പം ആരോഗ്യകരമായ തൊഴിൽ ബന്ധം നിലനിർത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

# ആശ വർക്കർമാർക്ക് ന്യായമായ പ്രതിഫലം ഉറപ്പാക്കുക


ടി പി രാമകൃഷ്ണൻ

കേരളത്തിൽ ആശാപദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നു. കേരളത്തിൽ അംഗീകൃത സാമൂഹ്യ ആരോഗ്യ പ്രവർത്തകരായി സംസ്ഥാനത്തുടനീളം ആശാപ്രവർത്തകരെ തിരഞ്ഞെടുക്കുകയും വിവിധ ഘട്ടങ്ങളിലായി പരിശീലനം നൽകി വരികയും ചെയ്യുന്നു. എട്ടു ഘട്ടങ്ങളിലായി (8 മൊഡ്യൂൾ) 40 ദിവസത്തെ പരിശീലനം ഇതിനോടകം ആശാ പ്രവർത്തകർക്ക് നൽകി കഴിഞ്ഞു. 14 ജില്ലകളിലായി നിലവിൽ 21,782 പേർ ഗ്രാമ പ്രദേശങ്ങളിലും 4,104 പേർ നഗര പ്രദേശങ്ങളിലും 476 പേർ ട്രൈബൽ മേഖലയിലുമായി ആകെ 26,362 പേർ ആശ പ്രവർത്തകരായി പ്രവർത്തിച്ചു. വരുന്നു.

ആരോഗ്യ മേഖലയിൽ ആശാപ്രവർത്തകർ വിലപ്പെട്ട സേവനമാണ് നടത്തി വരുന്നത്. പ്രത്യേകിച്ചും കോവിഡ് മഹാമാരി കാലത്ത് ഇവർ നടത്തിയ ത്യാഗപൂർണ്ണമായ സേവനം വളരെ വലുതും എല്ലാവരാലും അംഗീകരിക്കപ്പെട്ടതും ശ്ലാഘനീയവുമാണ്. 2016-17 ൽ 1500 രൂപ ആയിരുന്ന ആശമാരുടെ പ്രതിമാസ ഹോണറേറിയം വർഷം തോറും വർദ്ധനവ് വരുത്തി 2021 ഏപ്രിൽ മുതൽ പ്രതിമാസം 6000 രൂപയായി വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്.

ആശപ്രവർത്തകർക്ക് സ്ഥിരമായി വേതനം നൽകുന്നില്ല. മറിച്ച് സംസ്ഥാന സർക്കാർ നൽകുന്ന 6000 രൂപ പ്രതിമാസ ഹോണറേറിയവും, വിവിധ പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഇൻസെന്റീവുകളും കേന്ദ്ര സർക്കാർ നൽകുന്ന 2000 രൂപ പ്രതിമാസ നിശ്ചിത ഇൻസെന്റീവുമാണ് ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശ പ്രകാരമാണ് 2000 രൂപ ഇൻസെന്റീവ് അനുവദിക്കുന്നത്.

ഇത് കൂടാതെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് മാസം തോറും 1000 രൂപ കോവിഡ് ഇൻസെന്റീവായും 2020 ഫെബ്രുവരി മുതൽ സംസ്ഥാന സർക്കാർ നൽകി വരുന്നുണ്ട്.

കോവിഡ് നിയന്ത്രണ പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങുന്ന എല്ലാ ആശമാർക്കും ആവശ്യമായ മാസ്കുകളും സാനിറ്റയ്സറുകളും കയ്യുറകളും അതാത് ആശുപത്രികളിൽ നിന്നും നൽകി വരുന്നു. ആശ പ്രവർത്തകർ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ വ്യാപൃതരായതിനാൽ 2020 മാർച്ച് മുതൽ മാനദണ്ഡങ്ങൾ നോക്കാതെ എല്ലാവർക്കും ഹോണറേറിയവും ഇൻസെന്റീവും നൽകി വരുന്നുണ്ട്. കൂടാതെ ആശമാർക്ക് ചെയ്യുന്ന ജോലിക്കനുസരിച്ച് വിവിധ പദ്ധതികളിൽ നിന്നുള്ള ഇൻസെന്റീവുകളും ലഭിക്കുന്നുണ്ട്.

2015 ജൂലൈ മുതൽ ആശാ പ്രവർത്തകർക്ക് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് മുഖേന ആശാകിരണം, ആശ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിവരുന്നു. ആരോഗ്യ രംഗത്ത് സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തുന്ന ആശ പ്രവർത്തകർക്ക് കേന്ദ്ര സർക്കാരിന്റെ ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചു നൽകുന്നതിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം സർക്കാർ ഗൗരവമായി പരിശോധിക്കുന്നതാണ്.

**(സിഐടിയു സംസ്ഥാന സെക്രട്ടറിയും എം.എൽ.എയുമായ സ.ടി.പി.രാമകൃഷ്ണൻ നിയമസഭയിൽ ഉന്നയിച്ച ശ്രദ്ധ ക്ഷണിക്കലിന് ആരോഗ്യമന്ത്രി വീണാ ജോർജ്ജ് നൽകിയ മറുപടി)**



# പെഗാസസ് പൗരന്റെ അവകാശത്തിന്മേലുള്ള കടന്ന് കടയറ്റം

ലോകമാകെ സൈബർ നിരീക്ഷണ വലയം ഒരുക്കാൻ ശേഷിയുള്ള, ഇസ്രായേൽ സ്ഥാപനമായ എൻ.എസ്.ഒ യിൽ നിന്ന്, ഇന്ത്യാ ഗവൺമെന്റ് പെഗാസെസ് സ്പൈവെയർ (രഹസ്യം ചോർത്താൻ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ) വാങ്ങുകയും, രാജ്യത്താകെ ഉപയോഗിക്കുകയും ചെയ്തു എന്ന വാർത്ത, സംഭ്രമത്തോടെയാണ് ജനങ്ങൾ ശ്രവിച്ചത്. സർക്കാരുകൾക്ക് മാത്രമെ പെഗാസസ് സാങ്കേതിക വിദ്യ കൈമാറൂ എന്നാണ്. എൻ.എസ്.ഒ അർത്ഥ ശങ്കക്കിടമില്ലാതെ വ്യക്തമാക്കിയത്. രാജ്യത്തെ അനേകം വ്യക്തികളുടെ സ്മാർട്ട് ഫോണിൽ നുഴഞ്ഞ് കയറി അവരുടെ രഹസ്യങ്ങൾ ചോർത്തി എന്ന ഞെട്ടിപ്പിക്കുന്ന വിവരമാണ് ഇതിനകം പുറത്ത് വന്നത്. പ്രതിപക്ഷ പാർട്ടി നേതാക്കൾ, മനുഷ്യവകാശ പ്രവർത്തകർ, കേന്ദ്രമന്ത്രിമാർ, സുപ്രീം കോടതി ജഡ്ജിമാർ തുടങ്ങി ഒട്ടേറെ പേരുടെ രഹസ്യങ്ങൾ ചോർത്തി എന്ന വിവരമാണ്, മാധ്യമങ്ങൾ പുറത്തു വിട്ടത്. ലോകമാകെ, വിവിധ രാജ്യങ്ങളിലെ 50,000 ത്തിലധികം പേരുടെ വിവരം ചോർത്തൽ നടന്നതായിട്ടാണ് ഇതിനകം പുറത്ത് വന്ന വിവരം. ഇന്ത്യ, റുവാണ്ട, മൊറോക്കോ, സൗദി അറേബ്യ, യു.എ.ഇ, മെക്സിക്കോ തുടങ്ങിയ രാജ്യങ്ങൾ, ഈ ചാര സാങ്കേതിക വിദ്യ, ഇസ്രായേൽ സ്ഥാപനത്തിൽ നിന്ന് വാങ്ങിയതായ വിവരം പുറത്ത് വന്നിട്ടുണ്ട്.

പുറത്ത് വന്നറിപ്പോർട്ടുകളനുസരിച്ച് ഇന്ത്യയിൽ മാധ്യമ പ്രവർത്തകർ, പ്രതിപക്ഷ രാഷ്ട്രീയ പാർട്ടി നേതാക്കൾ, സർക്കാരുദ്യോഗസ്ഥന്മാർ, വ്യവസായ പ്രമുഖർ തുടങ്ങിയവരുടെയെല്ലാം രഹസ്യങ്ങൾ ചോർത്തിയിട്ടുണ്ട്. 40 ലധികം പത്രപ്രവർത്തകരുടെ രഹസ്യങ്ങൾ ചോർത്തപ്പെട്ടതായാണ് ഇന്ത്യൻ മാധ്യമങ്ങൾ പുറത്ത് വിട്ടിരിക്കുന്നത്.



എളമരം കരീം എം.പി

ഇസ്രായേൽ സ്ഥാപനമായ എൻ.എസ്.ഒയുമായി യാതൊരു ഇടപാടുമില്ലെന്ന്, കേന്ദ്ര സർക്കാർ അസന്നിദ്ധമായി, ഇത് വരെ പറഞ്ഞിട്ടില്ല. അനധികൃതമായ രീതിയിൽ വിവരം ചോർത്തൽ നടത്തിയിട്ടില്ലെന്ന് മാത്രമാണ് സർക്കാർ പറഞ്ഞത്. ഇതിൽ നിന്ന് വ്യക്തമാക്കുന്നത്, ഇന്ത്യൻ പൗരന്മാരുടെ രഹസ്യങ്ങൾ ചോർത്താൻ, എൻ.എസ്.ഒയുമായി ഇന്ത്യാ ഗവൺമെന്റ് ഇടപാടുകൾ ഉണ്ടാക്കിയിട്ടുണ്ട് എന്നാണ്. ഈ ഇടപാടിന്റെ വിശദാംശങ്ങൾ, എന്താണ് വ്യവസ്ഥകൾ, എത്രപണം ഇതിനായി ചെലവഴിച്ചു എന്നീ കാര്യങ്ങൾ, കേന്ദ്ര സർക്കാർ പുറത്ത് വിടണമെന്ന്, സി.പി.ഐ (എം) ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ ആവശ്യപ്പെട്ടു.

മനുഷ്യാവകാശ പ്രവർത്തകരുടെ സ്മാർട്ട് ഫോണുകളും, കമ്പ്യൂട്ടറുകളും ചാരപ്പണി ഉപയോഗിച്ച് ചോർത്തിയതായും കൃത്രിമം നട

ത്തിയതായുമുള്ള വിവരങ്ങൾ നേരത്തെ പുറത്ത് വന്നിട്ടുണ്ട്. ഭീമാകൊറെഗോൺ കേസിലെ പ്രതികളായ ചിലരുടെ കമ്പ്യൂട്ടറുകളിൽ ചാര സോഫ്റ്റ് വെയർ ഉപയോഗിച്ച്, പോലീസിന് വേണ്ടത് കയറ്റുകയാണ് നേരത്തെ ചെയ്തത്. അതിനെ തുടർന്ന്, അവരെയെല്ലാം ഭീകരരായി ചിത്രീകരിച്ചു, യുഎ.പിഎ നിയമപ്രകാരം കുറ്റം ചുമത്തി ജയിലടച്ചു. ആദിവാസികൾക്കിടയിൽ, ജീവകാരുണ്യ പ്രവർത്തനം നടത്തിവന്നിരുന്ന ഫാ. സ്റ്റാൻ സ്വാമിയുടെ താമസസ്ഥലത്ത് നിന്ന് പിടിച്ചെടുത്ത ലാപ് ടോപ്പിൽ, ചാര സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കൃത്രിമം നടത്തിയാണ്, കള്ളതെളിവുകൾ സൃഷ്ടിച്ച്, അദ്ദേഹത്തെ ജയിലിലടച്ചത്. ജയിൽ വാസത്തിനിടയിൽ, വൃദ്ധനായ ഒരു പുരോഹിതൻ അന്ത്യശ്വാസം വലിച്ചു.

മുൻ സി.ബി.ഐ ചീഫ്, മുൻ തെരഞ്ഞെടുപ്പ് കമ്മീഷൻ, രാഷ്ട്രീയ നേതാക്കൾ, മാധ്യമ പ്രവർത്തകർ, ന്യായാധിപന്മാർ, എന്നിവരുടെ വ്യക്തി രഹസ്യങ്ങൾ ചോർത്തിയെടുക്കാൻ, പെഗാസസ് എന്ന ചാര സോഫ്റ്റ് വെയർ ഉപയോഗിച്ചുണ്ടോ എന്ന്, കേന്ദ്ര സർക്കാർ വ്യക്തമാക്കണം. ഇത് പൗരന്റെ സ്വകാര്യത സംരക്ഷിക്കൽ എന്ന മൗലികാവകാശത്തിന്മേലുള്ള കടന്ന് കയറ്റം മാത്രമല്ല, ഭരണഘടനാ ബാദ്ധ്യത നിർവഹിക്കുന്നവരുടെ അവകാശങ്ങളിന്മേലുള്ള കടന്ന് കയറ്റം കൂടിയാണ്. ജനാധിപത്യ വ്യവസ്ഥയെയും, ജനാധിപത്യസ്ഥാപനങ്ങളെയും തകർക്കുന്ന നടപടിയാണിത്.

പെഗാസെസ് ചാര സോഫ്റ്റ്‌വെയർ ഉപയോഗിച്ചു എന്ന ആരോപണം ഉയർന്ന് വന്ന ഫ്രാൻസിൽ, സർക്കാർ ഉടൻ അന്വേഷണം പ്രഖ്യാപിച്ചു. എൻ.എസ്.ഒ എന്ന ഇസ്രായേൽ സ്ഥാപനം, നിയമ വിരുദ്ധമായി പ്രവർത്തിച്ചോ എന്ന് അന്വേഷണം നടത്താൻ ഇസ്രായേൽ സർക്കാർ ഉത്തരവിട്ടു. സ്വന്തം രാജ്യങ്ങളിലെ പൗരന്മാരുടെ അവകാശങ്ങളിൽ അവർക്കുള്ള ജാഗ്രത, ബി.ജെ.പി സർക്കാരിനില്ല. എല്ലാ രംഗത്തും ജനാധിപത്യം തകർക്കുന്നത് പോലെ, പൗരന്മാരുടെ വ്യക്തിഗതമായ മൗലികാവകാശത്തിന്മേലും കേന്ദ്ര സർക്കാർ കുതിര കയറുകയാണ്.

രാജ്യരക്ഷയെ ബാധിക്കുന്ന ഈ ഗൗരവതരമായ പ്രശ്നം, പാർലമെന്റിന്റെ ഇരുസഭകളിലും ചർച്ച ചെയ്യണമെന്നും, പ്രധാനമന്ത്രിയോ ആഭ്യന്തരമന്ത്രിയോ ചർച്ചക്ക് മറുപടി പറയണമെന്നും, പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ പ്രതിപക്ഷം ആവശ്യപ്പെട്ടു. ഈ ആവശ്യം സർക്കാർ അംഗീകരിക്കാതിനെ തുടർന്നാണ്, പാർലമെന്റിന്റെ വർഷകാല സമ്മേളനം ബഹളത്തിൽ കലാശിച്ചത്. വിവരം ചോർത്തൽ സംബന്ധിച്ചും, പെഗാസെസ് ചാര സോഫ്റ്റ് വെയർ ഇന്ത്യ വാങ്ങിയത് സംബന്ധിച്ചും സുപ്രീം കോടതി മേൽ നോട്ടത്തിൽ അന്വേഷണം വേണമെന്നാണ് സി.പി.ഐ (എം) ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ആവശ്യം ഉന്നയിച്ചുകൊണ്ട് സി.പി.ഐ (എം) എം.പി.ജോൺബ്രിട്ടാസ്, ഉന്നത മാധ്യമ പ്രവർത്തകർ ഉൾപ്പെടെയുള്ളവർ സുപ്രീം കോടതിയിയെ സമീപിച്ചിട്ടുണ്ട്.




തൊഴിലാളികളുടെ പണിമുടക്കവകാശവും, മതന്യൂനപക്ഷദളിത് വിഭാഗം ജനതയുടെ പൗരാവകാശങ്ങളും, ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളും തകർക്കുന്ന ബി.ജെ.പിസർക്കാർ, അവർക്ക് സംശയമുള്ള ഏത് പൗരന്റെ രഹസ്യങ്ങൾ ചോർത്തിയെടുക്കുമെന്നത്, ഇന്ത്യ ഇന്ന് നേരിടുന്ന ഭീകരമായ അവസ്ഥയാണ്. എല്ലാ പ്രയാസങ്ങൾക്കും നടുവിൽ, ഒരു വ്യക്തിയുടെ സ്വകാര്യത പോലും നഷ്ടപ്പെടുന്നു എന്ന അവസ്ഥയാണ് സംജാതമായിരിക്കുന്നത്. എന്ത് കൊണ്ടാണ് പെഗാസസ് സംബന്ധിച്ച് പുറത്ത് വന്ന കാര്യങ്ങളെക്കുറിച്ച്, അനേഷണം നടത്താൻ മോഡി സർക്കാർ ഭയപ്പെടുന്നത്? രഹസ്യം ചോർത്തലിലുള്ള സർക്കാരിന്റെ പങ്ക് പുറത്ത് വരുമെന്നവർ ഭയപ്പെടുന്നു. ഒരാളുടെ ഫോൺ ചോർത്താൻ, 6 കോടിയിലേറെ രൂപ ചെലവ് വരുന്ന പെഗാസസ് സോഫ്റ്റ് വെയർ, കേന്ദ്രസർക്കാരല്ലാതെ, ഇന്ത്യയിൽ മറ്റാരാണ് വാങ്ങാൻ തയ്യാറാവുക?

പെഗാസസ് എന്ന വാക്ക് പോലും പാർലമെന്റിൽ ഉച്ചരിക്കുന്നത്, സർക്കാർ ഭയപ്പെട്ടു. പ്രധാനമന്ത്രിയോ, ആഭ്യന്തരമന്ത്രിയോ ഈ കാര്യത്തിൽ ഇന്നേവരെ ഒരക്ഷരം പറഞ്ഞില്ല. പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പെഗാസസ് വിഷയം ചർച്ച ചെയ്യാൻ, ബി.ജെ.പിയുടെ എം.പിമാർ അനുവദിച്ചില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ ബന്ധപ്പെട്ട സർക്കാർ ഉദ്യോഗസ്ഥന്മാർ പങ്കെടുത്തില്ല. ജനാധിപത്യ വ്യവസ്ഥയെ ഒട്ടും ബഹുമാനിക്കാതെ, ബി.ജെ.പി സർക്കാരിന്റെ പോക്ക്, പൗരാവകാശങ്ങൾ ചവിട്ടിമെതിക്കപ്പെടുന്ന അവസ്ഥയിലേക്കാണ്.

# കേന്ദ്ര സർക്കാരിന്റെ പൊതുമേഖലാ നയങ്ങൾ




■ എം.പി.സുകുമാരൻ നായർ

1947ൽ നമ്മുടെ രാജ്യം സ്വാതന്ത്ര്യം നേടിയതിനെ തുടർന്ന് 1948 ലാണ് വ്യാവസായികമായി മുന്നേറ്റം ലക്ഷ്യമിട്ട് ആദ്യമായൊരു വികസന നയം കേന്ദ്രസർക്കാർ ആവിഷ്കരിച്ചത്. ഒരു പരമാധികാര റിപ്പബ്ലിക് ആയതിനുശേഷം 1951ൽ പ്രസ്തുത നയം കൂടുതൽ വിപുലമാക്കുകയുണ്ടായി. ഇതുവഴി പൊതുമേഖലയിൽ സർക്കാർ മേൽനോട്ടത്തിൽ മുതൽ മുടക്കിയുള്ള വ്യവസായ വികസനവും തന്ത്ര പ്രധാനമായ മേഖലകളിൽ ലൈസെൻസിംഗ് വഴിയുള്ള നിയന്ത്രണവും വ്യവസായ വികസനത്തിന്റെ അടിസ്ഥാന ഘടകങ്ങളായി. അക്കാലത്ത് ഇന്ത്യയിലെ സ്വകാര്യ മേഖല വൻതോതിലുള്ള വ്യാവസായിക മുതൽമുടക്കിനു സജ്ജമല്ലായിരുന്നു. പൊതുമേഖലാ സംരംഭങ്ങളിലൂടെ പശ്ചാത്തല വികസനം ഉൾപ്പെടെ വൻകിട വ്യവസായങ്ങൾക്കാവശ്യമായ മുതൽ മു ടക്കുന്നതിനും അതുവഴി അവയെ സമ്പദ് വ്യവസ്ഥയുടെ അത്യുന്നതങ്ങളിൽ എത്തിക്കുവാനുമാണ് നെഹ്രുവിയൻ വ്യവസായനയം ഊന്നൽ നൽകിയത്. 1955 60 കാലഘട്ടത്തിലെ രണ്ടാം പഞ്ചവത്സര പദ്ധതിയിൽ വ്യവസായ വികസനത്തിനു കാതലായ പ്രാധാന്യം നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി വിഭാവനം ചെയ്ത വികസന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനായി 1956 ൽ നിലവിലുണ്ടായിരുന്ന വ്യവസാസായ നയം ഏതാണ്ട് പൂർണമായും പൊളിച്ചെഴുതുകയുണ്ടായി. നമ്മുടെ രാജ്യത്തെ വ്യവസായ വികസനത്തിന്റെ ചരിത്രത്തിൽ സുപ്രധാനമായ ഒരു നാഴികക്കല്ലാണ് 1956 ലെ വ്യവസായ നയം.

1977 ൽ അടിയന്തിരാവസ്ഥയ്ക്ക് ശേഷം നിലവിൽ വന്ന ജനതാ സർക്കാർ സൂഷ്മ , കുടിൽ ചെറുകിട വ്യവസായങ്ങൾക്ക് കാര്യമായ പ്രോത്സാഹനം നൽകുന്ന നയ സമീപനമാണ് സ്വീകരിച്ചത്. അടിസ്ഥാന വ്യവസായങ്ങൾ, മൂലധന വ്യവസായങ്ങൾ , ഉയർന്ന സാങ്കേതിക വിദ്യ ആവശ്യമുള്ളവ , മുൻപ് കേന്ദ്ര സർക്കാരിനായി സംവരണം ചെയ്യപ്പെട്ടവ എന്നിവയൊഴിച്ചു മറ്റെല്ലാം ചെറുകിടമേഖലക്കായി നീക്കി വച്ചു. 1980 ൽ പൊതുമേഖലയുടെ കാര്യ ശേഷി വർധിപ്പിക്കാനും MRTP , FERA എന്നി നിയമങ്ങൾ വഴി കുത്തകവത്ക്കരണം തടയാനും തൊഴിലാളികളെ വ്യവസായനടത്തിപ്പിൽ ബോർഡുതലം വരെ ഭാഗവാക്കാകാനും പ്രത്യേക നിർദേശങ്ങളുണ്ടായി.

1984 ൽ ഏഴാം പഞ്ചവത്സര പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്ന അവസരത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി പദ്ധതിക്കാവശ്യമായ ധനസമാഹരണം നടത്തുന്നതിനു വേണ്ടിയുള്ള ശ്രമങ്ങളുടെ ഭാഗമായി സ്ഥാപനങ്ങളെക്കുറിച്ച് പഠിച്ചു നിർദേശങ്ങൾ സമർപ്പിക്കുന്നതിന് സാമ്പത്തിക വിദഗ്ധനും അന്ന് പ്രധാനമന്ത്രിയുടെ സ്പെഷ്യൽസെക്രട്ടറിയുമായിരുന്ന ശ്രീ അർജുൻ സെൻഗുപ്തയെ ചുമതലപ്പെടുത്തു കയുണ്ടായി. തൽപ്രരായ പൊ

തുജനങ്ങൾക്കു അഭിപ്രായം പറയാൻ അവസരം നൽകാതെയും.പാർലമെന്റിൽ ചർച്ച ചെയ്യാതെയും സർക്കാർ പ്രസ്തുത റിപ്പോർട്ട് അംഗീകരിച്ചത് അന്ന് വളരെ വിവാദമായിരുന്നു. പൊതുമേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ഒന്നും അതിന്റെ കാതലായ അർത്ഥത്തിൽ സമീപിക്കാൻ സെൻഗുപ്തക്കായില്ല.

**പൊതുമേഖല 1990 നു ശേഷം**

ലോകമെമ്പാടും അലയടിച്ച ആഗോളവൽക്കരണത്തിന്റെയും ഉദാരവത്കരണ ത്തിന്റെയും കാറ്റ് 1990 കളുടെ ആദ്യത്തോടെ ഇന്ത്യയിലും എത്തിച്ചേർന്നു . സാർവ്വത്രികമായ വികസന മുരടിപ്പ് മൂലം തകർച്ചയെ നേരിടുന്ന സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കാനായി പുതിയ വികസന കാഴ്ചപ്പാടുകൾ വേണമെന്ന ആശയം പൊതുവേ അംഗീകരിക്കപ്പെടുകയാണുണ്ടായത് . ചൈന തുടങ്ങിയുള്ള കിഴക്കൻ ഏഷ്യൻ രാജ്യങ്ങളുടെ സാമ്പത്തിക മുന്നേറ്റം നമുക്കും കൈവരിക്കേണ്ടതുണ്ട് എന്ന് സാമ്പത്തിക വിദഗ്ദരെല്ലാം ചൂണ്ടി കാണിക്കുകയുണ്ടായി. ഈ പശ്ചാത്തലത്തിലാണ് പൊതുമേഖല വ്യവസായങ്ങളുടെ നടത്തിപ്പിലും പുതുതായ നയസമീപനങ്ങൾ കേന്ദ്ര സർക്കാർ ആവിഷ്കരിച്ചത്.

സാമ്പത്തിക രംഗത്തും പണമിടപാടുകൾ, മൂലധന വിപണി , വ്യാപാരം, വിദേശ നിക്ഷേപം എന്നിവക്കൊപ്പം പൊതുമേഖലയിലും കാതലായ മാറ്റങ്ങളാണ് 1991 ലെ നരസിംഹറാവു മൻമോഹൻ സിംഗ് സർക്കാർ നടപ്പിലാക്കിയത്. സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ഭാഗമായി പൊതുമേഖല വ്യവസായ രംഗത്ത് താഴെപ്പറയുന്ന പരിഷ്കാരങ്ങൾ കൊണ്ടുവന്നു

പൊതുമേഖലക്കായിമാത്രം മാറ്റിവെച്ചിരുന്നു വ്യവസായങ്ങളുടെ എണ്ണം ഗണ്യമായി കുറച്ചു അണുശക്തി, ഖനനം, റെയിൽ ഗതാഗതം എന്നി രംഗങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തി. വ്യവസായിക ലൈസൻസിംഗ് ദേശസുരക്ഷാ, തന്ത്രപ്രാധാന്യം പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ കണക്കാക്കി ഇലട്രോണിക്സും ഡിഫെൻസും , അപകടകാരികളായ രാസവസ്തുക്കൾ , സ്ഫോടനങ്ങൾ ക്കുപയോഗിക്കുന്ന വസ്തുക്കൾ, പുകയിലയും സിഗററ്റുകളും എന്നിവക്കു മാത്രമാക്കി. സ്വകാര്യ മേഖലയുടെ സഹകരണത്തോടെ പൊതുമേഖലാ വ്യവസായങ്ങളുടെ കാര്യക്ഷമതയും മത്സാരാധിഷ്ഠതയും വർധിപ്പിക്കുന്നതിനായി സർക്കാരിന്റെ ഒരുഭാഗം ഓഹരികൾ അവയ്ക്കും നൽകി സ്ഥാപനങ്ങളുടെ നടത്തിപ്പിൽ പങ്കാളികളാക്കാൻ തീരുമാനിച്ചു. മുൻഗണനാ പട്ടികയിൽ ഉണ്ടായിരുന്ന 47 വ്യവസായങ്ങളിൽ 51 ശതമാനം വരെയും കയറ്റുമതി അധിഷ്ഠിത വ്യവസായങ്ങളിൽ 74 ശതമാനം വരെയും വിദേശ നിക്ഷേപം സ്വീകരിക്കാമെന്നായി. സാങ്കേതിക വിദ്യക്കായുള്ള വിദേശ കരാറുകൾക്കു ഉടനടി അംഗീകാരം നൽകാനും തീരുമാനമുണ്ടായി. കുത്തക നിവാരണ നിയമം ലഘൂകരിക്കുകയും അതിനു ബദലായി 2002 ൽ കോമ്പറ്റീഷൻ നിയമം കൊണ്ടുവരികയും ചെയ്തു .



1999-2004 കാലയളവിൽ കേന്ദ്രത്തിൽ അധികാരത്തിലിരുന്ന വാജ്പേയ് സർക്കാരിന്റെ സുപ്രധാന സാമ്പത്തിക തീരുമാനങ്ങളിലൊന്ന്പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിച്ചു സ്വകാര്യവത്കരിക്കുന്നതായിരുന്നു. ഈ പ്രക്രിയ സുഗമമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഒരു വിറ്റഴിക്കൽ വകുപ്പ് 1999 ൽ സ്ഥാപിക്കുകയും പിന്നീട് 2001 ൽ അതൊരു സ്വതന്ത്ര മന്ത്രാലയമായി മാറ്റുകയും ചെയ്തു. ക്യാബിനറ്റ് മന്ത്രിയായ അരുൺ ഷൂരിയ്ക്ക് ആയിരുന്നു അതിന്റെ ചുമതല. 1995 മുതൽ 1998 വരെ കേന്ദ്ര ബജറ്റ് നിർദേശിച്ചത് പോലെ സ്ഥാപനങ്ങളുടെ വിൽപ്പനയിൽ നിന്നും കാര്യമായ സാമ്പത്തിക നേട്ടം കൈവരിക്കാൻ സർക്കാറിനായില്ല. എന്നാൽ 1998 -99ൽ ബജറ്റ് നിർദേശ്ശിച്ച 5000 കോടി രൂപയുടെ സ്ഥാനത്തു 9000 കോടി രൂപ വിറ്റഴിക്കലിലൂടെ സമാഹരിക്കാനായി.

ഇക്കാലത്താണ് പൊതുമേഖലാ സ്ഥാപനങ്ങളായ VSNL, ഹിന്ദുസ്ഥാൻ സിങ്ക്, ഭാരത് അലൂമിനിയം, ഇന്ത്യൻ പെട്രോകെ മിക്ക ൽ കോർപറേഷൻ, ITDC ഹോട്ടലുകൾ, മോഡേൺ ഫുഡ് ഇൻഡസ്ട്രീസ് എന്നിവയെല്ലാം സ്വകാര്യവത്കരിച്ചത്. മാത്രമല്ല ധനസമാഹരണ ത്തിനായി മാരുതി ലിമിറ്റഡ് തുടങ്ങിയ പ്രമുഖ കമ്പനികളിലെ ഓഹരികളിലൊരു ഭാഗം വിറ്റഴിച്ചു സർക്കാർ പങ്കാളിത്തം കുറയ്ക്കുന്നതിനു വേണ്ട തീരുമാനമെടുത്തതും ഇക്കാലത്തായിരുന്നു.

ഉദാരവൽക്കരണ നയങ്ങളെ തുടർന്ന് ഇറക്കുമതി ഗണ്യമായി വർദ്ധിക്കുകയുണ്ടായി. കുറഞ്ഞ ചിലവിൽ സാധനങ്ങൾ ഇറക്കുമതി ചെയ്യാമെന്നായപ്പോൾ അഭ്യന്തര ഉല്പാദനശേഷി പൂർണമായി ഉപയോഗപ്പെടുത്താൻ പല സ്ഥാപനങ്ങൾക്കും കഴിയാത്ത അവസ്ഥയുണ്ടായി. പൊതുവിൽ തൊഴിലവസരങ്ങൾ കുറയുകയും ഉള്ള തൊഴിലാളികൾക്ക് തന്നെ വേണ്ടത്ര തൊഴിൽ ലഭ്യത ഇല്ലാതാവുകയും ചെയ്തു. തന്മൂലം നിരവധി സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന തൊഴിലാളികൾ തന്നെ അവശ്യത്തിലധികമായി മാറി. കൂടാതെ വിദേശ കമ്പനികളുമായി സഹകരിച്ച് ഉല്പാദനം വർദ്ധിപ്പിച്ചും പുതിയസാങ്കേതികവിദ്യ ആർജ്ജിച്ചു ഉല്പാദന ചിലവ് കുറച്ചു കമ്പോളത്തിൽ പിടിച്ചു നിൽക്കുന്നതിനും മറ്റു കമ്പനികളെ ഏറ്റെടു ക്കുകയോ അവയിൽ ലയിക്കുകയോ ചെയ്തു മുന്നേറുന്നതിനും അധികമായുള്ള തൊഴിലാ ളികൾ തടസ്സമാണെന്ന്, പരക്കെ അംഗീകരിക്കപ്പെട്ടു.

സർക്കാർ ഈ അവസ്ഥയെ മറികടക്കാൻ തൊഴിലാളികൾക്കായി സ്വയം വിരമിക്കലിലൂടെയുള്ള ഒരു വിടുതൽ നയം നടപ്പാക്കി. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുറഞ്ഞ മാനവവിഭവശേഷിയിൽ അധിഷ്ഠിതമായ പുത്തൻ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ആധുനികവത്കരിക്കുന്നതിനു വേണ്ടിയാണ് അധികമായുള്ള ജീവനക്കാരെ ഒഴിവാക്കുന്നതു എന്നതായിരുന്നു കേന്ദ്രസർക്കാറിന്റെ നിലപാട്. VRS പിന്നീട് പലഘട്ടങ്ങളിലായി തൊഴിലാളികൾക്കു കൂടുതൽ ആകർഷകമാക്കുകയുണ്ടായെങ്കിലും സംഭവിച്ച തൊഴിൽനഷ്ടം അവരുടെ പിൽക്കാല ജീവിതത്തിനു കനത്ത ആഘാതമേല്പിക്കുകയുണ്ടായി എന്നതാണ് വാസ്തവം.

ഇന്ത്യയിൽ 2004 മുതൽ 2009 വരെ അധികാരത്തിലിരുന്ന മൻമോഹൻസിംഗിന്റെ നേതൃത്വത്തിലുള്ള യുപിഎ ഒന്നാം ഗവൺമെന്റ് ഇടതുപക്ഷ ശക്തികളുടെ സ്വാധീനം മൂലം വലിയ തോതിലുള്ള പൊതുമേഖല സ്വകാര്യവൽക്കരണത്തിന് മുതിർന്നില്ല. മറിച്ച് അന്നത്തെ പൊതുമിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ലാഭകരമായി പ്രവർത്തിക്കാൻ സാധ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെയും പുനരുദ്ധാരണം നടത്തുക എന്ന നയം കൈക്കൊള്ളുകയാണുണ്ടായത്. താൽക്കാലിക സാമ്പത്തിക നേട്ടങ്ങൾക്കായി ഓഹരി വിറ്റഴിക്കൽ പൂർണമായും ഒഴിവാക്കി. മുൻകാലങ്ങളിലെ വിറ്റഴിക്കലിലൂടെ സമാഹരിച്ച തുക ഒരു ദേശീയ നിക്ഷേപ നിധി(NIF) സ്വരൂപിച്ച് സാമൂഹ്യ ക്ഷേമ പദ്ധതിക



**നരേന്ദ്ര മോദിയുടെ രണ്ടാം സർക്കാരിന്റെ ആദ്യത്തെ രണ്ട് സാമ്പത്തിക വർഷങ്ങളിൽ (2019 , 2020 ) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കൽ വഴി 3.85 ലക്ഷം കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ സാക്ഷാത്കരിക്കാൻ ആയതാവട്ടെ 83133 കോടി രൂപയും. ലോകമെങ്ങും കോവിഡ 19 മഹാമാരി പടർന്നുപിടിച്ചത് മൂലം ഉണ്ടായ സാമ്പത്തിക തകർച്ചയും അടച്ചുപൂട്ടലും ഓഹരി വിറ്റഴിക്കലിനെയും സാരമായി ബാധിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2 .1 ലക്ഷം കോടി രൂപ സമാഹരിക്കാൻ ഉദ്ദേശിച്ചതിൽ കേവലം 32835 കോടി രൂപ മാത്രമേ നേടാനായുള്ളു.**

ൾക്കുപയോഗിക്കാനും തീരുമാനമായി.

2009 ലെ ലോക് സഭാ തിരഞ്ഞെടുപ്പിനു ശേഷം ഇടതു പക്ഷ കക്ഷികളുടെ രാഷ്ട്രീയ പിന്തുണയില്ലാതെ തന്നെ മൻമോഹൻ സിംഗിന്റെ രണ്ടാം UPA സർക്കാർ അധികാരത്തിൽ വന്നു. നികുതികൾ വർധിപ്പിക്കാതെ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പോലുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾക്കായി വലിയൊരു തുക കണ്ടെത്തേണ്ടിവന്നപ്പോൾ പൊതുമേഖലയുടെ സ്വകാര്യവൽക്കരണം വീണ്ടും സർക്കാരിന്റെ പ്രാഥമിക പരിഗണനാ വിഷയമായി മാറി.

ലാഭകരമായി പ്രവർത്തിക്കുന്ന എന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ന്യൂനപക്ഷ ഓഹരികൾ വിറ്റഴിക്കലിലൂടെ ഈ പ്രക്രിയ പുനരാരംഭിച്ചു, ഇക്കാലത്താണ് പബ്ലിക് ഓഫറി ലൂടെ NHPC., Oil India., NTPC., REC, NMDC, SJVN, EIL, CIL, MOIL എന്നീ സ്ഥാപനങ്ങ ളുടെ ഓഹരി വിറ്റഴിക്കൽ നടന്നത്. തുടർന്ന് 2014 വരെ വരെ ഓരോ വർഷവും ബജറ്റിൽ വളരെ പ്രമാദമായ തുകകൾ ആണ് ഓഹരി വിറ്റഴിക്കലിലൂടെ സമാഹരിക്കാൻ സർക്കാർ ഉദ്ദേശിച്ചതെങ്കിലും അതൊന്നും പൂർണമായും വിജയിച്ചില്ല.

2014'19 ൽ കേന്ദ്രത്തിൽ അധികാരത്തിലിരുന്ന നരേന്ദ്രമോഡിയുടെ ഒന്നാം സർക്കാർ സ്ഥാപനങ്ങളുടെ ഓഹരി വിൽപ്പന കൂടുതൽ ശക്തിമത്തായി മുന്നോട്ടു കൊണ്ടു പോകാനാണ് തീരുമാനിച്ചത്. ഇതനുസരിച്ച് ഈ പ്രക്രിയ വഴി ഓരോ വർഷവും ബജറ്റിൽ ധനസമാഹരണത്തിനായി വലിയ ലക്ഷ്യങ്ങൾ ഉൾകൊള്ളിക്കുകയുണ്ടായി.ഈ സർക്കാരിന്റെ അഞ്ചു വർഷക്കാലയളവിൽ ഓഹരി വിറ്റഴിക്കലും സ്വകാര്യവൽക്കരണവും വഴി ബജറ്റ് ലക്ഷ്യമാക്കിയ തുക പൂർണ്ണമായും സമാഹരിക്കാനായില്ലെങ്കിലും ഇത്തരം പ്രക്രിയ തുടങ്ങിയതിനു ശേഷമുള്ള ഏറ്റവും വലിയ ധനസമാഹരണം നടന്നത് ഈ കാലയളവിലാണ്. ഉദാരവൽക്കരണ നയങ്ങളെ തുടർന്ന് സ്ഥാപനങ്ങളുടെ ഓഹരി വിറ്റു 2018-19 വരെ സമാഹരിച്ച 408059 കോടി രൂപയിൽ 255272 കോടി രൂപയും (62.5%) നേടിയത് ഇക്കാലയളവിലാണ്. യാതൊരുന്യായീകരണവും ഇല്ലാതെ ദേശീയ പ്രാധാന്യമുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്നതിനെതിരെ രാജ്യത്ത് വലിയ തോതിലുള്ള പ്രതിഷേധം ഉയരുകയുണ്ടായി. ജനശ്രദ്ധ തിരിച്ചുവിടാനും കൂടിയായി സർക്കാർ 2016ൽ ഓഹരി വിറ്റഴിക്കൽ വകുപ്പിനെ നിക്ഷേപ പൊതുമുതൽ ഭരണവകുപ്പ് എന്നാക്കി പുനർനാമകരണം ചെയ്തു.

നരേന്ദ്ര മോദിയുടെ രണ്ടാം സർക്കാരിന്റെ ആദ്യത്തെ രണ്ട് സാമ്പത്തിക വർഷങ്ങളിൽ (2019 , 2020 ) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റഴിക്കൽ വഴി 3.85 ലക്ഷം കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിട്ടത്. എന്നാൽ സാക്ഷാത്കരിക്കാൻ ആയതാവട്ടെ 83133 കോടി രൂപയും. ലോകമെങ്ങും കോവിഡ് 19 മഹാമാരി പടർന്നുപിടിച്ചത് മൂലം ഉണ്ടായ സാമ്പത്തിക തകർച്ചയും അടച്ചുപൂട്ടലും ഓഹരി വിറ്റഴിക്കലിനെയും സാരമായി ബാധിക്കുകയുണ്ടായി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 2 .1 ലക്ഷം കോടി രൂപ സമാഹരിക്കാൻ ഉദ്ദേശിച്ചതിൽ കേവലം 32835 കോടി രൂപ മാത്രമേ നേടാനായുള്ളു.

2021- 22 സാമ്പത്തിക വർഷത്തിൽ 1 .75 ലക്ഷം കോടി രൂപ വിറ്റഴിക്കൽ വഴി സ്വരൂപിക്കാനാണ് ബജറ്റ് നിർദേശിച്ചിട്ടുള്ളത്. തന്ത്രപ്രധാനമെന്നു കരുതുന്ന ബാങ്കിങ്, ഊർജം (പെട്രോളിയവും അണുശക്തിയും), ഡിഫെൻസ് (ബാഹ്യാകാശ പദ്ധതികൾ ഉൾപ്പെടെ), തുറമുഖങ്ങൾ എന്നിവയൊഴിച്ചു എല്ലാ പൊതുമേഖലാ വ്യവസായങ്ങളെയും ഘട്ടംഘട്ടമായി സ്വകാര്യാവൽക്ക രിക്കുമെന്നാണ് പ്രധാന

മന്ത്രി വ്യക്തമാക്കിയിട്ടുള്ളത്. സർക്കാരിന് വ്യവസായ നടത്തിപ്പ് പറ്റിയതല്ല എന്ന പഴയ പല്ലവി അദ്ദേഹം വീണ്ടും ആവർത്തിക്കുകയുണ്ടായി. സ്വകാര്യമേഖലയാവട്ടെ ആധുനിക സാങ്കേതിക വിദ്യ, മികച്ച മാനേജ്മെന്റ് എന്നിവ ഉപയോഗിച്ച് ധാരാളം തൊഴിലവസങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. 'ഇപ്പോൾ തന്നെ നികുതിദായകർ ഏറെ കഷ്ടപ്പെടുന്നുണ്ട്. ഒരു വ്യവസായത്തിനും അതിന്റെ മുൻകാല പാരമ്പര്യം കണക്കിലെടുത്ത് ഇന്നും ശോഷിച്ച അവസ്ഥയിൽ തുടരാനാവില്ല. സർക്കാരിന്റെ നയം ഈ സ്ഥാപനങ്ങളിലെല്ലാം അടച്ചിട്ടിരിക്കുന്ന വലിയൊരു സമ്പത്ത് ജനനന്മക്കുതകുന്ന തരത്തിൽ കുടിവെള്ളം, ഭവനനിർമ്മാണം, ഗ്രാമങ്ങളിൽ മേന്മയുള്ള ഇന്റർനെറ്റ് ലഭ്യമാക്കൽ എന്നിവക്കായി വിനിയോഗിക്കണം എന്നതാണ്. ഈ സർക്കാരിന്റെ ഭാവി കാല പ്രവർത്തനങ്ങൾ ഇതിലൂന്നിയായിരിക്കും മുന്നോട്ടു പോകുക.'

തുടർന്ന് കേന്ദ്ര സർക്കാരിന്റെ നയരൂപീകരണ വേദിയായ നീതി ആയോഗ് തന്ത്രപ്രധാനമായ പതിനെട്ടോളം മേഖലകളിൽ സ്വകാര്യവൽക്കരണം ദ്രുതഗതിയിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു. ഇതനുസരിച്ചു ഇൻഷുറൻസ്, പെട്രോളിയം, രാസവളം, ഉരുക്ക്, യുദ്ധോപകരണങ്ങൾ എന്നീ മേഖലകളിലും നാമമാത്രമായ സാന്നിധ്യം മാത്രമായിരിക്കും ഇനി മേൽ സർക്കാരിനുണ്ടാവുക.

കേന്ദ്രസർക്കാർ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ സ്വകാര്യ വ്യവസായികൾക്ക് ഏൽപ്പിച്ചു കൊടുക്കുന്നതിനു ഇത്രയേറെ താല്പര്യം പ്രകടിപ്പിക്കുന്ന പശ്ചാത്തലത്തിലും ഇന്ത്യൻ വ്യവസായ രംഗത്ത് മത്സരാധിഷ്ഠിതമായ മുന്നേറാൻ സ്വകാര്യമേഖലയ്ക്ക് ആവുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇയ്യിടെ ഇന്ത്യൻ നേവിക്കായി 111 യൂട്ടിലിറ്റി ഹെലികോപ്റ്ററുകൾ വിദേശ സാങ്കേതിക സഹകരണത്തോടെ ഇന്ത്യയിൽ നിർമിക്കാൻ ശ്രമിച്ചപ്പോൾ ടാറ്റ, അദാനി, മഹിന്ദ്ര ഭാരത് ഫോർഡ് എന്നീ തൽപ്പരരായ പ്രമുഖ ഇന്ത്യൻ വ്യവസായികൾ കൂട്ടായി പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ്നെ തങ്ങളോടൊപ്പം ടെൻഡറിൽ പങ്കെടുക്കാൻ അനുവദിക്കരുത് എന്ന് കേന്ദ്രസർക്കാരിനോട് അപേക്ഷിക്കുകയുണ്ടായി. മറ്റെന്താണ് ഇതിനർത്ഥം.

ആഗോള പ്രശസ്തിയുള്ള എയർ ഇന്ത്യ, ഭാരത് പെട്രോളിയം കോർപ്പറേഷൻ തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചിട്ട് വർഷങ്ങളായി. നാളിതുവരെ ഇവയെ സർക്കാർ നിബന്ധനകളനുസരിച്ചു ഏറ്റെടുക്കാൻ തയ്യാറായി ആരും മുന്നോട്ടു വന്നിട്ടില്ല. വീണ്ടും ഇളവുകൾ പ്രഖ്യാപിച്ചു വില്പന ആകർഷകമാക്കാനുള്ള പ്രക്രിയ തുടർന്നുകൊണ്ടേയിരിക്കുന്നു. ഈ സ്ഥാപനങ്ങളുടെ സാമ്പത്തികസാങ്കേതിക പ്രശ്നങ്ങളൊന്നുമല്ല താൽപ്പര്യമുള്ളവരെ പിന്തിരിപ്പിക്കുന്നത്. ഈ സ്ഥാപനങ്ങൾ ദേശവ്യാപകമായി നിരന്തരം ചെയ്തുകൊണ്ടിരിക്കുന്നു സാമൂഹ്യ സേവനങ്ങളുടെ പശ്ചാത്തലമാണ് ഇതിനു മുഖ്യമായ കാരണം. ഇത്തരം സാമൂഹ്യ ബാധ്യതകളെല്ലാം ഒഴിവാക്കി കേവലം ബിസിനസ് യൂണിറ്റുകൾ മാത്ര മാക്കി നൽകിയാൽ തങ്ങളേറ്റെടുക്കാം എന്നതാണീ വ്യവസായികളുടെ നിലപാട് .

കഴിഞ്ഞ 30 വർഷങ്ങളായി പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണവും ഓഹരി വിൽപനയും വിവിധ സർക്കാരുകളുടെ കാലത്ത് ജനതാല്പര്യങ്ങൾക്കെതിരായി മുന്നോട്ടു തന്നെയാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. കോവിഡ് 19 പകർച്ച വ്യാധിയുടെ ആ ഘാതത്തിൽ രാജ്യമാസകാലം നട്ടം തിരിയുന്ന ഇക്കാലത്തു വിവിധ മേഖലകളിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ കരുത്തും പ്രസക്തിയും നാം തിരിച്ചറിയുന്നുണ്ട്. 2008 ലെ ആഗോള സാമ്പത്തിക തകർച്ചയുടെ കാലഘട്ടത്തിലും രാജ്യത്തെ കടുത്ത പ്രതിസന്ധിയിൽ പെടാതെ സംരക്ഷിച്ചതും പൊതുമേഖലാ സ്ഥാപനങ്ങൾ തന്നെ. ഇക്കാരണങ്ങളെല്ലാം കൊണ്ടുതന്നെ പൊതുമേഖല ജനങ്ങളാൽ സംരക്ഷിക്കപ്പെടേണ്ടതുണ്ട്.



# ആഗോള സമ്പദ്രംഗം അനിശ്ചിതാവസ്ഥ തുടരുന്നു



2008ൽ നേരിട്ട സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും മോചനം നേടുന്നതിനു മുൻപു തന്നെ ലോകം കോവിഡ് 19 ന്റെ പിടിയിലമർന്നു. ലോകത്തെ എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളും കോവിഡ് മൂലം മാർച്ച് 2020 മുതൽ മരവിച്ചു. അന്തർദേശീയ വ്യാപാരവും, ദേശീയ തലത്തിലുള്ള ചരക്കു നീക്കങ്ങളും പല മാസങ്ങളിലായി നിലച്ചു. തൊഴിൽ ശാലകൾ അടഞ്ഞു. വാഹനങ്ങൾ ഓടാതെയായി, ടൂറിസം കേന്ദ്രങ്ങളും ഹോട്ടലുകളും അടഞ്ഞു. കുറെയെങ്കിലും നടന്നത് ഓണ്ലൈൻ ജോലികളും, വ്യാപാരവും മാത്രം. ഐ.എം.എഫിന്റെ വേൾഡ് എക്കണോമിക് ഔട്ട് ലുക്ക് റിപ്പോർട്ട് ജനുവരി 2021ൽ പറഞ്ഞത് ആഗോള സമ്പദ്രംഗം 2020 ൽ 3.5 ശതമാനം ചുരുങ്ങി എന്നാണ്. ലോകബാങ്കിന്റെ റിപ്പോർട്ടനുസരിച്ച് ആഗോള സമ്പദ് രംഗം 2020 ൽ 4.3 ശതമാനം ചുരുങ്ങി. ലോകബാങ്കിന്റെ ജൂൺ 2020 ലെ ഒരു റിപ്പോർട്ടിൽ പറയുന്നത് കോവിഡ് 19 മൂലം ആളോഹരി വരുമാനത്തിൽ 1870 നു ശേഷമുണ്ടായ ഏറ്റവും വലിയ ഇടിവാണുണ്ടായിരിക്കുന്നത് എന്നാണ്. ആഗോള സമ്പദ്രംഗം 1870 നുശേഷം 4 സാമ്പത്തിക മാന്ദ്യങ്ങളുടെ പിടിയിലാണ് അമർന്നത്. 1876, 1885,1930-1932, 2009 തുടങ്ങിയ വർഷങ്ങളിൽ. 1945-46 നു ശേഷമുണ്ടായ ഏറ്റവും രൂക്ഷമായ മാന്ദ്യമാണ് കോവിഡ് മൂലം ലോകം നേരിട്ടു കൊണ്ടിരിക്കുന്നത്. 2007-09 കാലത്തുണ്ടായ സാമ്പത്തിക തകർച്ചയുടെ ഇരട്ടിയിലധികം രൂക്ഷമാണ് ഇപ്പോഴത്തെ സാമ്പത്തിക തകർച്ചയെന്നാണ് ലോക ബാങ്കിന്റെ അനുമാനം. 1870 നു ശേഷം ഏറ്റവും കൂടുതൽ രാജ്യങ്ങൾ ഒരുമിച്ച് മാന്ദ്യം നേരിട്ടകാലമാണ് ഈ കോവിഡ് കാലം. 1965 ന് ശേഷമുള്ള ഏറ്റവും വലിയ തൊഴിലില്ലായ്മയാണ് കോവിഡിൽ ലോകം നേരിട്ടത്. ഈ രീതിയിൽ ഏതു സാമ്പത്തിക ഘടകങ്ങൾ പരിശോധിച്ചാലും ഇപ്പോൾ നാം നേരിട്ടു കൊണ്ടിരിക്കുന്നത് ലോകം കണ്ടതിൽ വച്ച് ഏറ്റവും രൂക്ഷമായ സാമ്പത്തിക തകർച്ചയാണ്.

ഐ.എംഎഫിന്റെ 2021 ജൂലൈ 27ന് പ്രസിദ്ധീകരിച്ച വേൾഡ് ഇക്കോണമിക് ഔട്ട് ലുക്ക് പ്രവചിക്കുന്നത് 2021ൽ ലോക സമ്പദ്രംഗം 6 ശതമാനംവരെ വളർച്ച നേടാം എന്നാണ്. എന്നാൽ ഈ വളർച്ച രേഖപ്പെടുത്തുന്നത് 2020 ലെ ഏറ്റവും തകർന്ന അടിസ്ഥാന വർഷത്തിൽ നിന്നാണ് (ഇതിന് basic effect എന്നാണ് സാമ്പത്തിക ശാസ്ത്രത്തിൽ പറയുന്നത്). മറ്റൊരു വിഷയം വികസിത രാജ്യങ്ങളും വികസ്വര രാജ്യങ്ങളും തമ്മിലുള്ള വളർച്ചയിലെ അന്തരമാണ്. വികസിത രാജ്യങ്ങൾ നല്ല വളർച്ച രേഖപ്പെടുത്തും എന്നാണ് ഐ.എം.എഫ് പ്രതീക്ഷിക്കുന്നത്. എന്നാൽ വികസ്വര രാജ്യങ്ങളിലെ വളർച്ച വളരെ കുറവായിരിക്കും. വികസിത രാജ്യങ്ങളും അവികസിത രാജ്യങ്ങളും തമ്മിലുള്ള അന്തരം കോവിഡ് കാലത്ത് അതിരൂക്ഷമാകുന്നു എന്നാണ് ഈ സ്ഥിതി



സൂചിപ്പിക്കുന്നത്. വാക്സിൻ വിതരണത്തിലെ അന്തരവും വികസിത വികസ്വര രാജ്യങ്ങൾ തമ്മിൽ രൂക്ഷമാണ്. വികസിത രാജ്യങ്ങൾ 40 ശതമാനത്തിലധികം ജനങ്ങൾക്ക് വാക്സിൻ നൽകിയപ്പോൾ, വികസ്വര രാജ്യങ്ങളിലെ 11 ശതമാനം ജനങ്ങൾക്കു മാത്രമാണ് വാക്സിൻ നൽകിയത്.

വികസിത രാജ്യങ്ങൾക്ക് വികസ്വര രാജ്യങ്ങളെക്കാൾ വലിയ രീതിയിൽ സാമ്പത്തിക ഉത്തേജക പാക്കേജുകൾ നടപ്പാക്കാൻ കഴിയുന്നതും രാജ്യങ്ങൾ തമ്മിലുള്ള സാമ്പത്തിക അസമത്വം ഉയരാൻ കാരണമായി.

സാമ്പത്തിക രംഗത്തിനു തിരിച്ചടിയാകുന്നത് ചരക്കുകളുടെ ലഭ്യതക്കുറവും വിതരണത്തിലെ തടസ്സങ്ങളുമാണ്. ചരക്കുകളുടെ ലഭ്യതക്കുറവും വിതരണത്തിലെ തടസ്സവും മൂലം വിലകൾ ഉയരുന്ന പ്രവണത കമ്പോളത്തിലുണ്ട്. വിലവർദ്ധനവും മാന്ദ്യവും കൂടിച്ചേർന്ന് സ്റ്റാഗ്ഫേളേ ഷൻ എന്ന സ്ഥിതിയിലേക്ക് സമ്പദ്ഘടന നീങ്ങുമോ എന്ന അങ്കലാപ്പും ആഗോള സാമ്പത്തിക രംഗത്തുണ്ട്.

ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം കോവിഡിന്റെ നിയന്ത്രണമാണ്. പുതിയ തരം കോവിഡ് വയറസ്സുകൾ പടർന്നു പിടിക്കുകയും വയറസ്സ് വീണ്ടും കൂടുതൽ പടരുകയും ചെയ്താൽ ആഗോള സമ്പദ് രംഗം പ്രതീക്ഷിച്ച വളർച്ച കൈവരിക്കില്ല. വൈറസ് കൂടുതൽ പടർന്നു പിടിച്ചാൽ 2025 ഓടു കൂടി 4.5 ട്രില്ല്യൺ ഡോളറെങ്കിലും ആഗോള സമ്പദ് രംഗത്തു നിന്ന് അപ്രത്യക്ഷമാകും. വികസിത വികസ്വര വ്യത്യാസമില്ലാതെ എല്ലാ രാജ്യങ്ങളിലെയും ബഹുഭൂരിപക്ഷം ജനങ്ങൾക്കും വാക്സിൻ നൽകിയാലെ കുറെയെങ്കിലും കോവിഡിനെ നിയന്ത്രിക്കാൻ കഴിയൂ. അല്ലെങ്കിൽ കോവിഡ് വയറസ്സിന്റെ പുതിയ വകഭേദങ്ങൾ ഉണ്ടാകുകയും അത് പടരുകയും ചെയ്യും. ലോക സമ്പദ്രംഗം വീണ്ടും തിരിച്ചടി നേരിടും.

ലോക സമ്പദ്രംഗത്ത് ഉണ്ടാകുന്ന പ്രതിസന്ധിയുടെ പ്രത്യാഘാതം ഏറ്റവും കൂടുതലായി ബാധിക്കുന്നത് പാവപ്പെട്ട ജനവിഭാഗങ്ങളെയാണ്. ഏറ്റവും താഴെക്കിടയിലുള്ള തൊഴിലാളികൾ, കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയവയുടെ വരുമാനത്തിലാണ് വലിയ ഇടിവുണ്ടായത്. എന്നാൽ എക്കാലത്തും അതിസമ്പന്നരുടെ സമ്പത്ത് കുതിച്ചുയരുന്ന പതിവിൽ മാറ്റമുണ്ടായില്ല.

കോവിഡ് കാലത്ത് അമേരിക്കയിലെ 20 ലക്ഷത്തോളം പേർക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി പലരുടെയും കൂലിയിലും വലിയ ഇടിവുണ്ടായി. എന്നാൽ അമേരിക്കയിലെ തന്നെ 650 ശതകോടി ശ്വരൻമാരുടെ സമ്പത്തിൽ ഒരു ട്രില്ല്യൺ ഡോളറിലധികം വർദ്ധനവുണ്ടായി. ആമസോണിന്റെ ജഫ് ബസോസിന്റെ മാത്രം സമ്പത്തിൽ 8.6 ബില്ല്യൺ ഡോളറിന്റെ വർദ്ധനവാണ് ജനുവരി 2020 നുശേഷം രേഖപ്പെടുത്തിയത്.



# ആശങ്കപ്പെടുത്തുന്ന തൊഴിൽ സാഹചര്യം

രാജ്യത്ത് തൊഴിലില്ലായ്മ അതിരൂക്ഷമാകുന്നതിൽതൊഴിലാളി സംഘടനകളും വ്യവസായികളും ആശങ്ക പ്രകടിപ്പിച്ചു തൊഴിൽ കാര്യങ്ങൾക്കായുള്ള പാർലമെന്റിന്റെ Standing Committee യുമായി അടുത്തിടെ നടത്തിയ കൂടിക്കാഴ്ചയിലാണ് തൊഴിൽ മേഖലയെ കാത്തിരിക്കുന്ന ഇരുണ്ട ഭാവിയെ കുറിച്ചുള്ള ആശങ്ക പങ്കുവയ്ക്കപ്പെട്ടത്.

യോഗത്തിൽ പങ്കെടുത്ത തൊഴിലാളി സംഘടനകൾ നിർമ്മിതോൽപ്പന്ന മേഖലയെ കൂടാതെ സേവന മേഖലയിൽ പോലും മന:പ്പൂർവ്വം തൊഴിലവസരങ്ങൾ നിഷേധിക്കുന്ന പ്രവണത നിലനില്ക്കുന്നതായി ആരോപിച്ചു. കോവിഡിന്റെ വ്യാപനം ഒഴിവാക്കാൻ എന്നപേരിൽ ഗാർഹിക തൊഴിലാളികളെ അകറ്റിനിർത്തുന്നത് ഇതിന് ഒരു ഉദാഹരണമാണ്.

സാമ്പത്തിക മാന്ദ്യവും "ആസൂത്രണമില്ലാതെ" നടപ്പിലാക്കിയ അടച്ചുപൂട്ടലും കാരണം 40 കോടിയോളം ഇന്ത്യാക്കാർ ദാരിദ്ര്യത്തിലേയ്ക്ക് തള്ളപ്പെടാൻ സാധ്യത ഉള്ളതായി അന്തർദേശീയ തൊഴിൽ സംഘടനയുടെ (ILO) കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് സംഘടനകൾ കമ്മറ്റിയെ അറിയിച്ചു.

തൊഴിലാളികളുടെയും കുടുംബങ്ങളുടെയും വ്യവസായങ്ങളുടെയും സാമ്പത്തിക സ്ഥിതിയെ മാത്രമല്ല മറിച്ച് വളർച്ച , ഉത്പ്പാദനം, ധനക്കമ്മി, ഇറക്കുമതിയുടെയും കയറ്റുമതിയുടെയും അളവ്,മഹാമാരിയെ നേരിടുന്നതിനായി സർക്കാർ സ്വീകരിക്കുന്ന സമീപനവും നടപടികളും തുടങ്ങിയ സമ്പത്ഘടനയുടെ ഗതിവിഗതിയുമായി ബന്ധപ്പെട്ടുകിടക്കുന്ന നിരവധി നിർണ്ണായകങ്ങളായ ഘടകങ്ങളെയുംതൊഴിലില്ലായ്മ പ്രതികൂലമായി ബാധിക്കുമെന്ന് സംഘടനകൾ കമ്മറ്റി അംഗങ്ങളെ ബോധിപ്പിച്ചു.

2020ന്റെ തുടക്കം മുതൽ ആഗസ്റ്റ് അവസാനം വരെ ഇന്ത്യയിൽ 2.1 കോടി ശമ്പള തൊഴിലുകൾ (Salaried Jobs) ഇല്ലാതായി. മൊത്തം തൊഴിലുകളുടെ 21%ത്തോളം ആണ് ശമ്പള തൊഴിലുകൾ. അസംഘടിത മേഖലയിലും കാർഷി ക മേഖലയിലും അപ്രത്യക്ഷമായ 10 കോടി ദിവസക്കൂലി തൊഴിലുകളും കൂടി ചേർക്കു കയാണെങ്കിൽ ആകെ തൊഴിൽ നഷ്ടം 12.1 കോടി വരും. പെട്ടെന്നുള്ള അടച്ചുപൂട്ടലാണ് ഈ വിഭാഗങ്ങളെ തൊഴിൽരഹിതർ ആക്കിത്തീർത്തത് എന്നും. "കോവിഡിന്റെ രണ്ടാം തരംഗത്തിൽ മധ്യവർഗ്ഗത്തിൽ നിന്ന് ദശലക്ഷങ്ങൾ ദാരിദ്ര്യത്തിലേയ്ക്ക് താഴ്ത്തപ്പെട്ടു എന്നും മഹാമാരിയുടെ ഫലമായി 97% കുടുംബങ്ങളുടെയും വരുമാനം കുറഞ്ഞുവെന്നും" റിപ്പോർട്ട് ചെയ്യപ്പെട്ടു .

അടച്ചുപൂട്ടൽ കാലഘട്ടത്തിൽ തൊഴിലാളികളുടെ വരുമാനത്തിൽ 40% മുതൽ 50% വരെ ഇടിവ് ഉണ്ടായതായി AzimPremji സർവകലാശാലയുടെ ഒരു പഠനത്തിൽ കണ്ടെത്തിയതായി ASSOCHAM, CII, Chamber of Indian Micro, Small and Medium Enterprises തുടങ്ങിയ വ്യവസായികളുടെ സംഘടനകൾ കമ്മറ്റിയെ അറിയിച്ചു. Dalberg Research എന്ന സാമ്പത്തിക മേഖലയിലെ ഗവേഷണ സ്ഥാപനം നടത്തിയ സർവ്വേ പ്രകാരം വരുമാന തകർച്ച 65% ആണ്.

തൊഴിൽ നഷ്ടത്തിന്റേയും വരുമാനമില്ലായ്മയുടെയും ആഘാതത്തിൽ നിന്ന് തൊഴിലാളികൾക്ക് സംരക്ഷണം നല്കുന്നതിന് നേരിട്ട് പണം എത്തിക്കുന്നത് (Direct Cash Transfer) ഉൾപ്പെടെയുള്ള ആശ്വാസ നടപടികൾ എത്രയും പെട്ടെന്ന് കൈകൊള്ളണം എന്ന് തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടു.



# സാർവ്വദേശീയപാതകങ്ങളുടെ സ്മരണയാണ് ഹിരോഷിമയും നാഗസാക്കിയും

1945 ആഗസ്ത് 6 ന് ഹിരോഷിമയിലും 9ന് നാഗസാക്കിയിലും അണുബോംബുകൾ വർഷിച്ച് മൂന്നര ലക്ഷത്തോളം മനുഷ്യരെ ആണവാഗ്നിയിൽ ചുട്ടുകൊന്നു. കെട്ടിടങ്ങളും കൃഷിയിടങ്ങളും കത്തിയെരിഞ്ഞു നശിച്ചു. ലക്ഷോപലക്ഷം ജപ്പാൻകാർ ജനിതകരോഗങ്ങൾക്ക് ഇരയാക്കപ്പെട്ടു ഇന്നും മരിച്ചു ജീവിക്കുന്നു. ഇതിനകം തന്നെ മൂന്നരലക്ഷത്തോളം പേർ ഹിബാക്കുഷകളായി കഴിഞ്ഞു! മനുഷ്യ ചരിത്രത്തിലെ അതിന് മുമ്പ് ഒരിക്കലും നടന്നിട്ടില്ലാത്ത വിധത്തിലുള്ള നാശവും ദുരിതങ്ങളും വാരി വിതറിയ ഈ ഭീകര കൃത്യത്തിന് അമേരിക്കയെ പ്രേരിപ്പിച്ചത് എന്തായിരുന്നു എന്ന ചോദ്യത്തിന് ഉത്തരം തേടുമ്പോഴാണ് സാമ്രാജ്യത്വമെന്നത് എത്ര ക്രൂരവും മനുഷ്യത്വരഹിതവുമായ വ്യവസ്ഥയാണെന്ന് മനസ്സിലാവുക. നാസി ജർമ്മനി കീഴടങ്ങിയതിന് ശേഷം അവരുടെ സഖ്യകക്ഷിയായ ജപ്പാന്റെയും പരാജയം ഉറപ്പാക്കപ്പെട്ടു കഴിഞ്ഞിരുന്നു. ജപ്പാൻ നേതാക്കൾ സ്റ്റാലിനുമായി ചർച്ചകൾ ആരംഭിക്കുകയും കീഴടങ്ങാനും സമാധാനം സ്ഥാപിക്കാനും ശ്രമങ്ങൾ തുടങ്ങിയിരുന്നു. ചർച്ചിലും ജപ്പാന്റെ കീഴടങ്ങലിന് പുതിയ വ്യവസ്ഥകളുണ്ടാക്കുന്നതിനും സമാധാനം സ്ഥാപിക്കുന്നതിലും താല്പര്യം പ്രകടിപ്പിച്ച ഘട്ടത്തിലാണ് അമേരിക്ക തങ്ങൾ വികസിപ്പിച്ച അണുബോംബ് പരീക്ഷിക്കുക എന്ന സാർവ്വദേശീയപാതകത്തിനും മുതിരുന്നത്. ഭീകരമായ നാശശേഷിയുള്ള ആറ്റംബോംബിന്റെ സൈനിക സാധ്യതകളെ ലോകത്തിന് ബോധ്യപ്പെടുത്തി വൻശക്തിയായി മാറാനുള്ള അവസരം സൃഷ്ടിക്കുകയായിരുന്നു അമേരിക്ക.തങ്ങളുടെ ലോകാധിപത്യം സ്ഥാപിച്ചെടുക്കാൻ ആണവായുധ ശേഷിയെ ഉയർത്തിക്കാട്ടി ലോക ജനതയെയും രാഷ്ട്രങ്ങളെയും പേടിപ്പിച്ച് നിർത്തുക എന്ന സൈനിക രാഷ്ട്രീയ തന്ത്രമാണ് ചരിത്രത്തിലെ ഏറ്റവും ക്രൂരമായ കൂട്ടക്കൊലകൾ ഹിരോഷിമയിലും നാഗസാക്കിയിലും സൃഷ്ടിച്ചത്....

ലിറ്റിൽ ബോയ് എന്നും ഫാറ്റ്മാനെന്നും നാമകരണം ചെയ്യപ്പെട്ട അണുബോംബുകൾ ജപ്പാന് നേരെ പരീക്ഷിച്ച് തങ്ങളുടെ ലോകാധിപത്യം പ്രഖ്യാപിക്കാനുള്ള ക്രൂരവും മനുഷ്യത്വരഹിതവുമായ ആസൂത്രണമായിരുന്നു പ്രസിഡന്റ് ട്രൂമാൻ നടത്തിയത്.ജപ്പാന് നേരെ നിരുപാധികമായ കീഴടങ്ങലിന് നിർബന്ധം പിടിച്ച് യുദ്ധം നീട്ടികൊണ്ടു പോയി തങ്ങളുടെ അണുബോംബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തികരിച്ച് പരീക്ഷിക്കുക എന്ന തന്ത്രമാണ് അമേരിക്ക സ്വീകരിച്ചത്.ഭീകരമായ നാശ ശേഷിയുള്ള ആറ്റംബോംബിന്റെ സൈനിക സാധ്യതകൾ ലോകത്തിന്റെ മേധാവിത്വ ശക്തിയായി വളരാൻ തങ്ങളെ സഹായിക്കുമെന്ന തിരിച്ചറിവാണ് ട്രൂമാനെ നയിച്ചിരുന്നത്. മാത്രമല്ല ഫാസിസ്റ്റ് വിരുദ്ധ യുദ്ധവിജയത്തിൽ ലഭിക്കുമായിരുന്ന മുഴുവൻ പ്രശംസകളും അർഹിക്കുന്ന വിധം സോവ്യറ്റ് യൂണിയൻ കൈക്കലാക്കുന്നതിലെ അസംതൃപ്തിയും അമേരിക്കക്ക് ഉണ്ടായിരുന്നു. 2 കോടിയിലേറെ സോവ്യറ്റ് പൗരന്മാർ ജീവൻ നൽകിയാണ് ഫാസിസത്തിനെതിരെ യുദ്ധം ചെയ്തത്. ഫാസിസത്തിനു മേലുള്ള വിജയം ലോകജനതയുടെ സോഷ്യലിസത്തോടുള്ള ആഭിമുഖ്യം കൂട്ടുമെന്നുംസോവ്യറ്റ് യൂണിയന്റെ യശസ്സ് ഉയർത്തുവെന്നും അമേരിക്കൻ നേതാക്കൾക്കറിയാമായിരുന്നു. അതവരെ അസ്വസ്ഥപ്പെടുത്തിയിരുന്നു.

ഇതിനെ തടയുക എന്ന ലക്ഷ്യവും ആറ്റംബോംബു പരീക്ഷണത്തിന്റെ പിന്നിലുണ്ടായിരുന്നു. മാത്രമല്ല യുദ്ധം കഴിഞ്ഞാൽ പിന്നെ ശാസ്ത്രജ്ഞർ അണുബോംബു പരീക്ഷണവുമായി മുന്നോട്ട് പോകാൻ താല്പര്യം കാണിക്കില്ലെന്ന ഭയവും ട്രൂമാനുണ്ടായിരുന്നു. അതായത് ബോംബിന്റെ പ്രായോഗിക പരീക്ഷണത്തിന് ജീവനുള്ള ഒരു ടാർജറ്റ് ലഭ്യമാക്കുന്നതിന് യുദ്ധം അവസാനിക്കാൻ പാടില്ലായിരുന്നു.ഇതിനായി അമേരിക്ക യുദ്ധം നീട്ടികൊണ്ടു പോകാനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നീങ്ങുകയാണുണ്ടായത്. യുദ്ധമവസാനിപ്പിക്കുന്നതിനുള്ള സഖ്യകക്ഷികളുടെ ഉന്നതലയോഗം നീട്ടിവെക്കാൻ അമേരിക്ക നിർബന്ധം പിടിക്കുകയായിരുന്നു. സ്റ്റാലിന്റെ സന്നദ്ധതയെയും ചർച്ചിലിന്റെ യുദ്ധം തീർക്കാനായി യോഗം നടത്തണമെന്ന ആഗ്രഹത്തെയും ട്രൂമാൻ അവഗണിക്കുകയായിരുന്നു. ട്രൂമാൻ തന്നെ പിൽക്കാലത്ത് ഇതൊക്കെ രേഖപ്പെടുത്തിയിട്ടുമുണ്ട്. ജർമ്മനിയുടെ കീഴടങ്ങലിന് ശേഷവും യുദ്ധം നീട്ടാനായി ഉന്നതതല കോൺഫറൻസ് ട്രൂമാൻ നീട്ടികൊണ്ടു പോകുകയായിരുന്നു. അണുബോംബിന്റെ പരീക്ഷണ ഫലം സ്ഥിരീകരിക്കുന്നതു വരെ ഉന്നതതേ യോഗം നടക്കാൻ പാടില്ലെന്ന കൗശലപൂർവ്വമായ നീക്കങ്ങളാണ് ലോകനേതാക്കളെ കബളിപ്പിച്ച് കൊണ്ട് ട്രൂമാൻ നടത്തിയത്.

രണ്ടാം ലോകയുദ്ധാനന്തരം തങ്ങളുടെ ലോകാധിപത്യം ഉറപ്പിച്ചെടുക്കാൻ അമേരിക്ക നടത്തിയ



സോഷ്യലിസത്തിനും മൂന്നാം ലോക ദേശീയതകൾക്കുമെതിരായ കുടില നീക്കങ്ങൾ രക്തപങ്കിലമായ രാഷ്ടീയ അട്ടിമറികളും കൂട്ടക്കൊലകളും സൃഷ്ടിച്ചു.

എണ്ണ രാഷ്ട്രങ്ങളുടെ ആധിപത്യത്തിന് വേണ്ടിയുള്ള ഗൾഫ് യുദ്ധങ്ങൾ, പലസ്തീനെ തകർത്ത് കൊണ്ടുള്ള ഇസ്രായേലിന്റെ രൂപീകരണം, തുടരുന്ന പലസ്തീനികൾക്ക് നേരെയുള്ള നരമേധങ്ങൾ, അഫ്ഘാൻ അധിനിവേശവും താലിബാന്റെ സൃഷ്ടിയും, ഇറാഖിനെ തകർത്ത പശ്ചിമേഷ്യൻ യുദ്ധങ്ങൾ, ഇറാനുംസിറിയക്കു മെതിരെ തുടരുന്ന ഗൂഢാലോചനകൾ, ക്യൂബ ക്ക് നേരെ തുടരുന്ന ഉപരോധവും സിഐഎ അട്ടിമറി ശ്രമങ്ങളും, ലാറ്റിനമേരിക്കയെ ലക്ഷ്യം വെച്ചുള്ള സിഐഎ ഇടപെടലുകൾ, ചൈനക്കെതിരായ വ്യാപാര ഉപരോധവും ദക്ഷിണാ ചൈനാ സമുദ്രത്തിലെ സൈനിക നീക്കങ്ങളും.ഇങ്ങനെ സാമ്രാജ്യത്വ നൃശംസതകളുടെ അവസാനിക്കാത്ത ചരിത്രമാണ് അമേരിക്കയുടെത്.







കെ.എൻ.ഗോപിനാഥ്

# കേരളം നിക്ഷേപ സൗഹൃദം ചില യാഥാർത്ഥ്യങ്ങൾ

തിരുവിതാംകൂർ രാജഭരണക്കാലത്ത് ആസൂത്രിതവും സുസ്ഥിരവുമായ ഒരു സാമൂഹ്യ വളർച്ചയുടെ തുടക്കം കുറിയ്ക്കുവാൻ നല്ല പരിശ്രമമുണ്ടായി എന്നത് ചരിത്രം. കനേഡിയൻ കമ്പനിയായ ആൽക്കാൻ 1936 ൽ കേരളത്തിൽ വന്നതും, കേരളം അലുമിനിയം ഉത്പാദിപ്പിച്ചതും പള്ളിവാസൽ ജലസേചന പദ്ധതിയിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുവാൻ തുടങ്ങിയതും, യാദൃച്ഛികമായിരുന്നില്ല. ശേഷസായി വ്യവസായ ഗ്രൂപ്പ് കേരളത്തിൽ 1946 ൽ വന്ന് രാസവളം ഉത്പാദിപ്പിക്കുവാൻ തുടങ്ങിയതും, കൊച്ചിയിൽ ആസ്പിൻ വാളും ആലപ്പുഴയിൽ വില്ല്യം ഗുഡേക്കറും ഡെറാസ്മെയിലും, മലബാറിൽ ആറോണും, അതിനും മുമ്പ് ഈസ്റ്റിന്ത്യാ കമ്പനിയും കേരളത്തെ കണ്ടിരുന്നത് പശ്ചാത്തല വിഭവങ്ങളുടെ നാട് എന്ന നിലയിലായിരുന്നു. കേരളത്തിലെ മലയോരങ്ങളെ സ്വപ്നം കണ്ട്, നമ്മുടെ സ്വന്തം നാണ്യ വിളകളെ കയറ്റുമതി ചെയ്തും വ്യാവസായികമായി സംസ്കരിച്ചും ലോക വിപണികളിലെത്തിച്ച് വിദേശനാണ്യം വാരിക്കോരിയതും തരക്കേടില്ലാത്ത നിക്ഷേപകരുടെ പിൻബലം കൊണ്ടു കൂടിയായിരുന്നു. കണ്ണൻ ദേവൻ, ഹാരിസൺ ആന്റ് ക്രോസ് ഫീൽഡ്, പിയേഴ്സ്ലസ്ലി, കൊല്ലം ലയൺ കമ്പനി, ഷൺമുഖവിലാസം ഫാക്ടറി, ഇടുക്കിയിലെ ടി.ആർടി കമ്പനി, എ.വി.ജോർജ് ആന്റ് കമ്പനി ,കണ്ണൂരിലെ ബാസൽമിഷൻ, എഡി കോട്ടൺമില്ല്, സീതാറാം കോട്ടൺമിൽസ്, ആലപ്പുഴയിലെ ജയിംസ് ഡെറാ, വോൾക്കാട്ട് ബ്രദേഴ്സ്, ഫെൻകാ ഫാക്ടറി, മെഡകാ കമ്പനി ഇങ്ങനെ തുടങ്ങിയ വൻകിട ഫാക്ടറികളിൽ ഭൂരിപക്ഷവും ഇന്നും കേരളം വിട്ടുപോകാത്തത് മന:സമാധാനത്തോടെ ബിസ്നസ് ചെയ്യാൻ കഴിയുന്ന ഒരു വ്യവസായ അന്തരീക്ഷം കേരളത്തിൽ നിലനിൽക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ്. കേരളത്തിൽ ലഭ്യമാകുന്ന അത്രയും ചെലവ് കുറഞ്ഞ വൈദ്യുതിയും, സുലഭമായ വെള്ളവും ഇന്ത്യയിൽ മറ്റൊരിടത്തും ലഭിക്കില്ല എന്ന വസ്തുത വ്യവസായ സമൂഹം മനസിലാക്കിയിട്ടുണ്ട്.

1957 ലെ ഇ.എം.എസ് മന്ത്രിസഭയുടെ കാലത്ത് പ്രഖ്യാപിച്ച വ്യവസായനയത്തിന്റെ ചുവട് പിടിച്ച് സംസ്ഥാന പൊതുമേഖല കൂടുതൽ ശക്തമായി വളർന്ന് വികസിക്കുകയാണുണ്ടായത്. 44 സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങൾക്ക് തുടക്കം കുറിച്ച കേരളമാണ് ഇക്കാര്യത്തിൽ ഇന്ത്യയിൽ മുൻ നിരയിൽ നിൽക്കുന്ന സംസ്ഥാനം.

### നൈപുണ്യ നിലവാരം

നൈപുണ്യ വളർച്ചയിൽ ദേശീയ ശരാശരിയുടെ മുകളിലുള്ള കേരളത്തിലെ തൊഴിലാളികളും തൊഴിൽ സംസ്ക്കാരവും വ്യവസായികളെ ഇവിടെ പിടിച്ച് നിർത്താൻ പ്രേരിപ്പിച്ചിരുന്നു. 1957 ൽ തന്നെ തൊഴിൽ നിയമപ്രകാരം രൂപീകരിച്ച വ്യവസായതല ത്രികക്ഷി സമ്പ്രദായം, ഉത്പാദനക്ഷമതാകരാറുകൾ, ത്രിവത്സര സേവനവേതനകരാറുകൾ, പെരുമാറ്റ ചട്ടം, ട്രേഡ് യൂണിയൻ ബാഹുല്യത്തിന് എതിരായ ഹിതപരിശോധന

സംവിധാനം, ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി, വർക്സ് കമ്മിറ്റി, സ്ത്രീ തൊഴിലാളി സുരക്ഷയ്ക്കായുള്ള പരാതി പരിഹാര സെല്ലുകൾ മലിനീകരണ നിയന്ത്രണസംവിധാനം, വർക്സ് സ്റ്റഡി തുടങ്ങിയവയെല്ലാം തൊഴിലാളികളുടെയും ഉടമകളുടെയും ചുമതലകൾ കൂടി നിഷ്കർഷിക്കുന്ന സംവിധാനങ്ങളാണ്. കേരളത്തിന്റെ ഇത്തരം മാതൃകകൾ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി കേരളാചാപ്റ്റർ, കേരള മാനേജ്മെന്റ് അസോസിയേഷൻ, കേരള ചേംബർ ഓഫ് കൊമേഴ്സ്, ഇവയെല്ലാം അംഗീകരിച്ചിട്ടുള്ളതുമാണ്. സംവിധാനങ്ങൾ ഇല്ലാഞ്ഞിട്ടില്ല മറിച്ച് സംവിധാനങ്ങളെ സംബന്ധിച്ച അറിവുകേടും, നിഷേധാത്മക നിലപാടുകളും, സംവിധാനങ്ങൾ ഉപയോഗിക്കാത്തതും വഴിയുണ്ടാകുന്ന പ്രശ്നങ്ങൾക്ക് കിറ്റക്സ് മുതലാളിയെപ്പോലെ മലർന്ന് കിടന്ന് തുപ്പേണ്ടതുണ്ടോ? ഒരു സർക്കാർ എന്ന നിലയിൽ കേരളത്തിലെ തൊഴിലും നൈപുണ്യവും വകുപ്പ് ഇതര സംസ്ഥാന തൊഴിലാളികൾക്ക് പോലും പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുള്ളതായി കാണാം. കേരള സർക്കാരിന്റെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റും, സംസ്ഥാന ലേബർ വെൽഫെയർ ബോർഡും അവയുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ട്.

### വ്യവസായ സംരക്ഷണത്തിനായി പോരാടുന്ന തൊഴിലാളികൾ

1970 കൾ വരെ സംസ്ഥാനത്ത് പച്ച പിടിച്ചു നിന്നിരുന്ന എണ്ണപ്പെട്ട ചില വ്യവസായശാലകൾ അടഞ്ഞുപോകാൻ ഇടവന്നതിന്റെ കാര്യകാരണം ശാസ്ത്രീയമായി പരിശോധിക്കാൻ ഏവരും തയ്യാറാവണം. കോട്ടയം സിമന്റ്സ്, കറുകുറ്റി പ്രീമിയർ കേബിൾസ്, മധുര കോട്സ്, അശോക ചാക്കോളാസ്, കാത്തായി ടെക്സ്റ്റയിൽസ് മില്ലുകൾ, ബിനാനി സിങ്ക്, ട്രാവൻകൂർ കെമിക്കൽ മാനുഫാക്ച്വറിംഗ്, പെരിയാർ കെമിക്കൽസ്, ശ്രീശക്തി പേപ്പർ മിൽ, കൊച്ചിൻ കാഗസ്, പുനലൂർ പേപ്പർ മിൽ, മുളന്തുരുത്തി ആർടെക്സ്, മെർക്കം ഇൻഡസ്ട്രീസ്, ഗ്വാളിയോർ റയോൺസ്, എക്സൽ ഗ്ലാസ്, മാക്ഡവൽ, പെരുമ്പാവൂർ റയോൺസ്, റാഡോ ടയേഴ്സ് തുടങ്ങിയ വ്യവസായശാലകൾ അടച്ചുപൂട്ടപ്പെട്ടത് കേരളത്തിന്റെ വ്യവസായ വികസനത്തിനേറ്റ പ്രഹരം തന്നെയാണ്. എന്നാൽ കിറ്റക്സ് മുതലാളി പ്രചരിപ്പിക്കുന്നതു പോലെ, തൊഴിൽ കുഴപ്പം കൊണ്ടോ സംസ്ഥാനസർക്കാർ ആട്ടിപ്പായിച്ചതുകൊണ്ടോ അല്ല ഈ വ്യവസായങ്ങൾ ഒന്നും



തന്നെ അടച്ചു പൂട്ടിപ്പോയത്. തദ്ദേശീയ വ്യവസായങ്ങൾക്ക് തിരിച്ചടിയാകുന്ന ഇറക്കുമതി ഉദാരവത്കരണ നയവും, അസംസ്കൃത പദാർത്ഥങ്ങളുടെ ഉത്പന്ന വിലയിൽ അടിക്കടിയുണ്ടാവുന്ന വർദ്ധനവുകാരണം ഉത്പാദനച്ചെലവ് അധികരിച്ച്, നഷ്ടം കുമിഞ്ഞ് കൂടി, വായ്പ തിരിച്ചടവ് നടക്കാതെ വന്നതോടെ, പ്രവർത്തന മൂലധനം ലഭ്യമല്ലാത്ത അവസ്ഥയിൽ അടച്ചു പൂട്ടപ്പെട്ടവയാണ് ഇവയെല്ലാം പൂട്ടപ്പെട്ട മേൽ വ്യവസായങ്ങളെല്ലാം തന്നെ നല്ല തൊഴിൽബന്ധവും, ട്രേഡ് യൂണിയൻ സൗഹൃദവും നിലനിർത്തിക്കൊണ്ടുപോയ സ്ഥാപനങ്ങളുമാണ്. ചുവരുണ്ടെങ്കിലെ ചിത്രമെഴുതാൻ സാധിക്കുകയുള്ളു എന്ന് മനസ്സിലാക്കുന്ന തൊഴിലാളികൾ കക്ഷി രാഷ്ട്രീയത്തിനതീതമായി ഓരോ സ്ഥാപനങ്ങളിലും ട്രേഡ് യൂണിയനുകളുടെ ഐക്യം ശക്തിപ്പെടുത്തിയും ഓഫീസർമാരുടെയും, സൂപ്രവൈസർമാരുടെയും സംഘടനകളുമായിയോജിച്ച എത്രയോ സംരക്ഷണ സമിതികൾ രൂപീകരിച്ചും പ്രവർത്തിക്കുന്നവയാണ്. പല വ്യവസായ ശാലകളെയും പ്രതിസന്ധിയിൽ നിന്നും അടച്ചുപൂട്ടലിൽ നിന്നും കരകയറ്റി, രാഷ്ട്രീയ ഇടപെടലിന്റെ അടിസ്ഥാനത്തിൽ സംരക്ഷിച്ച് പ്രവർത്തനം സുഗമമാക്കിയത് കിറ്റക്സ് മുതലാളിക്ക് അറിയില്ലെങ്കിൽ മറ്റൊരു മാനേജ്മെന്റും മറന്നു പോകില്ല.

### സ്വകാര്യമേഖല നിക്ഷേപം നിർണ്ണായകമാണ്

1957 മുതലുള്ള വർഷങ്ങളിൽ കേരളത്തിൽ ആരംഭിച്ച് ഇപ്പോഴും തുടരുന്ന സ്വകാര്യ വ്യവസായ ശാലകൾ നിരവധിയാണ്. തിരുവനന്തപുരത്തെ പെനിൻസുല പോളിമേഴ്സ് (പെൻപോൾ) കൊല്ലത്തെ കുണ്ടറയിലെ അലിൻഡ്, കേരള സിറാമിക്സ് അലൈഡ് ഇൻഡസ്ട്രീസ്, എറണാകുളത്തെ, സിന്തൈറ്റ് ഇൻഡസ്ട്രീസ്, കാൻകോ

ർ, ഏവിറ്റി, സിഎംആർഎൽ, ചന്ദ്രിക സോപ്പ്, മോഡേൺ ബ്രഡ്, നീറ്റാജലാറ്റിൻ, അപ്പോളൊ ടയേഴ്സ്, ഓഇഎൻ ഇന്ത്യ, കാർബോറാണ്ടം യൂണിവേഴ്സൽ, ഹിന്റാൽക്കോ ഇൻഡസ്ട്രീസ്, ആലപ്പുഴ വില്ല്യം ഗുഡേക്കർ, കേരള ബോയ്‌ലേഴ്സ്, എൻ.സിജോൺ ആന്റ്സൺസ്, ഫാം ഫൈബർ, ട്രാവൻകൂർ മാക്സ് ആന്റ് മാറ്റിംഗ്സ്, പാലക്കാടുള്ള സെൻകൊബൈൻ, പാറ്റ്സ്‌യിൻ ഇന്ത്യാ, യുണൈറ്റഡ് ബ്രൂവറീസ്, ആഗസ്റ്റിൻ ടെക്സ്റ്റൈയിൽസ്, കോയമ്പത്തൂർ ആര്യ വൈദ്യശാലയുടെയും കോട്ടയ്ക്കൽ ആര്യ വൈദ്യശാലയുടെയും ഫാക്ടറികൾ, റീ ഫില്ലിംഗ് ഇന്റർനാഷണൽ കോഴിക്കോട് വി.കെ.സി ഇൻഡസ്ട്രി, പി.കെ. സ്റ്റീൽസ്, കണ്ണൂർ വെസ്റ്റേൺ ഇന്ത്യ കോട്ടൺ പ്ലൈവുഡ്, മരീന അപ്പാരൽ പാർക്ക്, ദിനേശ് ബീഡി. കാസർകോട് യുണൈറ്റഡ് ബ്രൂവറി, വെസ്റ്റ് കോർട്ട് ക്ലേ ഫാക്ടറി, സെവൻസീസ്, ഇടുക്കി ഈസ്റ്റേൺ ഗ്രൂപ്പ്, തിരുവനന്തപുരം ഇംഗ്ലീഷ് ഇന്ത്യ ക്ലേ ഫാക്ടറി ഇവ പ്രധാനപ്പെട്ട ചിലതാണ്.

ഇതിനു പുറമെയാണ് കേരളത്തിലെ എല്ലാ ജില്ലകളിലും സമീപകാലത്ത് ആരംഭിച്ചിട്ടുള്ള കിൻഫ്രാ പ്രൊജക്ടുകളും, കെ.എസ്.ഐ ഡിസി പിന്തുണയോടെ പ്രവർത്തിക്കുന്ന നിരവധി വ്യവസായങ്ങളും ചെറുകിട വ്യവസായ എസ്റ്റേറ്റുകളിലെ ആയിരക്കണക്കിന് എം.എസ്എംഇകളും, കിഫ്ബിയുടെ സഹായത്തോടെ നിക്ഷേപം ആരംഭിച്ചിട്ടുള്ള അനവരതം സംരംഭങ്ങളും. ഐടി, ആരോഗ്യം, ലൈഫ് സയൻസ്, സ്പെയ്സ് ടെക്നോളജി, ആഗ്രോ പ്രൊസസിംഗ്, സീഫുഡ് പ്രൊസസിംഗ് തുടങ്ങിയ രംഗങ്ങളിൽ കേരളത്തിന് വലിയ സാധ്യതയാണുള്ളത്. ഐബിഎം, നിസാൻ, ഏണസ്റ്റ് ആന്റ് യംഗ്, ലുല്ലു ഗ്രൂപ്പ് ഇവയെല്ലാം കോടികളുടെ നിക്ഷേപമാണ് കേരളത്തിൽ നടത്തിയിട്ടുള്ളതും ഇനി നിക്ഷേപിക്കാൻ പോകുന്നതും.

പതിനായിരക്കണക്കിന് തൊഴിലാളികളാണ് ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നത്. ടെക്നോപാർക്കിലും, ഇൻഫോപാർക്കിലും സ്മാർട്ട് സിറ്റിയിലും ലോകോത്തര നിലവാരമുള്ള ഇൻഫോസിസ്, ടാറ്റാ കൺസൾട്ടൻസി, നെസ്റ്റ് ഗ്രൂപ്പ്, മുത്തൂറ്റ്, വിപ്രോ, കോഗ്നസന്റ്, ഐബിഎസ്, ടാറ്റ എൻഎക്സ്ഐ തുടങ്ങി നാടനും വിദേശിയുമായ നൂറുകണക്കിന് ഐടി യൂണിറ്റുകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യാ ഗവൺമെന്റ് ആദ്യമായി സ്പെഷ്യൽ ഇക്കണോമിക് സോണുകൾ സ്ഥാപിച്ചപ്പോൾ 1985 കളിൽ തന്നെ കൊച്ചിയിൽ തുടങ്ങിയ സ്പെഷ്യൽ ഇക്കണോമിക്സ് സോണിൽ, ഇരുനൂറിലധികം വ്യവസായശാലകൾ സുഗമമായി പ്രവർത്തിക്കുന്നു. അവിടെ ട്രേഡ് യൂണിയനുകളും പ്രവർത്തിക്കുന്നു. സെസ് ഡവലപ്മെന്റ് കമ്മീഷണറും, സെൻട്രൽ സ്റ്റേറ്റ് ലേബർ കമ്മീഷണറുമാരുടെയും അധികാര പരിധിയിൽ ഉയർന്ന് വരുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിച്ച് പോകുകയാണ് പതിവ്.

### കിറ്റക്സ് ചില യാഥാർത്ഥ്യങ്ങൾ

വസ്തുതകൾ ഇതായിരിക്കെ കിറ്റക്സ് മാനേജ്മെന്റിന് മാത്രം എന്തുകൊണ്ട് അവർ വിവരിക്കുന്ന പ്രതിബന്ധങ്ങൾ നേരിടേണ്ടി വരുന്നു. കേരളത്തിലെ തൊഴിൽ വകുപ്പോ, മലിനീകരണ നിയന്ത്രണ വകുപ്പോ, വ്യവസായ വകുപ്പോ, ഒരു വ്യവസായത്തിലും നടത്താത്ത ഒരു പരിശോധനയും കിറ്റക്സിൽ നടത്തിയിട്ടില്ല. അതുകൊണ്ട് മറ്റ് വ്യവസായങ്ങൾക്ക് നൽകാത്ത പ്രത്യേക പരിഗണന, നിക്ഷേപം ആകർഷിക്കുന്നതിന്റെ ഭാഗമായി കിറ്റക്സ് ഇൻഡസ്ട്രിയ്ക്ക് മാത്രമായി ലഭിക്കണമെന്നാണോ? സ്പെഷ്യൽ എക്കണോമിക് സോണുകൾക്കു പോലും ലഭിക്കാത്ത പ്രത്യേക പ്രിവിലേജ് കിറ്റക്സിന്റെ നിക്ഷേപം കേരളത്തിൽ നിലനിർത്താൻ അനിവാര്യമാണോ? കേരള സർക്കാർ മിനിമം വേജസ്, ഗാർമെന്റ്സ് മേഖലയിൽ പ്രഖ്യാപിച്ചതിനെതിരെ കിറ്റക്സ് മാനേജ്മെന്റാണ് കോടതിയിൽ പോയി സ്റ്റേ വാങ്ങിയത്. കിറ്റക്സിൽ രജിസ്റ്റേർഡ് ട്രേഡ് യൂണിയൻ നിലവിലില്ല എന്നാണ് മനസിലാക്കുന്നത്. യൂണിയൻ രൂപീകരണത്തിനായി കിറ്റക്സിലെ തൊഴിലാളികൾ സമീപകാലത്ത് തയ്യാറായി വന്നിട്ടുമില്ല. അതുകൊണ്ട് കിറ്റക്സിൽ മാനേജ്മെന്റും അവിടെ ജോലി ചെയ്യുന്ന തൊഴിലാളികളും( മഹാഭൂരിപക്ഷം സ്ത്രീ തൊഴിലാളികളും, ഇതര സംസ്ഥാന തൊഴിലാളികളുമാണ്) തമ്മിൽ യാതൊരു വിധ തർക്കവും ഉടലെടുക്കുന്നില്ല എന്നല്ലല്ലോ? 20:20 എന്ന സിആർഎസ് പ്രതിഭാസം വഴി എല്ലാ രാഷ്ട്രീയ പാർട്ടികളെയും ചെളിവാരി എറിയുന്നതിന് മാനേജ്മെന്റ് വാരി വിതറുന്നപണം കിറ്റക്സിലെ ആയിരക്കണക്കിന് തൊഴിലാളികൾ രാപകലില്ലാതെ അധ്വാനി



ച്ചുണ്ടാക്കുന്നതാണ് എന്ന് കിറ്റക്സ് മുതലാളിയും മനസിലാക്കണം. ഏതായാലും കിറ്റക്സിൽ നിലവിൽ ഒരു യൂണിയനും പ്രവർത്തിക്കുന്നില്ല എന്നതുകൊണ്ട് തന്നെ ഇപ്പോഴത്തെ വിവാദത്തിൽ സിഐടിയു ഉൾപ്പെടെ ഒരു യൂണിയനും കക്ഷിയുമായിട്ടില്ല.

### ലേബർ കോഡുകൾ മുതലാളിമാർക്കും ബാധകം

യൂണിയൻ ഉള്ള സ്ഥാപനങ്ങൾ മാത്രമെ രാജ്യത്തെ തൊഴിൽ നിയമങ്ങൾ പാലിക്കേണ്ടതുള്ളു എന്ന് കിറ്റക്സ് മാനേജ്മെന്റോ പിന്തുണയ്ക്കുന്നവരോ ധരിക്കരുത്. തൊഴിൽ നിയമങ്ങൾ തൊഴിലാളികൾ എന്ന പോലെ തൊഴിലുടമയും പാലിക്കുവാൻ ബാധ്യസ്ഥരാണ്. അൺഫെയർ ലേബർ പ്രാക്ടീസ് എന്നതു പോലെ തന്നെ അൺഫെയർ മാനേജ്മെന്റ് പ്രാക്ടീസിനെക്കുറിച്ചും നിയമങ്ങൾ വ്യക്തമാക്കുന്നുണ്ട്. 4 പുതിയ ലേബർ കോഡുകളും മിനിമം വേജസും, സ്റ്റാൻഡിംഗ് ഓർഡറും, സേഫ്റ്റി റൂൾസും, ഒക്കുപ്പേഷണൽ ഹെൽത്തും സോഷ്യൽ സെക്യൂരിറ്റിയും, ഉൾപ്പെടെ പഴയ തൊഴിൽ നിയമങ്ങളിലെ എല്ലാ വ്യവസ്ഥകളും ഉൾക്കൊള്ളുന്നതുമാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന് ട്രേഡ് യൂണിയനുകൾ പ്രതിബന്ധമാകുന്നതെങ്ങിനെയാണ്? വിപണി, വിപണിയിലെ മത്സരം, അസംസ്കൃത വസ്തുക്കളുടെ ലഭ്യത, വില, ഉത്പന്നങ്ങളുടെ വില, മൊത്തം ഉത്പാദനച്ചെലവ്, ഇറക്കുമതി  കയറ്റുമതി നയങ്ങൾ, ജിഎസ്ടി ധനകാര്യസ്ഥാപനങ്ങളുടെ നിബന്ധനകൾ വൈദഗ്ധ്യമുള്ള തൊഴിലാളികൾ ഇവയെല്ലാറ്റിനെയും അടിസ്ഥാനമാക്കിയാണ് നിക്ഷേപത്തിന് പറ്റിയ അന്തരീക്ഷമാണോ എന്ന് വിലയിരുത്തേണ്ടത്.

### നിക്ഷേപ സൗഹൃദ അന്തരീക്ഷം

വ്യവസായ വികസനത്തിനായി കേരളത്തിലെ എൽഡിഎഫ് സർക്കാർ വേറിട്ട ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ട്. അപേക്ഷ നൽകിയാൽ 30 ദിവസം കൊണ്ട് പുതിയ നിക്ഷേപത്തിന് അനുവാദം. വൈകിയാൽ ഡീംഡ് സാംഗ്ഷൻ അപേക്ഷകൾ പരിശോധിക്കാൻ കേന്ദ്രീകൃത സംവിധാനം. ഉത്തരവാദ വ്യവസായങ്ങൾക്ക് നക്ഷത്ര പദവി. മികവുറ്റ തൊഴിലാളികൾക്ക് അവാർഡ് എന്നിങ്ങനെ പലതും.

കിറ്റക്സിന്റെ ഹൈദ്രാബാദിലേക്കുള്ള ചുവടുമാറ്റം കേരളത്തെ ശപിച്ചു കൊണ്ട് വേണമായിരുന്നില്ല. 20:20 കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടതിന്റെ വിഭ്രാന്തി സ്വാഭാവികമാണ്. ലോകത്തിന്റെ മുന്നിൽ ആരോഗ്യ, വിദ്യാഭ്യാസ രംഗത്ത് മാത്രമല്ല, വരുമാന വളർച്ചയുടെ കാര്യത്തിലും കേരളം മാതൃകാ സ്റ്റേറ്റാണ്. കേരളത്തിന്റെ വ്യാവസായിക കാലാവസ്ഥയ്ക്കപ്പുറം ആധുനിക മൂലധന ശക്തികളും ജനാധിപത്യവും തമ്മിലുള്ള വിലപേശലിന്റെ പ്രശ്നമാണ് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് എന്ന ആശയത്തിന് പിന്നിലും കിറ്റക്സ് സംഭവത്തിന് പിന്നിലും. ഇത്തരം നിലപാടുകളുടെ പൊട്ടിത്തെറിയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. മുതലാളിത്ത വികസനത്തിന്റെ ഭാഗമായി ഈ സംഘർഷം വർദ്ധിക്കുവാനാണ് പോകുന്നത്. മൂലകാരണങ്ങൾ പരിശോധിച്ച് പോകണം. ഒരു നിക്ഷേപ സംരംഭം അത് സ്ഥിതിചെയ്യുന്ന പ്രദേശത്തെ രാഷ്ട്രീയ, സാമൂഹ്യ സംവിധാനവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് നോക്കണം. വ്യത്യസ്ത മൂലധന കേന്ദ്രങ്ങൾ നിക്ഷേപത്തിനായി എങ്ങിനെ മത്സരിക്കുന്നു എന്ന് നോക്കേണ്ടതുണ്ട്. ഇതിന് തൊഴിലാളി വർഗ്ഗവും സമൂഹവും നൽകേണ്ട വിലയെന്താണ്? ഈ നിലയിൽ വേണം കിറ്റക്സ് വിവാദം വിലയിരുത്താൻ. വാൾമാട്ടിന്റെ ആഗോള വിപണിക്കായി പ്രവർത്തിക്കുന്ന കിറ്റക്സിന് ചില ഹിഡൻ അജണ്ടകൾ ഉണ്ട്. കോർപ്പറേറ്റ് സാമൂഹ്യ ഉത്തരവാദിത്ത പ്രവർത്തനങ്ങളെ (സിഎസ്ആർ) 2015 മുതൽ കിറ്റക്സ് മുതലാളി ഒരു രാഷ്ട്രീയ രൂപമാക്കി മാറ്റിയെടുത്തിരിക്കുകയാണ്. 20:20 മുതലാളിത്ത ചൂഷണത്തെ ഇല്ലാതാക്കാനോ, തൊഴിലാളി വർഗ്ഗ രാഷ്ട്രീയ അധികാരത്തിനോ വേണ്ടിയുള്ളതല്ല എന്നും അത് മുതലാളിത്ത അജണ്ടയുടെ പുതിയ രൂപമാറ്റമാണെന്നും കിറ്റക്സിലെ തൊഴിലാളികൾ വൈകാതെ മനസ്സിലാക്കി തുടങ്ങും. എന്നാൽ, അതുകൊണ്ട് 20:20 യോടുള്ള പക തീർക്കാൻ ആ മുതലാളിയുടെ വ്യവസായം പൂട്ടിക്കാം എന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതിനോട് യോജിപ്പുമില്ല.

തൊഴിൽ ബന്ധങ്ങൾ, പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം, പ്രകൃതി വിഭവങ്ങളെ സംരക്ഷിക്കുക, നികുതി നൽകുക എന്നീ നിയന്ത്രണങ്ങൾ സംരംഭകരുടെ മേലുള്ള സാമൂഹ്യ നിയന്ത്രണത്തിന്റെ ഭാഗമാണ്.മൂലധനം എവിടെ കേന്ദ്രീകരിക്കണം എന്ന വിഷയം ആഗോളവത്ക്കരണ കാലഘട്ടത്തിൽ ട്രാൻസ് നാഷണൽ കമ്പനികളുടെ നിയന്ത്രണത്തിലാണ്. നിക്ഷേപകർക്ക് അതിന് തക്കതായ സ്വാതന്ത്ര്യവും ഉണ്ട്. എന്നാൽ വർഗീയ കലാപങ്ങൾ ലവലേശം പോലും പോറലേൽപ്പിക്കാൻ അനുവദിക്കാത്ത കേരള ജനതയെ തള്ളിക്കളഞ്ഞ് ഹൈദ്രാബാദിലേക്ക് പോകും എന്ന വിരട്ടൽ ഇപ്പോൾ കിറ്റക്സ് മുതലാളിക്ക് തന്നെ തിരിച്ചടിയായിട്ടുണ്ട്. ഇത് സമൂഹം തിരിച്ചറിഞ്ഞ് തുടങ്ങി. തൊഴിലാളികൾ,

പരിസ്ഥിതി, സമൂഹം എന്നിവയുടെ താത്പര്യങ്ങൾ അവഗണിക്കാനുള്ള സന്നദ്ധതയും ശേഷിയും, അതിനോടുള്ള എതിർപ്പും ഏറ്റു മുട്ടിയാൽ അത് വസ്തുതാപരമായി പരിഹരിക്കുകയും ഒരു സംസ്ഥാനത്തിന്റെ നിക്ഷേപക സൗഹൃദത്തെ പ്രതികൂലമായി ബാധിക്കാതെ നോക്കുകയും വേണം.

**കേരളത്തിന്റെ പരിമിതികളും ശേഷിയും**

നികുതി ഇളവുകൾ ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് ജിഎസ്ടി വന്നതോടെ അത്തരം ഇളവുകൾ സംസ്ഥാനത്തിന് വാഗ്ദാനം ചെയ്യാൻ കഴിയാതെയാകുന്നു. ആഗോളവത്കരണത്തിന്റെ വ്യാപനത്തിന് മുമ്പ് നിക്ഷേപകൻ അതാതിടത്തെ അടിസ്ഥാന രാഷ്ട്രീയ വ്യവസ്ഥയും ഭരണകൂടവുമായി ചർച്ച നടത്തിയിരുന്നു. ആഗോളവത്കരണകാലഘട്ടത്തിൽ അതിന്റെ ആവശ്യമില്ല. വാൾമാർട്ടിന്റെ താല്പര്യങ്ങൾ കിറ്റക്സിന് നടത്താമെന്ന നിലയാകുന്നു. തത്ഫലമായി നഷ്ടമാകുന്ന മൂല്യങ്ങളെച്ചൊല്ലി എന്തെങ്കിലും ചോദ്യമുയർന്നാൽ നിക്ഷേപം പിൻവലിക്കുമെന്ന് ഭീഷണിപ്പെടുത്തുന്നഘട്ടം വരെ എത്തിനിൽക്കുന്നു. 20:20 പകർന്ന ഊർജ്ജം വഴി ജനാധിപത്യ കേന്ദ്രങ്ങളെ ഒഴിവാക്കി രാജ്യത്തെ വ്യവസായ സാമ്രാജ്യം തന്നെ അധികാര കേന്ദ്രത്തിലെത്തണമെന്ന് കിറ്റക്സ് മുതലാളി ആഹ്വാനം ചെയ്തിരിക്കുന്നു. പഴയ ഈസ്റ്റിന്ത്യാ കമ്പനിയിലൂടെ രാഷ്ട്രീയ അധികാരം പിടിച്ചടക്കിയ ബ്രിട്ടീഷ് കോളനി വാഴ്ചയെയാണ് ഓർമ്മ വരുന്നത്. ജനാധിപത്യ വ്യവസ്ഥിതിയെ ഭയന്ന് സ്വേച്ഛാധിപത്യത്തിന്റെ ശീതളഛായയിൽ സ്വച്ഛന്ദം വിഹരിക്കുവാനാണ്, വേറെ സ്ഥലങ്ങളിലേക്ക് പാലായനം ചെയ്യാനുള്ള നീക്കം. മൂലധനത്തിന്റെ ശേഷിയും ഗർവ്വുമാണ് കിറ്റക്സിന്റെ നീക്കത്തിലൂടെയും പ്രകടമാകുന്നത്. അവിടങ്ങളിൽ എല്ലാം ഏകജാലകമായി ലഭിക്കുന്നു. മലിനീകരണ നിയന്ത്രണങ്ങൾ തീരെ അപര്യാപ്തമാണ്. കൂലി കുറവായ, തൊഴിൽ നിലവാരം ദുർബലമായ എതിർപ്പുകളെ ഇരുമ്പ് മുഷ്ടികൊണ്ട് അടിച്ചമർത്തുന്ന;പരിശോധിക്കാൻ ചുമതലപ്പെട്ടവരെ അനുവാദമില്ലാതെ അകത്ത് കടന്നാൽ പ്രോസിക്യൂട്ട് ചെയ്യുന്ന, സ്ഥലങ്ങളിലേക്കാണ് നിക്ഷേപം കൊണ്ടു പോകാൻ ശ്രമിക്കുന്നത്. കൈയ്യും കാലും പിടിച്ച് ഇവിടെ നിലനിർത്താൻ ശ്രമമുണ്ടായില്ലെങ്കിൽ എല്ലാവരും കൂടി ഇടതുപക്ഷഭരണത്തെ പുലഭ്യം പറയും എന്നതാണ് സ്ഥിതി. ഒരു പരിധിവരെയൊക്കെ പരിരക്ഷിച്ച് നിർത്താൻ ശ്രമം വേണം. തൊഴിൽ വകുപ്പും വ്യാവസായ വകുപ്പും, തദ്ദേശഭരണ സ്ഥാപനങ്ങളും, കെഎസ്ഐഡിസി പോലുള്ള സ്ഥാപനങ്ങളും ഈ അടിസ്ഥാനത്തിൽ എവിടം വരെ മാറ്റം അകാമെന്നത് കാര്യഗൗരവത്തോടെ സമയബന്ധിതമായി ആലോചിക്കുകയും വേണം. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ അതിന് വേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്. എൽഎൻജിയുടെ കാര്യത്തിലും വികസനത്തിന്റെ കാര്യത്തിലും അദ്ദേഹം നേതൃത്വം നൽകുന്ന എൽഡിഎഫ് സർക്കാർ എടുക്കുന്ന മുൻകൈ ഒരുമാതൃകയാണ് കേരളത്തിലെ എൽഡിഎഫ് സർക്കാരിന് നിക്ഷേപങ്ങളോട് ശത്രുതയുണ്ടെന്ന മട്ടിൽ ആരോപിക്കുന്നവർ മൂലധനത്തിന്റെ അവസരവാദത്തെ മഹത്വവത്കരിക്കുന്ന നിലപാട് തിരുത്തണം. മാനദണ്ഡങ്ങൾ വ്യവസായ നടത്തിപ്പിന് അനിവാര്യമാണോ, ദേഭഗതി ഏതുതലം വരെയാകാം എന്നിങ്ങനെ നിക്ഷേപ തടസ്സങ്ങൾ നീക്കം ചെയ്യാൻ കഴിയുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളും ചർച്ചകളും തുടരേണ്ടതുണ്ട്. വികസനം നടപ്പിലാക്കുമ്പോൾ സ്വാഭാവികമായും തദ്ദേശീയ സമൂഹത്തിന്റെ അവകാശം ഉറപ്പുനൽകുന്ന നിയമങ്ങൾ ശക്തമാക്കണം. മാത്രമല്ല നമ്മുടെ നാട് കൈവരിച്ച നേട്ടങ്ങളിൽ അഭിമാനിക്കുന്ന, സാധ്യതകളെ മനസിലാക്കുന്ന പ്രതിഭാധനരായ സംരംഭക കൂട്ടായ്മയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ കൂടുതൽ സുഗമവും ശക്തവുമാക്കണം.

വലിയ ഫാക്ടറി സമുച്ചയങ്ങൾക്ക് പ്രവർത്തിക്കുവാൻ കേരളത്തിന്റെ സ്ഥല പരിമിതി ഒരു പ്രശ്നമാണ്. ജനസാന്ദ്രത ഏറിയതും നഗരഗ്രാമ വ്യത്യാസമില്ലാത്തതുമായ കേരളത്തിന്റെ ജനവാസസ്ഥലങ്ങളിൽ നിന്നും പുഴയെ സംബന്ധിച്ചും അന്തരീക്ഷ വായുവിനെക്കുറിച്ചും വലിയ ഉത്കണ്ഠകൾ ഉയർന്ന് വരും. അതിന് പരിഹാരം തെറിപറഞ്ഞ് ഒളിച്ചോടുകയല്ല, മറിച്ച് ശാസ്ത്രീയ പരിഹാരങ്ങൾ തേടുകയാണ് വേണ്ടത്. എന്തായാലും കിറ്റക്സിന്റെ വാണിജ്യ താത്പര്യങ്ങൾക്ക് പറ്റിയ സ്ഥലമല്ല കേരളം എന്ന നിഗമനം നിമിത്തമാക്കി തന്നെ കൂടുതൽ വ്യക്തതയുള്ള നയ സമീപനം ആവശ്യമാണ്.

നിക്ഷേപ സൗഹൃദത്തിന്റെ അടിസ്ഥാനം ഏക്കറുകണക്കിന് സ്ഥലമോ അവിടത്തെ വൈദഗ്ധ്യമല്ലാത്ത കുറഞ്ഞകൂലി വാങ്ങുന്ന തൊഴിലാളികളൊ അല്ല; മറിച്ച് സംരംഭകരുടെയും, മാനേജ്മെന്റിന്റെയും, ജോലിക്കാരുടെയും പ്രവൃത്തിപരിചയവും, സാങ്കേതിക മികവുമാണ് പുതിയ വ്യവസായങ്ങൾക്ക് ഊർജ്ജമാകേണ്ടത്. എന്നാൽ ട്രേഡ് യൂണിയൻ ബാഹുല്യം, നിക്ഷേപകരെ കഴിയുന്നതും തൊടുന്യായങ്ങൾ പറഞ്ഞ് പിന്തിരിപ്പിക്കുന്ന ഉദ്യോഗസ്ഥ സമീപനം, ആവശ്യമില്ലാത്തവർ വ്യവ

സായ നടത്തിപ്പിന്റെ അധികാര പരിധിയിൽ കടന്ന് ഇടപെടുന്നതും തടസപ്പെടുത്തുന്നതും, പ്രതിസന്ധികൾ മനസിലാക്കാതെ അവകാശങ്ങളുടെ പേരിൽ നടത്തുന്ന അരാജകപ്രവണതകൾ ഇവയെല്ലാം ഏതൊരു സംരംഭകരെയും പുറകോട്ടടിപ്പിക്കും. ആവശ്യമായ മാറ്റം ഈ തലങ്ങളിലെല്ലാം അനിവാര്യമാണ്. കിറ്റക്സ് കേരളത്തിൽ നിന്ന് പോയാലും ഇല്ലെങ്കിലും സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് ഇത്തരം മാറ്റങ്ങൾ അത്യന്താപേക്ഷിതമാണ്.

കിറ്റക്സിന്റെ നിലപാടും വങ്കത്തരവും കാരണം ഈ സാധ്യതകളെ അവഗണിക്കരുത്. മരം കാരണം കാടുകാണാത്ത അവസ്ഥയുണ്ടാകരുത്. കേരളത്തിലെ അധ്വാനശേഷിയുള്ള പുതുതലമുറയെ ഗാർമെന്റ് ഇൻഡസ്ട്രിയുടെ അനന്തമായ വികാസ പാതയിലേക്ക് ആകർഷിക്കുവാനുള്ള പദ്ധതികൾക്ക് സർക്കാർ വരും കാലങ്ങളിൽ ഊന്നൽ നൽകേണ്ടതുണ്ട്. കൂടുതൽ അപ്പാരൽ പാർക്കുകൾ കിൽഫ്രയുടെ കീഴിൽ കൊണ്ടുവരാനുള്ള പദ്ധതികൾ കേരള സർക്കാർ ആരംഭിച്ചു കഴിഞ്ഞു.

### നിക്ഷേകർക്കായി സംസ്ഥാനത്തിന്റെ പുതിയ സംവിധാനങ്ങൾ

കേരളത്തിൽ കൈത്തറി മേഖലയ്ക്കായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് പുറമെ കൈത്തറി ആന്റ് ടെക്സ്റ്റൈയിൽസ് ഡയറക്ടറേറ്റും, പ്രവർത്തിക്കുന്നുണ്ട്. സംരംഭകർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനായി ഫെസിലിറ്റേഷൻ സെന്ററുകൾ വഴി നാനോ, സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലകൾക്ക് മതിയായ സഹായം നൽകിവരുന്നുണ്ട്. കേരളത്തിൽ പിണറായി സർക്കാർ അധികാരത്തിൽ ഉണ്ടായിരുന്ന കഴിഞ്ഞ അഞ്ചുവർഷം കൊണ്ട് എംഎസ്എംഇ യൂണിറ്റുകളുടെ എണ്ണം 70946 ആയി. 6612 കോടി രൂപയുടെ നിക്ഷേപം.2,52,054 തൊഴിലുകൾ സൃഷ്ടിച്ചു. 2016-2021 ൽ ഈ മേഖലയ്ക്ക് മതിയായ ബജറ്റ് വിഹിതം 756 കോടി രൂപയായിരുന്നു. ആയതിൽ 510 കോടി രൂപ വിനിയോഗിച്ച് കഴിഞ്ഞു. 2017 ലെ കേരള ഇൻവസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് ഈ രംഗത്ത് ഒരു വഴിത്തിരിവായിരുന്നു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുള്ള KSWIFT സംവിധാനം പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായങ്ങളെ (മലിനീകരണ നിയന്ത്രണ ബോർഡിന്റെ റെഡ് കാറ്റഗറിയിൽ ഉൾപ്പെടാത്തവയെ) 3 വർഷത്തേക്ക് അനുമതികളിൽ നിന്ന് ഒഴിവാക്കിയ ഭേദഗതി 2019 ൽ നിയമമായി. ജില്ലാ ഏകജാലക ക്ലിയറൻസ് ബോർഡ് പ്രവർത്തനം ആരംഭിച്ചു. സംരംഭകർക്ക് പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകി വരുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചു. സംരംഭകർക്കായി 30 ലക്ഷം രൂപ വരെ പ്രാരംഭ സഹായം, നിക്ഷേപസഹായം, സാങ്കേതിക സഹായം ഇവയ്ക്കായി നൽകുന്നു. ക്ലസ്റ്റർ വികസന പദ്ധതി, ഉത്പന്ന പ്രദർശന വില്പനശാലകൾ, അടിസ്ഥാന സൗകര്യ വികസനം, വിവര സാങ്കേതികാധിഷ്ഠിത പദ്ധതികൾ തുടങ്ങിയവയെല്ലാം നിക്ഷേപകരെ കേരളത്തിലേക്കാകർഷിക്കാൻ വേണ്ടിയുള്ള പദ്ധതികളാണ്. ഇവയൊന്നും കാണാതെയുള്ള പ്രചരണങ്ങൾ കേരളത്തിന്റെ താത്പര്യം സംരക്ഷിക്കാനുതകുന്നതല്ല. മേൽപ്പറഞ്ഞ സേവനങ്ങളുടെ നടപ്പിലാക്കൽ സുഗമമാക്കാൻ ക്രിയാത്മകമായ വിമർശനങ്ങളും നിർദ്ദേശങ്ങളും പരിഗണിക്കപ്പെടണം.




കേരള വ്യവസായ മന്ത്രി സ.പി.രാജീവിന്റെ പ്രഥമ പരിഗണന തദ്ദേശീയ വ്യവസായങ്ങൾ അതെത്ര ചെറുതാണെങ്കിലും വലുതാണെങ്കിലും പിടിച്ചു നിർത്തുന്നതിനായിരിക്കണം. പൊതുമേഖലയിലായാലും, സ്വകാര്യമേഖലയിലായാലും നിലവിലുള്ള വ്യവസായങ്ങൾ സുഗമമായി പ്രവർത്തിക്കുമ്പോൾ കൂടുതൽ നിക്ഷേപകർ കേരളത്തെ തേടിയെത്തുമെന്നതുറപ്പാണ്.

2-ാം ഭാഗം

# ലോക ചരിത്രത്തിൽ തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളുന്നു



എൻ.പത്മലോചനൻ

ചാർട്ടിസ്റ്റ് പ്രസ്ഥാനം 10 മാസമേ ജീവത്തായിരുന്നുള്ളു എങ്കിലും അതിന് ശ്രദ്ധേയമായ ദൗർബല്യങ്ങൾ ഉണ്ടായിരുന്നുവെങ്കിലും ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തെ ആകെ സമൂലമായ പരിവർത്തനത്തിനു വിധേയമാക്കുന്നതിലും ലോക തൊഴിലാളിവർഗ്ഗ പ്രസ്ഥാനത്തിൽ സ്വാധീനം ചെലുത്തുന്നതിനും അതിന് സാധിച്ചു. ഒരു തലമുറ പിന്നിടുന്നതിനു മുമ്പ് തന്നെ ചാർട്ടറിലെ പ്രസിദ്ധമായ ആറ് ആവശ്യങ്ങളും നിയമം മൂലം നിലവിൽ വരുന്നതിന് തൊഴിലാളി വർഗ്ഗം സാക്ഷ്യം വഹിച്ചു. വർഷങ്ങളായി ട്രേയിഡ് യൂണിയനുകളുടെയും ചാർട്ടിസ്റ്റുകളുടെയും പ്രധാന മുദ്രാവാക്യമായിരുന്ന 10 മണിക്കൂർ ജോലി സമയം എന്നതു പോലും ഭാഗികമായെങ്കിലും പ്രാവർത്തികമായി. 1847 ലെ നിയമം മൂലം സ്ത്രീകളുടേയും ബാല തൊഴിലാളികളുടെയും ജോലി സമയം 10 മണിക്കൂറായി നിജപ്പെടുത്തി. ഈ നടപടിയെപ്പറ്റി മാർക്സ് ഇങ്ങനെ വില ഇരുത്തി. "ആയതിനാൽ സാധാരണ ഗതിയിലുള്ള ഒരു പ്രവർത്തിദിനം സൃഷ്ടിക്കപ്പെട്ടത് മുതലാളി വർഗ്ഗവും തൊഴിലാളി വർഗ്ഗവും തമ്മിൽ നടന്ന സുദീർഘമായ ഏറ്റുമുട്ടലുകളുടെ ആഭ്യന്തര ഉത്പന്നമായിട്ടായിരുന്നു. ഇംഗ്ലീഷ് ഫാക്ടറി തൊഴിലാളികൾ ആയിരുന്നു അതിന്റെ മുന്നണി പോരാളികൾ; ഇംഗ്ലീഷുകാർ മാത്രമല്ലാ, ആധുനിക തൊഴിലാളി വർഗ്ഗം പൊതുവിൽ തന്നെയാണ് മൂലധനത്തിന്റെ സിദ്ധാന്തത്തിനോടുള്ള കടുത്ത വിമർശനം ആദ്യമായി മുന്നോട്ട് വച്ചത്". ഇങ്ങനെ ആയിരുന്നു ഇംഗ്ലീഷ് തൊഴിലാളിവർഗ്ഗത്തോടുള്ള തന്റെ ആദരവ് മാർക്സ് പ്രകടിപ്പിച്ചത്.




പൂർണ്ണ രാഷ്ട്രീയ അവകാശങ്ങൾക്കായുള്ള അസന്നിഗ്ധമായ ആവശ്യങ്ങൾ മുന്നോട്ട് വച്ച് തങ്ങളുടെ തന്നെ വർഗ്ഗത്തിന്റെ വിപുലമായ രാഷ്ട്രീയപാർട്ടി കെട്ടിപടുക്കുന്നതിനുള്ള ആദ്യ പരിശ്രമമായിരുന്നു ചാർട്ടിസ്റ്റ് പ്രസ്ഥാനം. അതുമൂലം, ലോകതൊഴിലാളി വർഗ്ഗ ചരിത്രത്തിൽ വളരെയേറെ പ്രാധാന്യമുള്ളതും മഹത്തരവുമായ പ്രസ്ഥാനമായിരുന്നു ചാർട്ടിസ്റ്റ് പ്രസ്ഥാനം. ലെനിൻ കൃത്യമായി ചൂണ്ടികാണിച്ചതുപോലെ ലോകത്ത് ആദ്യമായി വിപുലവും ശരിയായ ബഹുജനാടിസ്ഥാനത്തിലുള്ളതും രാഷ്ട്രീയമായ വ്യക്തതയുള്ളതുമായ തൊഴിലാളി വർഗ്ഗ വിപ്ലവ പ്രസ്ഥാനം ഉയർന്നു വന്നത് ഇംഗ്ലണ്ടിലായിരുന്നു. വിഖ്യാത ചാർട്ടിസ്റ്റ് നേതാവ് ജയിംസ് ബ്രോൺടേർ ഒബ്രിയാൽ വർഗ്ഗ സമരത്തെയും മുതലാളിത്ത ഭരണകൂടത്തിന്റെ സ്വഭാവത്തെയും സംബന്ധിച്ച് വളരെ വ്യക്തമായ ധാരണ വികസിപ്പിക്കുകയുണ്ടായി. ഇത് അദ്ദേഹം ചെയ്തത് കാറൽ മാർക്സ് കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ എഴുതുന്നതിനും 15 വർഷം മുൻപായിരുന്നു. ഒബ്രിയാന്റെ രചനയിൽ ഒട്ടേറെ ആശയക്കുഴപ്പം ഉണ്ടായിരുന്നെങ്കിലും അദ്ദേഹം മാർക്സിന്റെ വർഗ്ഗ സമരം സംബന്ധിച്ച വിശകലനത്തോട് വളരെ അടുത്തായിരുന്നു.

ഗ്രേറ്റ് ബ്രിട്ടണിലെ റൊബേർട്ട് ഓവന് (1760-1825) പുറമേ ഫ്രാൻസിലെ സാങ്കൽപ്പിക സോഷ്യലിസ്റ്റുകൾ ക്ലോദ് എച്ച് സെയിന്റ് സൈമൺ, ചാൾസ് എഫ്എം ഫുരായേ,എത്തിയേൻ കാബേ തുടങ്ങിയവർ തങ്ങളുടെ സങ്കൽപ്പത്തിനനുസരിച്ചുള്ള സമൂഹത്തെ സംബന്ധിച്ച ആദർശാത്മക പദ്ധതികൾക്കു

രൂപം നൽകിയിരുന്നു.

ജർമ്മനിയിലെ ഒരു തയ്യൽ തൊഴിലാളിയായ വിൽഹെം വെയ്റ്റ്ലിങ് മുതലാളിത്ത വ്യവസ്ഥയെ അടിസ്ഥാനപരമായി ആക്രമിക്കുകയും കമ്മ്യൂണിസം എന്ന ആശയം ഒരു വിധത്തിൽ അവതരിപ്പിക്കുകയും ചെയ്തു.

ഇതു പോലെ തന്നെ അമേരിക്കയിൽ മെഷിനിസ്റ്റായ തോമസ് സ്കിഡ്മോർ മുതലാളിത്തത്തെ ശക്തമായി എതിർക്കുകയും പ്രസ്തുത വ്യവസ്ഥിതിയെ ശക്തമായി എതിർക്കാൻ തൊഴിലാളികളെ ആഹ്വാനം ചെയ്യുകയും ചെയ്തു.

എന്നാൽ കാറൽ മാർക്സും ഏംഗൽസും ശാസ്ത്രീയ സോഷ്യലിസം വികസിപ്പിച്ചതും ചരിത്രത്തിന്റെ അരങ്ങിൽ ഒന്നാം ഇന്റർനാഷണൽ പ്രത്യക്ഷപ്പെട്ടതും ഈ 'ഉട്ടോപ്യൻ' പ്രസ്ഥാനങ്ങൾക്ക് അവസാനം കുറിച്ചു.

ഭരണവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള പോരാട്ടത്തിന്റെ പശ്ചാത്തലത്തിൽ 19ാം നൂറ്റാണ്ടിൽ തന്നെ ട്രെയിഡ് യൂണിയനുകളുടെ പ്രായോഗിക വികാസം നടന്നു. ഈ കാലഘട്ടത്തിൽ വ്യവസായം ഫാക്ടറികളായി സംഘടിപ്പിക്കപ്പെട്ടു. ട്രെയിഡ് യൂണിയനുകൾ തൊഴിലുടമകളുമായി കൂട്ടായി വിലപേശുവാനുള്ള മാതൃകകൾ വളർത്തികൊണ്ടു വന്നു.

ഇംഗ്ലണ്ടിൽ1867 ലെയും 1884 ലെയും ജനപ്രാതിനിധ്യ നിയമങ്ങളിലൂടെ തൊഴിലാളികൾ വോട്ടവകാശം നേടി എടുത്തു. 1868 ൽ ഇംഗ്ലീഷ് തൊഴിലാളി വർഗ്ഗത്തിന്റെ കേന്ദ്ര സംഘടന രൂപപ്പെട്ടു. 'ട്രെയിഡ് യൂണിയനുകളുടെ ചാർട്ടർ' എന്ന പേരിൽ 1871 ൽ ട്രെയിഡ് യൂണിയൻ ആക്ട് പാസാക്കി. ഇതോടെ തൊഴിലാളികളുടെ ലക്ഷ്യങ്ങൾ കുറ്റകരമായി പരിഗണിക്കപ്പെടുന്ന അവസ്ഥ മാറി. തൊഴിലാളികളെ പ്രതിനിധാനം ചെയ്ത രണ്ട് സ്ഥാനാർത്ഥികൾ ആദ്യമായി പാർലമെന്റിൽ എത്തിയതോടെയാണ് പുതിയ നിയമനിർമ്മാണത്തിനുള്ള അന്തരീക്ഷം ഒരുങ്ങിയത്. ഇംഗ്ലണ്ടിൽ ഭരണമാറ്റം ഉണ്ടാകുകയും ടോറികൾ അധികാരത്തിൽ വരുകയും ചെയ്തതിനെ തുടർന്നാണ് നിയമ പരിഷ്ക്കാരങ്ങൾക്കുള്ള രാഷ്ട്രീയ അന്തരീക്ഷം ഉണ്ടാകുകയും തൊഴിലുടമകളുമായി തൊഴിലാളികൾക്ക് കൂട്ടായി വിലപേശാനുള്ള സ്വാതന്ത്ര്യം ലഭ്യമാകുകയും ചെയ്തത്.

1848 ലെ യൂറോപ്യൻ വിപ്ലവത്തിന്റെ പരാജയം രാഷ്ട്രീയ അധികാരത്തിലുള്ള പങ്ക് ബൂർഷ്വാസിക്ക് ഏറെക്കുറെ പൂർണ്ണമായും നഷ്ടപ്പെടുന്നതിനിടയാക്കി. ഫ്രാൻസ് നെപ്പോളിയൻ മൂന്നാമന്റെയും സൈന്യത്തിന്റെയും ബ്യൂറോ ക്രസിയുടെയും പോലീസിന്റെയും ഭരണത്തിലായി. ജർമ്മൻ കോൺഫെഡറേഷനിലെ ഭരണ കൂടങ്ങൾ ഓരോന്നും രാജാക്കൻമാരുടെയും ഫ്യൂഡൽ പ്രഭുക്കൻമാരുടെയും ബ്യൂറോക്രാറ്റ്സുകളുടെയും നിയന്ത്രണത്തിലായി. വിപ്ലവശക്തികളുടെ നേതാക്കൻമാർ വധിക്കപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്യപ്പെട്ടു. തൊഴിലാളി സംഘടനകളുടെ നേതാക്കൾ സംരക്ഷിക്കപ്പെട്ടത് ഇംഗ്ലണ്ടിൽ മാത്രമാണ്. 1860 കളായപ്പോൾ അത് വേഗതയും കരുത്തും ആർജ്ജിച്ചു.



അതേ സമയം തന്നെ, പുതിയ സാമ്പത്തിക പ്രതിസന്ധി ഫ്രാൻസിലും ജർമ്മനിയിലും തൊഴിലാളി വർഗ്ഗത്തെ വീണ്ടും ഉണർത്തി എണീപ്പിച്ചു. അതു മുമ്പ് ഉണ്ടായിട്ടുള്ളതിനെക്കാൾ രാഷ്ട്രീയമായും സാമൂഹികമായും കൂടുതൽ കരുത്തുറ്റ പ്രസ്ഥാനത്തിന്റെ ഉദയത്തിനു കാരണമായി. സംഘം ചേരൽ വിരുദ്ധ നിയമങ്ങൾ ഉണ്ടായിരുന്നിട്ടും കൂലി കുറയ്ക്കുന്നതിനെതിരെ ഫ്രാൻസിൽ പണിമുടക്ക് പരമ്പരകൾ പൊട്ടിപ്പുറപ്പെട്ടു. അവിടെയും തൊഴിലാളികൾക്കിടയിൽ സാർവ്വദേശീയ പ്രവണത പ്രകടമായി. 1789 ലെ മഹത്തായ ഫ്രഞ്ച് വിപ്ലവത്തിലെ ശ്രദ്ധേയനായ പിപ്ലവകാരി ഫെബുവിന്റെ കാലം മുതൽ തന്നെ ഫ്രഞ്ച് തൊഴിലാളി വർഗ്ഗത്തിന് ശക്തമായ സാർവ്വദേശീയ പാരമ്പ



ര്യം ഉണ്ട്.

1864 സെപ്റ്റംബർ 28ന് സെന്റ് മാർട്ടിൻസ് ഹാളിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള തൊഴിലാളി വർഗ്ഗ പ്രതിനിധികൾ ആദ്യയോഗം ചേർന്നു. ഇംഗ്ലീഷ്കാർക്കും ഫ്രഞ്ച്കാർക്കുമൊപ്പം പല പ്രവാസി വിഭാഗങ്ങളും പങ്കെടുത്തു. ഇറ്റലിയെ പ്രതിനിധീകരിച്ച് ഗ്യാരിബാൾടിയുടെ ഒരു അനുയായയിയും ജർമ്മൻകാരെ പ്രതിനിധീകരിച്ച് കമ്മ്യൂണിസ്റ്റ് വർക്കേഴ്സ് എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ അംഗങ്ങളും പങ്കെടുത്തു. കാറൽ മാർക്സും ആ യോഗത്തിൽ സന്നിഹിതനായി.കേന്ദ്ര കമ്മറ്റിയിലെ അംഗമായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. സംഘടനയ്ക്ക് ഇന്റർനാഷണൽ വർക്കിംഗ് മെൻസ് അസോസിയേഷൻ എന്ന പേര് സ്വീകരിച്ചു.

സംഘടനയുടെ പരിപാടിക്ക് തന്റെ വീക്ഷണങ്ങൾ അംഗീകരിക്കാൻ മാർക്സിനു കഴിഞ്ഞു. 1848 ൽ തന്നെ പുറത്തു വന്നിരുന്ന കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോയിൽ തന്നെ കാറൽ മാർക്സിന്റെ രാഷ്ട്രീയവും സാമൂഹികവുമായ സിദ്ധാന്തങ്ങളുടെ അന്തസത്ത വ്യക്തമാക്കിയിരുന്നു. അതിന്റെ ഉള്ളടക്കങ്ങൾ അസോസിയേഷന്റെ പരിപാടിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞത് മാർക്സിനെ സബന്ധിച്ചിടത്തോളവും അളവറ്റനേട്ടം ആയിരുന്നു. മാർക്സ് തയ്യാറാക്കിയ കരട് ഭരണഘടനയും ഇന്റർനാഷണലിൽ അദ്ദേഹം നടത്തിയ പ്രസംഗവും നിസ്സാരമായ ഭേദഗതികളോടുകൂടി അംഗീകരിപ്പിക്കാൻ മാർക്സിന് കഴിഞ്ഞു. 'സർവ്വരാജ്യ തൊഴിലാളികളെ ഒന്നിക്കുവിൻ' എന്ന 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യിലെ മഹത്തായതും ഐതിഹാസികവുമായ മുദ്രാവാക്യത്തോടുകൂടിയാണ് യോഗം അവസാനിച്ചത്.

അസോസിയേഷന്റെ ഭരണഘടനയുടെ ആമുഖം യൂറോപ്യൻ തൊഴിലാളി വർഗ്ഗത്തിന്റെ ചരിത്ര പ്രധാനമായ രേഖകളിൽ ഒന്നായി അറിയപ്പെടുന്നു.

**ചില പ്രധാന യോഗങ്ങൾ**

തൊഴിലാളിവർഗ്ഗത്തിന്റെ മോചനം തൊഴിലാളി വർഗ്ഗം സ്വയം നേടി എടുക്കേണ്ടതാണ്. പോരാട്ടത്തിന്റെ അർത്ഥം വർഗ്ഗപരമായ കുത്തകയ്ക്കും പ്രത്യേക അവകാശങ്ങൾക്കുമുള്ള പോരാട്ടമല്ല. മറിച്ച് തുല്യ അവകാശങ്ങൾക്കും ഉത്തരവാദിത്വങ്ങൾക്കും വേണ്ടി ഉള്ളതും എല്ലാവർഗ്ഗ വാഴ്ചകളും അവസാനിപ്പിക്കാനുമുള്ള പോരാട്ടമാണ്.

ആയതിനാൽ തൊഴിലാളി വർഗ്ഗത്തിന്റെ സാമ്പത്തികമായ മോചനം എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒരു മാർഗ്ഗ മെന്ന നിലയിൽ അതിലുൾപ്പെടുത്തേണ്ട മഹത്തായ ഒരു ലക്ഷ്യം ആയിരിക്കണം. തൊഴിലാളികളുടെ മോചനം പ്രാദേശികമോ ദേശീയമോ ആയ പ്രശ്നമല്ല അതൊരു സാമൂഹ്യ പ്രശ്നമാണ്. ആധുനിക സമൂഹം നിലവിലുള്ള എല്ലാ രാജ്യങ്ങൾക്കും ബാധകമാണ്. ഇനിയും വരാനിരിക്കുന്ന കാലഘട്ടങ്ങളിലും ലോകമെങ്ങുമുള്ള തൊഴിലാളി വർഗ്ഗത്തെ സംബന്ധിച്ചിടത്തോളം പ്രവർത്തനത്തിനുള്ള കുറ്റമറ്റ മാർഗ്ഗദർശി എന്ന നിലയിൽ ചരിത്രത്തിൽ ഇതു രേഖപ്പെടുത്തണം.

## ലോക ട്രെയിഡ് യൂണിയൻ പ്രസ്ഥാനം

വിവിധ രാജ്യങ്ങളിൽ വളർന്നു വന്ന ട്രെയിഡ് യൂണിയൻ പ്രസ്ഥാനം തുടക്കം മുതൽ തന്നെ സാർവ്വദേശീയ മനോഭാവം പ്രകടിപ്പിച്ചു വന്നിരുന്നു. എവിടെ നടക്കുന്നതായാലും പണിമുടക്കുകൾക്കു പിന്തുണ നൽകേണ്ടതാണെന്ന് അവർക്ക് ബോധ്യപ്പെട്ടിരുന്നു. പണിമുടക്കു പൊളിപ്പന്മാരെ ഇറക്കുമതി ചെയ്യുന്നതുൾപ്പെടെ മുതലാളിത്ത വ്യവസ്ഥയിൽ അവർ അഭിമുഖീകരിക്കേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളെ കൂട്ടായി നേരിടുക എന്നതിനായിരുന്നു അത്.ട്രേഡ് യൂണിയനുകളിലെ സാധാരണ പ്രവർത്തകർ അവരുടെ യാഥാസ്ഥികരായ നേതാക്കൾക്ക് ഇല്ലെങ്കിൽപോലും 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ' ഉദ്ഘോഷിച്ച 'സര്വ്വ രാജ്യതൊഴിലാളികളെ ഒന്നിക്കുവിൻ' എന്ന അടിസ്ഥാന തൊഴിലാളി വർഗ്ഗ മുദ്രാവാക്യത്തിൽ വലിയ അർത്ഥം കണ്ടെത്തിയിരുന്നു.

ചാർട്ടിസ്റ്റ് പ്രസ്ഥാനത്തിന്റെ കാലഘട്ടം മുതൽ തന്നെ ബ്രിട്ടനിലെ തൊഴിലാളി യൂണിയനുകളിൽ ശക്തമായ സാർവ്വദേശീയ പ്രവണതകൾ ദൃശ്യമായിരുന്നു. നാം കണ്ടതുപോലെ തന്നെ ഗ്രേറ്റ് ബ്രിട്ടണിലെയും ഫ്രാൻസിലെയും സംഘടിത തൊഴിലാളികളുടെ മുൻകൈ അടിസ്ഥാനമാക്കിയായിരുന്നു ഇന്റർനാഷണൽ വർക്കിംഗ് മെൻസ് അസോസിയേഷൻ, അതായത് ഒന്നാം ഇന്റർനാഷണൽ, തന്നെ സ്ഥാപിക്കപ്പെട്ടത്. ആദ്യകാല ട്രേഡ് യൂണിയനുകൾ തങ്ങളുടെ പൊതു സംഘടന എന്ന നിലയിൽ ഒന്നാം ഇന്റർനാഷണലിനെ അംഗീകരിച്ചു.

പുതിയ സംഘടനയെ കായിക അധ്വാനത്തിൽപ്പെടുന്ന തൊഴിലാളികളുടേതു മാത്രമായി പരിചയപ്പെടുത്തുവാൻ 1866 ൽ ജനീവയിൽ ചേർന്ന ഒന്നാം ഇന്റർനാഷണലിന്റെ ആദ്യ കോൺഗ്രസ്സിൽ ഒരു നീക്കം നടത്തിയിരുന്നു. എന്നാൽ വളരെ വിവേക പൂർവ്വം തന്നെ സമ്മേളനം ആ പ്രമേയത്തെ തള്ളിക്കളഞ്ഞു. ചരിത്രപരമായി വിവിധ രാജ്യങ്ങളിലെ തൊഴിലാളികൾക്ക് അനിവാര്യമായിരുന്നത് വിപുലമായ ഒരു രാഷ്ട്രീയ സംഘടന ആയിരുന്നു. അതിനു വേണ്ടി ആയിരുന്നു മാർക്സ് പൊരുതിയത്.

എന്നാൽ ഏതെങ്കിലും വിധത്തിലുള്ള സാർവ്വദേശീയ ട്രേഡ് യൂണിയൻ സംഘടന എന്ന ആവശ്യം തുടർച്ചയായി ഉയർന്നു വന്നിരുന്നു. ഒന്നാം ഇന്റർനാഷണലിന്റെ പല സമ്മേളനങ്ങളിലും ഈ ആവശ്യം തുടർച്ചയായി ഉയർന്നു വന്നു. എന്നാൽ അതിന്റെ സാദ്ധ്യതകൾ തടയാനുള്ള ശക്തി ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിലെ യാഥാസ്ഥിതിക വിഭാഗത്തിനുണ്ടായിരുന്നു.

ഈ കാലത്ത് ബ്രിട്ടീഷ് തൊഴിലാളി പ്രസ്ഥാനത്തിന്റെ തലപ്പത്തുണ്ടായിരുന്ന മർക്കട മുഷ്ടിക്കാരായ ബ്യൂറോക്രാറ്റുകൾ ഒരു സാർവ്വദേശീയ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് എതിരായിരുന്നു. ഇംഗ്ലണ്ടിലെ വിദഗ്ധ തൊഴിലാളികളുടെ നിലവാരത്തിൽ മറ്റു രാജ്യങ്ങളിലെ തൊഴിലാളികൾ എത്തുന്നതുവരെ ഒന്നും ചെയ്യാനാകില്ലെന്ന നിലപാടിലായിരുന്നു അവർ. എന്നാൽ 1886 ലെ ബ്രിട്ടീഷ് ട്രെയിഡ് യൂണിയൻ കോൺഗ്രസ്സ് അതിന്റെ നേതാക്കന്മാരെ അവഗണിക്കുകയും 1887 ലെയും 1888ലെയും ഇനറർനാഷണൽ കോൺഗ്രസ്സുകൾ സാർവ്വദേശീയ ട്രെയിഡ് യൂണിയൻ പ്രസ്ഥാന രൂപീകരണത്തിന് പിന്തുണ നൽകുകയും ചെയ്തു. പ്രസ്തുത കോൺഗ്രസ്സുകൾ പ്രധാനമായും മാർക്സിസ്റ്റ് നിലപാട് സ്വീകരിച്ചവരായിരുന്നു.

ഒന്നാം ഇന്റർനാഷണൽ പ്രസ്ഥാനത്തെപോലെ രണ്ടാം ഇന്റർനാഷണലും സാർവ്വദേശീയമായി ട്രെയിഡ് യൂണിയനുകളുടെ ഒത്തുചേരലിന്റെ കേന്ദ്രമായി പ്രവർത്തിച്ചു. രണ്ടാം ഇന്റർനാഷണലിന്റെ പല ആദ്യകാല കോൺഫറൻസുകളിലും ഒരു ട്രെയിഡ് യൂണിയൻ ഇന്റർനാഷണൽ വേണമെന്ന ആവശ്യം തുടർച്ചയായി ഉന്നയിക്കപ്പെട്ടിരുന്നു. 1889 ൽ പാരീസിൽ ചേർന്ന അതിന്റെ സ്ഥാപക കോൺഗ്രസ്സിൽ ആ പ്രമേയം വോട്ടിനിട്ട് തള്ളിയതോടെ തുടക്കത്തിൽ തന്നെ ആ പദ്ധതിയ്ക്ക് തിരിച്ചടി ഏറ്റു. ഈ പ്രാവശ്യം എതിർപ്പുമായി എത്തിയത് ജർമ്മൻ നേതാക്കളായിരുന്നു. അത്തരം ഒരു സംഘടന സ്ഥാപിക്കപ്പെടുകയാണെങ്കിൽ അത് ബ്രിട്ടീഷ്, ഫ്രഞ്ച്, അമേരിക്കൻ ട്രെയിഡ് യൂണിയനുകളുടെ നിയന്ത്രണത്തിലാകാനുള്ള സാദ്ധ്യത ഏറെ ആണെന്ന് അവർ ശരിക്കും ഭയന്നിരുന്നു. ട്രെയിഡ് യൂണിയനുകളുടെ ശക്തമായ സാര്വ്വദേശീയ സഹകരണത്തിനും പ്രക്ഷോഭത്തിനും വേണ്ടി അമേരിക്കൻ ട്രെയിഡ് യൂണിയനായ എ.എഫ്.എൽ, വാദിച്ചിരുന്നതുകൊണ്ടു തന്നെ ജർമ്മൻകാർ അതിനെ എതിർത്തു. 1893 ൽ ചിക്കോഗോയിൽ ഒരു പൊതു ട്രെയിഡ് യൂണിയൻ കോൺഗ്രസ്സ് വിളിച്ചു ചേർക്കണമെന്ന ആവശ്യം എഎഫ്എൽ മുന്നോട്ട് വച്ചു. എന്നാൽ ബ്രിട്ടീഷ് ട്രെയിഡ് യൂണിയൻ മാത്രമാണ് പ്രസ്തുത നിർദ്ദേശത്തെ പിൻതുണച്ചത് എന്നതു കൊണ്ട് പ്രസ്തുത നിർദ്ദേശം തള്ളിക്കളഞ്ഞു. തുടർന്നു രണ്ടാം ഇന്റർനാഷണൽ കോൺഗ്രസ്സുകളിൽ പ്രത്യേകിച്ചും 1893 ൽ സുറിച്ചിലും 1896 ൽ ലണ്ടനിലും ഈ ആശയം ശക്തമായി ഉന്നയിക്കപ്പെട്ടിരുന്നു. അപ്പോഴൊക്കെയും ഈ നിർദ്ദേശത്തെ ജർമ്മൻ ട്രെയിഡ് യൂണിയൻ ബ്യൂറോക്രസി എതിർത്തിരുന്നു.

തുടരും...




# അമേരിക്കൻ സാമ്രാജ്യത്വത്തോട് ഏറ്റുമുട്ടി നിൽക്കുന്ന ക്യൂബ



■ ജോസ് ടി എബ്രഹാം

2021 ജൂലൈ 11 ന് ക്യൂബയുടെ വിവിധ പ്രദേശങ്ങളിൽ സർക്കാരിനെതിരായ പ്രകടനങ്ങൾ നടക്കു കയുണ്ടായി. സാന്റിയാഗോ, ഹവാനയുടെ പ്രാന്തപ്രദേശങ്ങൾ, മാറ്റൻ സാസ് തുടങ്ങി കോവിഡ് 19 വ്യാപകമായിട്ടുള്ള പ്രദേശങ്ങളിലും എല്ലാ നിബന്ധനകളും ലംഘിച്ച് പ്രകടനങ്ങൾ നടക്കുകയുണ്ടായി. പ്രകടനക്കാർ ജനാലച്ചില്ലുകൾ അടിച്ചു പൊട്ടിക്കുകയും കടകൾ കൊള്ളയടിക്കുകയും കല്ലുകളെറിഞ്ഞു കാറുകൾ തകർക്കുകയും ചെയ്യുകയുണ്ടായി. പ്രകടനങ്ങളുടെയും അതിക്രമങ്ങളുടെയും സംഘാടനം നടന്നത് അമേരിക്കൻ പിന്തുണയുള്ള സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളുടെ സഹായവും ഉപയോഗിച്ചാണ്.

അന്തർദേശീയ മാധ്യമങ്ങൾ ഈ പ്രകടനങ്ങൾക്ക് വലിയ രീതിയിൽ പ്രചാരണം നൽകുകയുണ്ടായി. ക്യൂബൻ സർക്കാരിനെതിരായി ജനരോഷം ഉയരുന്നു, സർക്കാർ വലിയ പ്രതിസന്ധിയിലാണ്, ഭരണ മാറ്റം അനിവാര്യമാണ്, തുടങ്ങിയ രൂപത്തിൽ മാധ്യമങ്ങൾ ലോകമാകെ വലിയ പ്രചാരണങ്ങൾ അഴിച്ചു വിട്ടു കൊണ്ടിരിക്കുകയാണ്. എന്നാൽ ക്യൂബയിലാകെ നടന്നതും നടന്നുകൊണ്ടിരിക്കുന്നതുമായ സർക്കാരിനെ പിന്തുണച്ചു കൊണ്ട് നടക്കുന്ന പ്രകടനങ്ങളും പ്രചാരണങ്ങളും മാധ്യമങ്ങൾ മൂടിവെക്കുകയാണ്.

അമേരിക്ക ഉൾപ്പെടെയുള്ള ലോക രാജ്യങ്ങളിൽ പല രൂപത്തിലുള്ള സർക്കാർവിരുദ്ധ പ്രകടനങ്ങളും പ്രക്ഷോഭങ്ങളും നടക്കാറുണ്ട്. കറുത്ത വംശജർക്കെതിരായ അതിക്രമങ്ങൾക്കെതിരെ

■ 1990 കളിലെ സ്ഥിതിയിലേക്ക് ക്യൂബയെ തള്ളിവിടാനാണ് അമേരിക്ക ഇപ്പോൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ബാരക് ഒബാമ പ്രസിഡന്റായിരുന്ന കാലത്ത് അദ്ദേഹം കുറച്ചൊരു അനുകൂല മനോഭാവം ക്യൂബയോട് കാണിച്ചിരുന്നു. എന്നാൽ ട്രംപ് ക്യൂബക്കെതിരെയുള്ള ഉപരോധങ്ങൾ ശക്തമാക്കി. ട്രംപ് ക്യൂബയുടെ മറ്റു രാജ്യങ്ങളുമായുള്ള വ്യാപാര ഇടപാടുകൾ തടയാൻ 243 നടപടികൾ എടുക്കുകയുണ്ടായി. ക്യൂബയിൽ നിക്ഷേപം നടത്താൻ വരുന്നവരെ തടയുക, ക്യൂബയിലേക്ക് ഇന്ധനവുമായി വരുന്ന കപ്പലുകൾക്ക് നികുതിയും ഫൈനും ഏർപെടുത്തുക, ക്യൂബയിലേക്കുള്ള പണമയക്കൽ തടയുക. അമേരിക്ക ആധിപത്യം പുലർത്തുന്ന ഒരുരംഗമായ അന്തർദേശീയ ധനകാര്യസ്ഥാപനങ്ങളുമായുള്ള ക്യൂബയുടെ എല്ലാ ഇടപാടുകളും തടയുക, ക്യൂബയിലേക്കുള്ള കുടുംബ സന്ദർശനങ്ങൾ പോലും തടയുക തുടങ്ങിയ അനേകം നടപടികൾ ട്രംപ് ക്യൂബക്കെതിരെ സ്വീകരിച്ചു.

അമേരിക്കയിൽ അടുത്ത
പ്രകടനങ്ങൾ നടന്ന
കണ്ടതാണ്. എന്നാ
ൽ 1994 നുശേഷം
ലുള്ള പ്രതിഷേ
ൾ നടന്നിട്ടില്ല.
വിയറ്റ് യൂണി
ടർന്നുണ്ടായ
ര ാ

കാലത്ത് വലിയ
ത് ലോകമാകെ
ൽ ക്യൂബയി
വലിയ രൂപത്തി
ധ പ്രകടനങ്ങ
1991 ലെ സോ
യന്റേയും തു
സോഷ്യലിസ്റ്റ്
ജ്യങ്ങളുടെയും



തകർച്ച 1990 കളിൽ ക്യൂബൻ സമ്പദ് വ്യവസ്ഥയെ തകർത്തു. ക്യൂബയുടെ ജിഡിപി അക്കാലത്ത് 35% ഇടിഞ്ഞു. സോഷ്യലിസ്റ്റ് രാജ്യങ്ങളുമായി സൗഹാർദ്ദത്തിലായിരുന്ന ക്യൂബയുടെ 90 ശതമാനം വ്യാപാര ഇടപാടുകൾ ആകെ നിലച്ചു. അതോടൊപ്പം അമേരിക്ക ക്യൂബൻ സമ്പദ് വ്യവസ്ഥയെ തകർക്കുക എന്ന ലക്ഷ്യത്തോടെ 1992 ടോറിസെല്ലി നിയമം, 1996 ൽ ഹേംസ് ബർട്ടൻ നിയമം തുടങ്ങിയവ വഴി ക്യൂബക്കെതിരെ ശക്തമായ വ്യാപാര ഉപരോധ നടപടികളും എടുത്തു. ഇതുവഴി ക്യൂബയുടെ മറ്റു രാജ്യങ്ങളുമായുള്ള വ്യാപാര ഇടപാടുകളും അമേരിക്ക തടഞ്ഞു. ഈ കാലത്ത് ക്യൂബയിൽ വ്യാപകമായി ഭക്ഷണം, ഇന്ധനം, മരുന്നുകൾ, വ്യവസായം തുടങ്ങിയ എല്ലാ രംഗങ്ങളിലും വലിയ പ്രതിസന്ധി ഉണ്ടായി. ഈ തക്കം ഉപയോഗിച്ചാണ് അമേരിക്കയും പിണിയാളുകളും 1994ൽ ക്യൂബയിൽ വലിയ പ്രകടനങ്ങളും പ്രതിഷേധങ്ങളും സംഘടിപ്പിച്ചത്. അമേരിക്കൻ ഉപരോധങ്ങൾ മൂലം ക്യൂബയ്ക്ക് 130 ബില്യൻ ഡോളറോളം നഷ്ടം ഉണ്ടായിട്ടുണ്ടെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഇത്രയും തുക ഉണ്ടെങ്കിൽ ലാറ്റിനമേരിക്കയിലെ ജനങ്ങൾക്കാകെ കോവിഡ് 19 വാക്സിൻ നൽകാൻ കഴിയും.

1990 കളിലെ സ്ഥിതിയിലേക്ക് ക്യൂബയെ തള്ളിവിടാനാണ് അമേരിക്ക ഇപ്പോൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ബാരക് ഒബാമ പ്രസിഡന്റായിരുന്ന കാലത്ത് അദ്ദേഹം കുറച്ചൊരു അനുകൂല മനോഭാവം ക്യൂബയോട് കാണിച്ചിരുന്നു. എന്നാൽ ട്രംപ് ക്യൂബക്കെതിരെയുള്ള ഉപരോധങ്ങൾ ശക്തമാക്കി. ട്രംപ് ക്യൂബയുടെ മറ്റു രാജ്യങ്ങളുമായുള്ള വ്യാപാര ഇടപാടുകൾ തടയാൻ 243 നടപടികൾ എടുക്കുകയുണ്ടായി. ക്യൂബയിൽ നിക്ഷേപം നടത്താൻ വരുന്നവരെ തടയുക, ക്യൂബയിലേക്ക് ഇന്ധനവുമായി വരുന്ന കപ്പലുകൾക്ക് നികുതിയും ഫൈനും ഏർപെടുത്തുക, ക്യൂബയിലേക്കുള്ള പണമയക്കൽ തടയുക. അമേരിക്ക ആധിപത്യം പുലർത്തുന്ന ഒരുരംഗമായ അന്തർദേശീയ ധനകാര്യസ്ഥാപനങ്ങളുമായുള്ള ക്യൂബയുടെ എല്ലാ ഇടപാടുകളും തടയുക, ക്യൂബയിലേക്കുള്ള കുടുംബ സന്ദർശനങ്ങൾ പോലും തടയുക തുടങ്ങിയ അനേകം നടപടികൾ ട്രംപ് ക്യൂബക്കെതിരെ സ്വീകരിച്ചു.

മേൽ സൂചിപ്പിച്ച 243 നടപടികളിൽ അൻപതിലധികവും സ്വീകരിച്ചത് കോവിഡ് മഹാമാരി പടർന്നുപിടിച്ച കാലത്താണ്. ഇത് മെഡിക്കൽ വെന്റിലേറ്ററുകൾ, സ്പെയർപാർട്സുകൾ, സിറിഞ്ച്, മരുന്നുകൾ, ഭക്ഷണം, ഇന്ധനം തുടങ്ങിയ അവശ്യ വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നതിന് പോലും തടയിട്ടു. മറ്റ് രാജ്യങ്ങൾ സംഭാവനയായി നൽകിയ മെഡിക്കൽ ഉപകരണങ്ങളും മറ്റും ക്യൂബയിലേക്കെത്തുന്നത് പോലും അമേരിക്ക തടഞ്ഞു. ക്യൂബ നാല്പതിലധികം രാജ്യങ്ങളിലേ



ക്ക് ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും അയച്ച് മഹാമാരിക്കെതിരെ പോരാടാൻ സഹായിച്ച പ്പോഴാണ് അമേരിക്ക ക്യൂബക്കെതിരെ ഇത്തരം മനുഷ്യത്വ രഹിതമായ നടപടികൾ സ്വീകരിച്ചത് എന്നതാണ് മറ്റൊരു വിരോധാഭാസം. ക്യൂബ മാത്രമാണ് ലാറ്റിൻ അമേരിക്കയിൽ കോവിഡ് 19 നെതിരായ വാക്സിൻ വികസിപ്പിച്ചെടുത്തിട്ടുള്ളത്. എന്നാൽ ക്യൂബക്കാർക്ക് ഭക്ഷണം പോലും നിഷേധിക്കുകയാണ് അമേരിക്കൻ സാമ്രാജ്യത്വം. ഈ സാഹചര്യത്തിൽ ജനങ്ങളുടെ നിരാശയും രോഷവും സ്വാഭാവികമാണ്.

ഒബാമയുടെ വൈസ് പ്രസിഡന്റ് ആയിരുന്ന ഒരു ഡെമോക്രാറ്റ് പ്രസിഡണ്ടായി വന്നപ്പോൾ പ്രതീക്ഷയാണ് ഉണ്ടായിരുന്നത്. ക്യൂബയോട് കുറച്ചെങ്കിലും അനുകൂല നിലപാട് എടുക്കും എന്നാൽ തികച്ചും വിരുദ്ധമായ സമീപനമാണ് ബൈഡനിൽ നിന്നുണ്ടായത്. അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ യഥാർത്ഥ സ്വഭാവം അതാണുതാനും. ക്യൂബ എന്നല്ല ലാറ്റിനമേരിക്കയാകെ തന്നെ ഭൂമിശാസ്ത്രപരമായി അമേരിക്കയുടെ സമീപത്ത് കിടക്കുന്നത് മൂലം വലിയ ദുരിതങ്ങളാണ് ഏറ്റെടുക്കേണ്ടി വന്നത്. ലോകചരിത്രവും വ്യത്യസ്തമല്ല. റോമൻ സാമ്രാജ്യത്വത്തിന്റെയും ഓട്ടോമാൻ സാമ്രാജ്യത്വത്തിന്റെയും സമീപ രാജ്യങ്ങളിൽ വലിയ ദുരിതങ്ങളും അടിച്ചമർത്തലും ആണ് നേരിടേണ്ടിവന്നത്. സമീപ രാജ്യങ്ങളെ സാമ്രാജ്യത്ത രാജ്യം കീഴടക്കും, കൊള്ളയടിക്കും, വലിയ രൂപത്തിൽ ചൂഷണം ചെയ്യും.

എതിർത്താൽ കീടങ്ങളെ എന്നപോലെ ചവിട്ടി അരയ്ക്കും. ക്യൂബയുടെ കഷ്ടകാലം 1500കൾ മുതൽ തുടങ്ങിയതാണ്. സ്പെയിൻ ക്യൂബയെ 400 വർഷത്തോളം കോളനിയാക്കി വെച്ചു. അമേരിക്കൻ പ്രസിഡന്റ് വില്യം മക്കിന്‌ലി 1898 ൽ ക്യൂബയെ അമേരിക്കൻ വരുതിയിലാക്കി. 1959 ൽ ക്യൂബൻ വിപ്ലവത്തോടെയാണ് ക്യൂബ സ്വതന്ത്രമായത്. തുടർന്നങ്ങോട്ട് അമേരിക്കൻ കുതന്ത്രങ്ങളെല്ലാം നേരിട്ട് അമ്പതിലേറെ വർഷമായി ക്യൂബ പിടിച്ചുനിൽക്കുകയാണ്. സോവിയറ്റ് യൂണിയനുൾപ്പെടെ തകർന്ന് വിപ്ലവ പാത ഉപേക്ഷിച്ചപ്പോഴും ക്യൂബ പിടിച്ചുനിൽക്കുന്നത് പുരോഗമനപ്രസ്ഥാനങ്ങൾക്കാകെ ആവേശം പകരുന്ന കാര്യമാണ്.



■ കോവിഡ് പ്രതിസന്ധി മറികടക്കാൻ

# കേരളത്തിന്റെ ആശ്വാസ പദ്ധതി വീണ്ടും



കോവിഡ് രണ്ടാംതരംഗം ഏൽപ്പിച്ച പ്രതിസന്ധി തുടരുന്നതിനിടയിൽ കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് ഉത്തേജനം നൽകാനും ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ആശ്വാസം പകരാനുമായി എൽഡിഎഫ് സർക്കാർ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രതിസന്ധിയിലായ ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കർഷകർ ഉൾപ്പെടെയുള്ളവർക്ക് ആശ്വാസമേകുന്നതാണ് ധനമന്ത്രി കെ.എൻ.ബാലഗോപാൽ നിയമസഭയിൽ പ്രഖ്യാപിച്ച 5650 കോടി രൂപയുടെ പാക്കേജ്. കോവിഡ് പൂർണമായും നിയന്ത്രിച്ച് ജീവിതവും സാമ്പത്തിക പ്രവർത്തനങ്ങളും സാധാരണ നിലയിലാകാൻ ഇനിയും കുറച്ചുകാലം വേണ്ടിവരും. 55 ലക്ഷത്തോളം പേർക്ക് രണ്ടുമാസത്തെ സാമൂഹ്യക്ഷേമ പെൻഷൻ ഓണത്തിനുമുമ്പ് ഒരുമിച്ച് നൽകും. പെൻഷൻകാർക്ക് 3200 രൂപ വീതമാണ് ലഭിക്കുക. ഇതുവഴി 1700 കോടി രൂപ ജനങ്ങളുടെ കൈയിൽ നേരിട്ട് എത്തും. ഇത് വിപണി ഉത്തേജനത്തിന് സഹായകമാകും.

വിതരണം ആരംഭിച്ച ഓണത്തിന്റെ സ്പെഷ്യൽ ഭക്ഷ്യകിറ്റിനായി 526 കോടി രൂപയാണ് ചെലവഴിക്കുന്നത്. ലോക് ഡൗൺ പ്രഖ്യാപിച്ച 2020 മാർച്ചിൽ രാജ്യത്ത് ആദ്യമായി 20,000 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ചത് എൽഡിഎഫ് സർക്കാരാണ്. തുടർന്നും വിവിധ ജനവിഭാഗങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകി. രണ്ടാം പിണറായി സർക്കാരിന്റെ പുതുക്കിയ ബജറ്റിൽ ആരോഗ്യമേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉൾപ്പെടെ 20,000 കോടിയുടെ പാക്കേജ്കൂടി പ്രഖ്യാപിച്ചിരുന്നു. ജനങ്ങളുടെ കൈയിൽ പണം എത്തിച്ച് വിപണി സജീവമാക്കുക, ജനങ്ങൾക്ക് ഭക്ഷണം ഉറപ്പുവരുത്തുക, കോവിഡ് രോഗികൾക്ക് സൗജന്യ ചികിത്സ എന്ന നയമാണ് സർക്കാർ തുടക്കം മുതൽ സ്വീകരിച്ചത്. ഇതിന്റെ തുടർച്ചയാണ് ഇപ്പോൾ പ്രഖ്യാപിച്ച സഹായപദ്ധതി.

ചെറുകിട വ്യാപാര,വ്യവസായ മേഖലയെ സഹായിക്കുന്നതിനാണ് പ്രാധാന്യം നൽകിയിരുന്നത്. കേന്ദ്ര, സംസ്ഥാന ധനസ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, വാണിജ്യ ബാങ്കുകൾ എന്നിവയിൽ നിന്ന് ആഗസ്റ്റ് ഒന്നു മുതൽ എടുക്കുന്ന രണ്ട് ലക്ഷമോ അതിൽ താഴെയോ ഉള്ള വായ്പകളുടെ പലിശയുടെ നാല് ശതമാനം സർക്കാർ ആറുമാസത്തേക്ക് വഹിക്കും. ഒരു ലക്ഷം ചെറുകിട സ്ഥാപനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കും. സർക്കാർ വാടകയ്ക്ക് നൽകിയ കടമുറികളുടെ ജൂലൈ മുതൽ ഡിസംബർ 31 വരെയുള്ള വാടകയും കെട്ടിടനികുതിയും ഇലക്ട്രിസിറ്റി ഫിക്സഡ് ചാർജ്ജും ഒഴിവാക്കും.

വ്യവസായ പുനരുജ്ജീവനത്തിനായി കെഎഫ്സി വഴി മൂന്നു പദ്ധതികൂടി പ്രഖ്യാപിച്ചു. സ്റ്റാർട്ടപ്പുകൾക്ക് ഈടില്ലാതെ ഒരു കോടി രൂപവരെ വായ്പ അനുവദിക്കുന്ന 'സ്റ്റാർട്ടപ് കേരള വായ്പാ'പദ്ധതിയ്ക്ക് 50 കോടിയും വ്യാവസായ എസ്റ്റേറ്റിലെ സംരംഭങ്ങൾക്കുള്ള പ്രത്യേകവായ്പാപദ്ധതിക്ക് 500 കോടി രൂപയും നീക്കിവയ്ക്കും. മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതി പുനരാവിഷ്കരിച്ച് ഓരോ വർഷവും 500 സംരംഭം തുടങ്ങും. സാമ്പത്തിക പ്രവർത്തനവും ജനജീവിതവും സാധാരണ നിലയിലെത്തിക്കാനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് എല്ലാ സഹായവും സർക്കാർ ഉറപ്പാക്കുന്നുണ്ട്.

എല്ലാവർക്കും ഭക്ഷണവും സൗജന്യ ചികിത്സയും എത്തിക്കേണ്ട കാലഘട്ടത്തിൽ മനുഷ്യസ്നേഹപരമായ നിലപാടെടുക്കാൻ കേന്ദ്രസർക്കാർ വിമുഖത കാട്ടുകയാണ്. ഇവിടെയാണ് കേരളം രാജ്യത്തിനാകെ മാതൃകയാകുന്നതും.



### ദേശീയോദ്ഗ്രഥന കൗൺസിൽ

# നോക്കുകുത്തിയാക്കി മോഡി

മോഡിസർക്കാർ 2014 ൽ അധികാരമേറ്റശേഷം ഇന്നേവരെ ദേശീയോദ്ഗ്രഥന കൗൺസിൽ യോഗം ചേർന്നിട്ടില്ലെന്ന് ലോക്സഭയിൽ വെളിപ്പെടുത്തൽ. കൗൺസിൽ ഒടുവിൽ ചേർന്നത് 2013 സെപ്റ്റംബർ ഇരുപത്തിമൂന്നിനാണെന്ന് ആഭ്യന്തര സഹമന്ത്രി നിത്യാനന്ദ റായ് അറിയിച്ചു. അസം മിസോറം അതിർത്തിത്തർക്കം രക്തചൊരിച്ചിലിൽ എത്തി നിൽക്കെയാണ് കേന്ദ്രത്തിന്റെ കനത്ത അനാസ്ഥ വെളിപ്പെടുത്തുന്ന വിവരം പുറത്തുവരുന്നത്. ഏഴിടത്ത് സംസ്ഥാനങ്ങൾ തമ്മിൽ അതിർത്തിത്തർക്കമുണ്ടെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

വൈവിധ്യത്തിലും ഏകത്വം, മതസ്വാതന്ത്ര്യം, മതനിരപേക്ഷത, തുല്യത തുടങ്ങിയ മൂല്യങ്ങൾ ഉറപ്പാക്കാൻ 1961 ലാണ് കൗൺസിൽ രൂപീകരിച്ചത്. പ്രധാനമന്ത്രിമാരും മുഖ്യമന്ത്രിമാരും പ്രതിപക്ഷനേതാക്കളും നിയമജ്ഞരും മറ്റുമടങ്ങുന്ന കൗൺസിൽ തർക്കവിഷയങ്ങൾക്ക് പരിഹാരം കാണാൻ ഉതകിയിരുന്നു. ആവശ്യങ്ങൾക്ക് അനുസൃതമായാണ് കൗൺസിൽ വിളിക്കുന്നതെന്നും നിശ്ചിത ഇടവേളയിൽ ചേരണമെന്ന് നിബന്ധനയില്ലെന്നും കേന്ദ്ര മന്ത്രി അവകാശപ്പെട്ടു.

2013 ൽ മൻമോഹൻ സിങ് പ്രധാനമന്ത്രിയായിരിക്കെയാണ് കൗൺസിൽ അവസാനം വിളിച്ചത്. പതിനാറാമത് യോഗമായിരുന്നു അത്. യുപിഎ ഒന്നാം സർക്കാരിന്റെയും രണ്ടാം സർക്കാരിന്റെയും കാലത്ത് രണ്ട് തവണവീതം യോഗം ചേർന്നു. എന്നാൽ മോഡിസർക്കാർ വന്നശേഷം കൗൺസിൽ വിളിക്കണമെന്ന ആവശ്യം പലവട്ടം ഉയർന്നെങ്കിലും അവഗണിച്ചു. അതിർത്തിത്തർക്കങ്ങളിൽ നിന്നും മുതലെടുപ്പ് നടത്താനാണ് മോഡിസർക്കാർ ലക്ഷ്യമിട്ടത്.

**ഉപരോധം: കേന്ദ്രം ഇടപെടണമെന്ന് മിസോറാം**

അതിർത്തി സംഘർഷത്തെ തുടർന്ന് അസംകാർ ആരംഭിച്ച സാമ്പത്തിക ഉപരോധം അവസാനിപ്പിക്കാൻ കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ട് മിസോറാം. സംഘർഷത്തിൽ ആറ് പോലീസുകാർ ഉൾപ്പെടെ ഏഴ് അസംകാർ കൊല്ലപ്പെട്ടിരുന്നു. മിസോറാമിനെ മറ്റിടങ്ങളുമായി ബന്ധിപ്പിക്കുന്ന ദേശീയപാത 306 അസം തടഞ്ഞിരിക്കുകയാണ്. ഇത് ജന ജീവിതത്തെ സാരമായി ബാധിച്ചതായി മിസോറാം ആഭ്യന്തര സെക്രട്ടറി കേന്ദ്ര ആഭ്യന്തര സെക്രട്ടറിക്ക് അയച്ച കത്തിൽ അറിയിച്ചു. അസമും മിസോറാമും തമ്മിൽ ബന്ധിപ്പിക്കുന്ന മറ്റു വഴികളും തടഞ്ഞിരിക്കുകയാണ്.

മിസോറാമിലെ കോലസിബ് ജില്ലയിലുള്ള ബൈരബി സ്റ്റേഷനിലേക്കുള്ള ഏക റെയിൽപാത അസമിൽ നശിപ്പിച്ചു. കഴിഞ്ഞ വർഷം ഒക്ടോബർനവംബറിൽ അസംകാർ നടത്തിയ ഉപരോധവും മിസോറാമിൽ ജനജീവിതത്തെ സാരമായി ബാധിച്ചത് കത്തിൽ ഓർമിപ്പിച്ചു. ജനങ്ങളോട് സമാധാനം പാലിക്കാൻ മിസോറാം മുഖ്യമന്ത്രി അഭ്യർത്ഥിച്ചു.

ബിജെപി ഭരിക്കുന്ന അസമും സഖ്യകക്ഷി ഭരിക്കുന്ന മിസോറാമും തമ്മിൽ ശത്രുസേനകൾ പോലെ ഏറ്റുമുട്ടിയത് കേന്ദ്ര സർക്കാരിനെ പ്രതിക്കൂട്ടിലാക്കിയിരിക്കുകയാണ്. തർക്കപരിഹാരത്തിന് ഇരു സംസ്ഥാനത്തെയും ചീഫ് സെക്രട്ടറിമാരും പോലീസ് മേധാവികളും ഉൾപ്പെട്ട യോഗം കേന്ദ്ര ആഭ്യന്തര സെക്രട്ടറി അജയ് ഭല്ലയുടെ അധ്യക്ഷതയിൽ ഡൽഹിയിൽ നടന്നു. സംഘർഷം നിലനിൽക്കുന്ന അതിർത്തിമേഖലയിൽ നിന്ന് സേനകളെ പിൻവലിക്കാൻ ഇരു സർക്കാരുകൾ തമ്മിൽ ധാരണയായി. സംഘർഷം നിലനിന്ന ദേശീയപാത 360 ൽ കേന്ദ്ര അർധ സൈനിക വിഭാഗത്തെ (സിഎപിഎഫ്)നിയോഗിക്കും.

**തർക്ക മേഖല**

| | |
|---|---|
| അസം | അരുണാചൽപ്രദേശ് |
| അസം | മിസോറാം |
| അസം | നാഗാലാന്റ് |
| അസം | മേഘാലയ |
| ഹരിയാന | ഹിമാചൽപ്രദേശ് |
| ഹിമാചൽപ്രദേശ് | ലഡാക്ക് |
| മഹാരാഷ്ട്ര | കർണ്ണാടകം |

# നിയമനിർമാണം ഇങ്ങനെയോ ?
# പാർലമെന്റിലെ ജനാധിപത്യക്കുരുതി




■ സാജൻ എജുവിൻ

പാർലമെന്റിനെ നോക്കുകുത്തിയാക്കുകയാണ് നരേന്ദ്രമോഡിയുടെ നേതൃത്വത്തിലുള്ള ബിജെപിസർക്കാർ. അതിപ്രധാന ബില്ലുകൾ അടക്കം ചർച്ചകൂടാതെ പാസ്സാക്കുന്നു. കോർപറേറ്റുകൾക്ക് രാജ്യത്തെ തീറെഴുതാനും ദേശീയ പരമാധികാരം അട്ടിമറിക്കാനും ഇടയാക്കുന്ന നിയമങ്ങളാണ് തിടുക്കത്തിൽ പടച്ചുണ്ടാക്കുന്നത്. പെഗാസസ് ചാരവൃത്തി, കർഷകപ്രക്ഷോഭം, വിലക്കയറ്റവും സാമ്പത്തികപ്രതിസന്ധിയും എന്നീ വിഷയങ്ങളിൽ ചർച്ച വേണമെന്ന പ്രതിപക്ഷആവശ്യം നിരാകരിച്ച് സഭസ്തംഭനത്തിനു കളമൊരുക്കുന്ന സർക്കാരാണ് ബില്ലുകൾ നിമിഷങ്ങൾകൊണ്ട് പാസാക്കിയെടുക്കുന്നത്. ഇരുസഭയിലും ചെയർ ഇതിനു കൂട്ടുനിൽക്കുന്ന ദൗർഭാഗ്യകരമായ സ്ഥിതിവിശേഷവുമുണ്ട്. നിഷ്പക്ഷരായി പ്രവർത്തിക്കേണ്ട സഭാധ്യക്ഷന്മാർ സർക്കാരിന്റെ ജനാധിപത്യ ധ്വംസനത്തിനു കൂട്ടുനിൽക്കുകയാണ്. പ്രതിപക്ഷത്തെ കക്ഷിനേതാക്കൾക്കുപോലും സംസാരിക്കാനുള്ള അവസരം നിഷേധിക്കപ്പെടുന്നു. ബില്ലുകളുടെ ചർച്ചയ്ക്ക് പ്രതിപക്ഷ അംഗങ്ങൾ എഴുന്നേൽക്കുമ്പോൾ മൈക്ക് ഓഫാക്കുന്നു. വോട്ടെടുപ്പ് ആവശ്യപ്പെട്ടാലും ഫലമില്ല. സഭ ചട്ടങ്ങളും ഭരണഘടനാ തത്വങ്ങളും കാറ്റിൽപ്പറത്തുകയാണ്. ഇന്ത്യൻ ജനാധിപത്യത്തെ ദുർബലപ്പെടുത്തുന്ന ഈ സമീപനം വേണ്ടത്ര ചർച്ചചെയ്യാൻ മാധ്യമങ്ങൾ പൊതുവെ തയ്യാറാകുന്നില്ല.

മൂന്ന് കാർഷികനിയമങ്ങൾ രാജ്യസഭയിൽ മുമ്പ് പാസാക്കിയത് പ്രതിപക്ഷം ആവശ്യപ്പെട്ട വോട്ടെടുപ്പ് നടത്താതെയാണ്. ഇതിന്റെ കൂടുതൽ മോശമായ തനിയാവർത്തനമാണ് പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ ഉണ്ടായത്. ജൂലൈ 26നു ആരംഭിച്ച സമ്മേളനത്തിൽ ആഗസ്ത് 11 വരെ ഇരുപതിൽപരം ബില്ലുകൾ ചർച്ചകൂടാതെ പാസാക്കി. ഒരു ബിൽ പാസാക്കാൻ ശരാശരി എട്ട് മിനിട്ട് പോലും എടുത്തില്ല.

## ചർച്ചകൂടാതെ പാസാക്കിയ ബില്ലുകൾ

പ്രതിരോധ നിർമാണമേഖലയിലെ ജീവനക്കാരുടെ പണിമുടക്ക് നിരോധനം(അവശ്യ പ്രതിരോധസേവനബിൽ), ജനറൽ ഇൻഷ്വറൻസ് നിയമ ഭേദഗതി, ആദായനികുതി നിയമ ഭേദഗതി, എയർപോർട്ട് ഇക്കണോമിക് റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ഭേദഗതി, ഡിപ്പോസിറ്റ് ഇൻഷ്വറൻസ് ആൻഡ് ക്രഡിറ്റ് ഗ്യാരന്റി കോർപറേഷൻ ഭേദഗതി, ലിമിറ്റഡ് ലയബലിറ്റി പാർട്ണർഷിപ്പ് ഭേദഗതി, പാപ്പർകടബാധ്യത കോഡ് ഭേദഗതി, ഉൾനാടൻ ജലയാനങ്ങൾ, നാളികേര വികസനബോർഡ്, ഫാക്ടറിങ് റഗുലേഷൻ, ബാലനീതി, മറൈൻ ആൻഡ് എയ്ഡ്സ് നാവിഗേഷൻ.ഡൽഹി വായുഗുണനിലവാര നിയന്ത്രണം, ട്രിബ്യൂണൽ പരിഷ്കാരം, കേന്ദ്രസർവകലാശാല ബിൽ, ധനവിനിയോഗ ബിൽ, നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി ബിൽ.

### അവശ്യപ്രതിരോധ സേവന ബിൽ

പ്രതിരോധ ഉപകരണങ്ങൾ നിർമിക്കുന്ന ഓർഡനൻസ് ബോർഡിനെ കോർപറേറ്റുവൽക്കരിക്കാനും സ്വകാര്യവൽക്കരിക്കാനും കേന്ദ്രസർക്കാർ ശ്രമിക്കുന്നതിൽ പ്രതിഷേധിച്ച് ആയുധനിർമാണ ഫാക്ടറികളിലെ 70,000ൽപരം ജീവനക്കാർ അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ഈ നിയമനിർമാണം. പണിമുടക്ക് നിരോധിച്ച് ഇറക്കിയ ഓർഡിനൻസിനു പകരമാണ് ഈ ബിൽ. തൊഴിലാളികൾക്ക് സംഘടിക്കാനും പണിമുടക്കാനുമുള്ള അവകാശം നിഷേധിക്കുന്ന ബില്ലിനെ വ്യവസ്ഥകൾ അത്യന്തം പ്രതിലോമകരമാണ്.

പണിമുടക്കിൽ പങ്കെടുക്കുന്നവർക്ക് ഒരു വർഷം തടവോ 10,000 രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷ ലഭിക്കും. പണിമുടക്കിൽ പങ്കെടുക്കാനും പണിമുടക്കിൽ തുടരാനും സഹായം നൽകുന്നവരെ രണ്ട് വർഷം വരെ തടവോ 15,000 രൂപ പിഴയോ രണ്ടും കൂടിയോ ശിക്ഷിക്കാം. ബില്ലിലെ വ്യവസ്ഥകൾ ലംഘിക്കുന്നവരെ ജോലിയിൽനിന്ന് പിരിച്ചുവിടാം. പ്രത്യേക അന്വേഷണം നടത്താതെ തന്നെ പിരിച്ചുവിടൽ നടപ്പാക്കാം. ബില്ലിലെ വ്യവസ്ഥകളുടെ ലംഘനം ജാമ്യമില്ലാത്ത കുറ്റങ്ങളാണ്. കൂട്ടഅവധി, ജോലിയിൽനിന്ന് വിട്ടുനിൽക്കൽ, അധികസമയ ജോലി ചെയ്യാൻ വിസമ്മതിക്കൽ, ജോലി തടസ്സപ്പെടുത്തുന്ന മറ്റേതു പ്രവർത്തനം എന്നിവയും പണിമുടക്കായി പരിഗണിക്കുമെന്ന് ബില്ലിൽ പറയുന്നു.

എയർപോർട്ട് ഇക്കണോമിക് റഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യ ഭേദഗതി ബിൽ

നഷ്ടത്തിൽ പ്രവർത്തിക്കുന്ന വിമാനത്താവളങ്ങൾ ഏറ്റെടുക്കാൻ സ്വകാര്യ കമ്പനികൾ തയ്യാറാകാത്ത സാഹചര്യത്തിലാണ് ഈ ബിൽ. ലാഭകരമായ വിമാനത്താവളങ്ങളെയും അല്ലാത്ത വിമാനത്താവളങ്ങളെയും ജോഡിയാക്കി വിൽക്കും. യാത്രനിരക്കുകൾ നിശ്ചയിക്കാൻ അതോറിറ്റിക്ക് കൂടതൽ സ്വാതന്ത്ര്യം നൽകും. യാത്രനിരക്കുകൾ വർധിക്കാൻ ഇതു ഇടയാക്കും.

24 രാജ്യാന്തര വിമാനത്താവളം ഉൾപ്പടെ 137 വിമാനത്താവളമാണ് എയർപേർട്ട് അതോറിറ്റി ഓഫ് ഇന്ത്യ കൈകാര്യം ചെയ്യുന്നത്. 2018-19ലെ കണക്കുപ്രകാരം ഇതിൽ 102 എണ്ണം പ്രവർത്തനനഷ്ടം നേരിടുന്നു. എന്നാൽ കേരളത്തിലെ എല്ലാ വിമാനത്താവളങ്ങളും ലാഭത്തിലാണ്.

### ജനറൽ ഇൻഷ്വറൻസ് നിയമഭേദഗതി ബിൽ

ജനറൽ ഇൻഷ്വറൻസ് കോർപറേഷനിലും(ജിഐസി) അനുബന്ധ സ്ഥാപനങ്ങളായ നാഷണൽ ഇൻഷ്വറൻസ് , ന്യൂ ഇന്ത്യ അഷ്വറൻസ്, ഓറിയന്റൽ ഇൻഷ്വറൻസ്, യുണൈറ്റഡ് ഇന്ത്യ എന്നിവയിലും കേന്ദ്രസർക്കാരിനു 51 ശതമാനമെങ്കിലും ഓഹരിപങ്കാളിത്തം ഉറപ്പാക്കുന്ന 1972ലെ നിയമം ഭേദഗതി ചെയ്യുന്നു. കേന്ദ്രസർക്കാരിനു ഇൻഷ്വറൻസ് കമ്പനികളിൽ നയപരമായ തീരുമാനങ്ങൾ എടുക്കാനുള്ള അവകാശവും ഭൂരിപക്ഷം ഡയറക്ടർമാരെ നിയമിക്കാനുള്ള അവകാശവും ഇല്ലാതാക്കാനും ബിൽ വ്യവസ്ഥ ചെയ്യുന്നു. ജീവനക്കാരുടെ കാര്യത്തിൽ കേന്ദ്രസർക്കാർ എടുക്കുന്ന തീരുമാനങ്ങൾ പുതിയ ഡയക്ടർബോർഡിനു മാറ്റാം. പുതിയ ഇനം ഇടപാടുകൾ നടത്താൻ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സിന്റെ നിർവചനവും ബില്ലിൽ ഭേദഗതി ചെയ്തിട്ടുണ്ട്.

### ആദായനികുതി നിയമ ഭേദഗതി

വൊഡഫോൺ, കെയ്ൻ എനർജി തുടങ്ങിയ 15 ബഹുരാഷ്ട്ര കമ്പനികൾക്ക് ആയിരക്കണക്കിനു കോടി രൂപയുടെ നികുതിയിളവ് നൽകാനാണ് ഈ ബിൽ. 2012 മെയ് 28നു മുമ്പ് ഇന്ത്യൻ കമ്പനികൾ ഏറ്റെടുത്തതുവഴി വിദേശകോർപറേറ്റ് സ്ഥാപനങ്ങൾക്ക് ഉണ്ടായ മൂലധന ആദായത്തിനു നൽകേണ്ട നികുതി ഇതുവഴി ഒഴിവായി കിട്ടും. കമ്പനികൾ ഇതിനകം അടച്ച നികുതിവിഹിതം പലിശയില്ലാതെ തിരികെനൽകാനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു.

ഹച്ചിസൺ കമ്പനിയുടെ 67 ശതമാനം ഓഹരി 2007ൽ വൊഡഫോൺ 1,100 കോടി ഡോളറിന് ഏറ്റെടുത്തതിനും കെയ്ൻ എനർജി ഇന്ത്യയിലെ അവരുടെ അനുബന്ധ കമ്പനി 2006-07ൽ നേരിട്ടുള്ള ഉടമസ്ഥതയിലാക്കിയതിനും നികുതി ചുമത്താൻ കേന്ദ്രസർക്കാർ തീരുമാനിച്ചത് 2012ലാണ്. ഈ വിഷയത്തിൽ നിയമപോരാട്ടം നടന്നുവരവെയാണ് കേന്ദ്രം സ്വയം പിന്മാറുന്നത്.

### ട്രിബ്യൂണൽ പരിഷ്കാരബിൽ

വിവിധ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ട്രിബ്യൂണലുകളും അതോറിറ്റികളും നിരോധിക്കാനുള്ള ബിൽ. സിനിമാറ്റോഗ്രാഫ് നിയമം, കസ്റ്റംസ് നിയമം, പകർപ്പവകാശ നിയമം, എയർപോർട്ട് അതോറിറ്റി നിയമം, ട്രേഡ് മാർക്ക് നിയമം, പേറ്റന്റ്സ് നിയമം എന്നിവ പ്രകാരമുള്ള ട്രിബ്യൂണലുകളും അതോറിറ്റികളുമാണ് ഇല്ലാതാവുക. ഇതിനു പകരം ഹൈക്കോടതികളിൽ ഇത്തരം കേസുകൾ കൈകാര്യം ചെയ്യും. ഹൈക്കോടതികളിൽ ലക്ഷക്കണക്കിനു കേസുകൾ കെട്ടിക്കിടക്കുന്ന സാഹചര്യത്തിലാണ് ഈ പരിഷ്കാരം.




# പൊതുമേഖലാ ജനറൽ ഇൻഷുറൻസ് കമ്പനികൾ വില്പനയ്ക്ക്

**സി.ബി. വേണുഗോപാൽ**

ഇന്ത്യയിലെ പൊതുമേഖലാ ജനറൽ ഇൻഷുറൻസ് കമ്പനികൾ സ്വകാര്യ മേഖലയ്ക്ക് കൈമാറുന്നതിനുള്ള നിയമ ഭേദഗതി പാർലമെന്റ് പാസ്സാക്കി. പെഗാസസ്, കർഷക സമരം എന്നീ വിഷയങ്ങളിൽ പ്രക്ഷുബ്ധമായ സഭയിലെ ബഹളത്തിനിടയിൽ, യാതൊരു ചർച്ചയുമില്ലാതെ, തികച്ചും ജനാധിപത്യ വിരുദ്ധമായാണ്, ജനറൽ ഇൻഷുറൻസ് ബിസിനസ് (ദേശസാൽക്കരണം) നിയമ (GIBNA) ഭേദഗതി ബിൽ സർക്കാർ പാസ്സാക്കിയെടുത്തത്.

ഇൻഷുറൻസ് ഭേദഗതി നിയമം നിലവിൽ വരുന്നതോടുകൂടി, കേന്ദ്രസർക്കാരിന്റെ ഉടമസ്ഥതയിലുള്ള ന്യൂ ഇന്ത്യ, നാഷണൽ, ഓറിയന്റൽ, യുണൈറ്റഡ് ഇന്ത്യ എന്നീ നാല് ഇൻഷുറൻസ് കമ്പനികളിലെയും ഓഹരികൾ ഇഷ്ടാനുസരണം വിറ്റഴിക്കുന്നതിനും ഉടമസ്ഥത കൈയൊഴിയുന്നതിനും സർക്കാരിനു സാധിക്കും. GIBNA യിലെ രണ്ട് സുപ്രധാന ഭേദഗതികളാണ് സ്വകാര്യവൽക്കരണത്തിലേക്ക് വഴിതെളിക്കുന്നത്. ഒന്ന്, 10 (ബി) വകുപ്പിന്റെ ഭേദഗതിയാണ്. ഈ വകുപ്പ് പ്രകാരം പൊതുമേഖലാ കമ്പനികൾക്ക് ഓഹരി കമ്പോളത്തിൽ നിന്നും മൂലധനം സമാഹരിക്കാം. അതിനുള്ള നിബന്ധന, ഈ കമ്പനികളിൽ സർക്കാരിന്റെ ഓഹരി ഉടമസ്ഥത, ചുരുങ്ങിയത് 51% ഉണ്ടായിരിക്കണം എന്നതാണ്. പുതിയ ഭേദഗതി, ഈ നിബന്ധന എടുത്തു കളയുന്നു. രണ്ട്‌വകുപ്പ് 24(എ) യ്ക്കു ശേഷം 24(ബി) എന്ന പുതിയ വകുപ്പ് എഴുതി ചേർക്കുന്നു. അതുപ്രകാരം, ഈ ഭേദഗതി നിയമം നിലവിൽ വരുന്ന നാളിനു ശേഷം എന്നു വേണമെങ്കിലും പൊതുമേഖലാ ഇൻഷുറൻസ് കമ്പനിയിലെ നിയന്ത്രണം സർക്കാരിന് ഉപേക്ഷിക്കാം.

### ജനറൽ ഇൻഷുറൻസ് ദേശസാൽക്കരണം

വസ്തുവകകൾക്ക് അപകടം മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിനെതിരെയുള്ള ഇൻഷുറൻസാണ് ജനറൽ ഇൻഷുറൻസ്. അപകടം മൂലമുണ്ടാകാനിടയുള്ള സാമ്പത്തിക നഷ്ടം നികത്തുന്നതിന്റെ ഉത്തരവാദിത്തം വ്യക്തികളും സ്ഥാപനങ്ങളും മറ്റൊരു ഏജൻസിയെ ഏൽപ്പിക്കുന്ന ഏർപ്പാടാണിത്. രണ്ടുതരം ഇൻഷുറൻസുണ്ട് ലൈഫ് ഇൻഷുറൻസും ജനറൽ ഇൻഷുറൻസും. മനുഷ്യ ജീവന്റെ ഇൻഷുറൻസാണ് ലൈഫ് ഇൻഷുറൻസ്. മറ്റെല്ലാ ഇൻഷുറൻസും ജനറൽ ഇൻഷുറൻസ് വാഹന ഇൻഷുറൻസ്, കെട്ടിടം ഇൻഷുറൻസ്, കംപ്യൂട്ടർ ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ് തുടങ്ങിയവയൊക്കെ ഉദാഹരണങ്ങളാണ്. ഭാവിയിൽ ഉണ്ടാകാനിടയുള്ള ഒരു അപകടത്തിലെ നഷ്ടം എന്ന റിസ്ക് ആണ് ഇൻഷുറൻസ് കമ്പനികൾ ഏറ്റെടുക്കുന്നത്. പ്രീമിയം ഈടാക്കുമ്പോൾ ഇൻഷുറൻസ് കമ്പനി നൽകുന്ന വാഗ്ദാനമാണ് അപകടം മൂലം നഷ്ടമുണ്ടായാൽ അത് നികത്താമെന്നത്. അതുകൊണ്ട്, വാഗ്ദാനം പാലിക്കുക എന്നത് പരമപ്രധാനമാണ്. സ്വകാര്യ കമ്പനികൾ അത് പലപ്പോഴും ചെയ്യാറില്ല എന്നതാണ് വസ്തുത. ഉപഭോക്താക്കളുടെ പക്കൽനിന്നും പ്രീമിയം സമാഹരിച്ച്, കമ്പനികൾ മുങ്ങുന്നത് പതിവായപ്പോഴാണ് 1971 ൽ കേന്ദ്ര സർക്കാർ, ജനറൽ ഇൻഷുറൻസ് വ്യവസായം ദേശസാൽക്കരിച്ചത്. ലൈഫ് ഇൻഷുറൻസ് വ്യവസായം 1956 ൽ തന്നെ ദേശസാൽക്കരിച്ചിരുന്നു.

1971 മെയ് 13 ന് സ്വകാര്യമേഖലയിൽ പ്രവർത്തിച്ചിരുന്ന സ്വദേശിയും വിദേശിയുമായ 107 കമ്പനികളെ സർക്കാർ ഏറ്റെടുത്തു. 1972ൽ GIBNA നിലവിൽ വന്നു. അതിന്റെ ഭാഗമായി ജി.ഐ.സി. യും അതിന്റെ കീഴിൽ, അനുബന്ധ സ്ഥാപനങ്ങളായി നാലു കമ്പനികളും നിലവിൽ വന്നു. ജനറൽ ഇൻഷുറൻസ് വ്യവസായത്തിന്റെ സേവനവും സുരക്ഷയും രാജ്യമെമ്പാടും ലഭ്യമാവാൻ തുടങ്ങി. തുച്ഛമായ പ്രീമിയത്തിൽ, ഗ്രാമീണ ജനതയുടെ സുരക്ഷയ്ക്കായി നിരവധി ഇൻഷുറൻസ് പോളിസികൾ പുറത്തിറക്കി. ഇന്ത്യയിലെ ലക്ഷക്കണക്കായ ഗ്രാമങ്ങളിലേക്ക് ഇൻഷുറൻസിന്റെ സുരക്ഷയും സന്ദേശവും വ്യാപിച്ചു. ദേശസാൽക്കരണത്തിനു ശേഷം വലിയ വളർച്ചയാണ് നാലു കമ്പനികളും കൈവരിച്ചത്. 1973ൽ 789 ഓഫീസുകൾ മാത്രമുണ്ടായിരുന്നത് 2020ൽ 7546 ആയി വളർന്നു. 1973ൽ 184.26 കോടി രൂപയായിരുന്ന പ്രീമിയം 2020 ൽ 73045 കോടിയായി.

### ധനസമാഹരണം

ധനസമാഹരണത്തിന് ഏറ്റവും കൂടുതലായി ഉപയോഗിക്കപ്പെടുന്ന മേഖലയാണ് ഇൻഷുറൻസ്. ഉപഭോക്താക്കളിൽനിന്ന് കോടിക്കണക്കിന് രൂപയുടെ പ്രീമിയം ഇൻഷുറൻസ് കമ്പനികളുടെ പക്കൽ വന്നു ചേരുന്നു. ഒരേ സമയം എല്ലാവർക്കും ക്ലെയിം നൽകേണ്ടി വരുന്നില്ല എന്നതിനാൽ ഈ പണം കൂടുതൽ പണമുണ്ടാക്കുന്നതിനായി കമ്പനികൾക്ക് ഉപയോഗിക്കാൻ കഴിയുന്നു എന്നതാണ് പ്രത്യേകത. സ്വകാര്യ കമ്പനികൾ അത് ഓഹരിക്കമ്പോളത്തിൽ ഊഹക്കച്ചവടത്തിൽ മുടക്കി, പണത്തിൽ നിന്ന് കൂടുതൽ പണമുണ്ടാക്കുന്നു.

പൊതുമേഖലാ കമ്പനികളാകട്ടെ, പ്രീമിയമായി ലഭിക്കുന്ന പണത്തിന്റെ ഒരു ചെറിയ ഭാഗം മാത്രം ഓഹരി കമ്പോളത്തിൽ നിക്ഷേപിക്കുകയും ബാക്കി പണം സർക്കാരിന്റെ സെക്യൂരിറ്റികളിലും സാമൂഹ്യ മേഖലകളിലും നിക്ഷേപിക്കുകയും ചെയ്യുന്നു. അതിലൂടെ രാഷ്ട്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനാവശ്യമായ പണം ലഭിക്കുന്നു. രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലക്ഷക്കണക്കിന് കോടി രൂപയാണ് എൽ.ഐ.സി. യും ജി.ഐ.സി. യും നിക്ഷേപിച്ചിട്ടുള്ളത്. ഇൻഷുറൻസ് കമ്പനികൾ സ്വകാര്യവൽക്കരിക്കുന്നതോടെ ഈ നിക്ഷേപമാണ് ഇല്ലാതാവുന്നത്.

### സ്വകാര്യ കമ്പനികളുടെ വരവ്

1999 ഡിസംബറിലാണ് IRDA നിയമം പാസ്സാക്കിയത്. അതോടെ ഇന്ത്യൻ ഇൻഷുറൻസ് രംഗം വീണ്ടും സ്വകാര്യ കമ്പനികൾക്കായി തുറന്നു കൊടുക്കപ്പെട്ടു. 2000 ലാണ് ആദ്യത്തെ സ്വകാര്യ ഇൻഷുറൻസ് കമ്പനി നിലവിൽ വരുന്നത്. ഇന്ന് ജനറൽ ഇൻഷുറൻസ് മേഖലയിൽ, സർക്കാർ കമ്പനികൾ ഉൾപ്പെടെ 32കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യകമ്പനികൾ വന്നതോടെ ഇൻഷുറൻസ് വിപണിയുടെ സ്വഭാവം മാറി. അതുവരെ നിലവിലുണ്ടായിരുന്ന താരിഫ് നിയന്ത്രണങ്ങൾ എടുത്തു കളഞ്ഞു. മത്സരം വരുമ്പോൾ പ്രീമിയം നിരക്കുകൾ കുറയും എന്നായിരുന്നു പ്രചരണം. എന്നാൽ സംഭവിച്ചത് മറിച്ചാണ്. പ്രീമിയത്തിലെ കുറവ്, വൻതുക പ്രീമിയം നൽകുന്ന കോർപറേറ്റുകൾക്കു മാത്രമായി. സാധാരണക്കാർ ആശ്രയിക്കുന്ന വാഹന ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ് തുടങ്ങിയവയുടെ പ്രീമിയം വൻതോതിൽ വർദ്ധിച്ചു. വാഹനം നിരത്തിലിറക്കാൻ നിർബന്ധമായും എടുത്തിരിക്കേണ്ട തേഡ് പാർട്ടി ഇൻഷുറൻസിന്റെ പ്രീമിയത്തിൽ 3500% വരെ വർദ്ധനവുണ്ടായിട്ടുണ്ട്.

1986 ലാണ് ഇന്ത്യയിൽ, മെഡിക്ലെയിം എന്ന പേരിൽ ആരോഗ്യ ഇൻഷുറൻസ് നിലവിൽ വരുന്നത്. അന്ന് നാലുപേരുടെ ഒരു കുടുംബത്തിന് ചുരുങ്ങിയ പ്രീമിയം 250 രൂപയും ഇൻഷുറൻസ് തുക 25000 രൂപയുമായിരുന്നു. ഇന്ന് ചുരുങ്ങിയ ഇൻഷുറൻസ് തുക ഒരു ലക്ഷം രൂപയും പ്രീമിയം 10000 രൂപയ്ക്ക് മുകളിലുമാണ്.

സ്വകാര്യ കമ്പനികളുടെ വരവോടെ ഇൻഷുറൻസ് എന്നത് സാമൂഹ്യ സുരക്ഷയ്ക്കുള്ള ഉപാധി എന്ന നിലയിൽ നിന്നും ലാഭം വർദ്ധിപ്പിക്കാനുള്ള ചരക്കായി മാറി എന്നതാണ് വസ്തുത. പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളാവട്ടെ, ഒരേ സമയം ലാഭകരമായി പ്രവർത്തിക്കുവാനും കുറഞ്ഞ പ്രീമിയത്തിൽ ഗ്രാമീണ മേഖലയിലെ സാമൂഹ്യ ഉത്തരവാദിത്തം നിറവേറ്റാനും നിർബ്ബന്ധിതമാവുന്നു.

കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ പ്രധാനമന്ത്രി സുരക്ഷ ബീമ യോജന (PMSBY) നടപ്പാക്കുന്നത് പൊതുമേഖലാ കമ്പനികളാണ്. സ്വകാര്യ കമ്പനികൾ അതിൽ ഒരു താല്പര്യവും കാണിക്കുന്നില്ല. കാരണം ആ പദ്ധതിയിൽ ഒരു പോളിസിയുടെ പ്രീമിയം വെറും 12 രൂപയാണ്. ഇൻഷുറൻസ് തുകയാവട്ടെ രണ്ടു ലക്ഷവും. മറ്റൊരു പദ്ധതിയായ ആയുഷ്മാൻ ഭാരത് ആരോ





ഗ്യ ഇൻഷുറൻസ് നടപ്പാക്കുന്നതും പൊതുമേഖലാ കമ്പനികൾ തന്നെ. പ്രശ്നമെന്തെന്നാൽ, തുച്ഛമായ പ്രീമിയം വാങ്ങി വലിയ ബാദ്ധ്യതകൾഏറ്റെടുക്കാൻ പൊതുമേഖലാ കമ്പനികൾ നിർബന്ധിതമാവുമ്പോൾ, ലാഭമുള്ള ബിസിനസ് സ്വകാര്യ കമ്പനികൾ കൈക്കലാക്കുന്നു എന്നതാണ്. അതുകൊണ്ടാണ്, മത്സരശേഷി വർദ്ധിപ്പിക്കുന്നതിന്, നാല് പൊതുമേഖലാ കമ്പനികളെയും ലയിപ്പിച്ച് ഏക ശിലാകോർപ്പറേഷനാക്കി മാറ്റണമെന്ന് ദീർഘകാലമായി ഈ രംഗത്തെ ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടുവരുന്നത്.

**പ്രത്യാഘാതങ്ങൾ**

പൊതുമേഖലാ ജനറൽ ഇൻഷുറൻസ് കമ്പനികളുടെ സ്വകാര്യവൽക്കരണം, ഗുരുതരമായ പ്രത്യാഘാതമായിരിക്കും ഇന്ത്യൻ സമ്പദ്ഘടനയിലും സാമൂഹ്യ മേഖലയിലും സൃഷ്ടിക്കുക.

- **രാജ്യത്തിന്റെ വികസനത്തിനാവശ്യമായ പണം, വൻതോതിൽ ഇൻഷുറൻസ് കമ്പനികളിൽനിന്ന് സമാഹരിക്കപ്പെടുന്നുണ്ട്. അത് നിലയ്ക്കും. അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ വലിയ തിരിച്ചടിയുണ്ടാകും.**
- **ഗ്രാമീണ മേഖലയിലെ ഇൻഷുറൻസ് പരിരക്ഷ ഇല്ലാതാവും. RSBY, PMSBY, JPA തുടങ്ങിയ ചെറിയ പ്രീമിയത്തിന്റെ ഗ്രാമീണ പോളിസികൾ ക്രമേണ ഇല്ലാതാവും.**
- **ഇൻഷുറൻസ് ഓഫീസുകൾ വൻതോതിൽ അടച്ചുപൂട്ടപ്പെടും. ഓഫീസുകൾ നഗരങ്ങളിൽ മാത്രമായി ചുരുങ്ങും. അതോടെ സാധാരണക്കാരായ ഇൻഷുറൻസ് ഉപഭോക്താക്കൾക്ക് സേവനം അപ്രാപ്യമാവും.**
- **ക്ലെയിമുകൾ തീർപ്പു കല്പിക്കുന്നതിൽ വലിയ കാലതാമസവും പോരായ്മയും ഉണ്ടാകും. പ്രത്യേകിച്ചും വാഹനാപകടത്തിലെ നഷ്ടപരിഹാരം.**
- **പൊതുമേഖലാ കമ്പനികൾ ഇല്ലാതാവുന്നതോടെ ഓഹരി കമ്പോളത്തിലേക്ക് പതിനായിരക്കണക്കിന് കോടി രൂപ ഒഴുകിയെത്തും.**
- **ഇൻഷുറൻസ് പ്രീമിയത്തിൽ വലിയ വർദ്ധനയുണ്ടാകും.**
- **പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ സഹായഹസ്തവുമായി ഓടിയെത്തുന്നത് പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളാണ്. സ്വകാര്യ കമ്പനികൾ ആ ഭാഗത്തേക്ക് തിരിഞ്ഞു നോക്കില്ല.**
- **സ്വകാര്യവൽക്കരിക്കപ്പെടുന്നതോടെ, പൊതുമേഖലാ കമ്പനികളിൽ നിന്ന് വൻതോതിൽ ജീവനക്കാർ പിരിച്ചുവിടപ്പെടും.**
- **ഇൻഷുറൻസ് ബിസിനസ് നടത്തുന്നത് ഏജന്റുമാരിലൂടെയാണ്. ലക്ഷക്കണക്കിന് ഏജന്റുമാരാണ് ഇന്ത്യയിലെമ്പാടുമായി പൊതുമേഖലാ ഇൻഷുറൻസുമായി ബന്ധപ്പെട്ട് പണിയെടുക്കുന്നത്. അവരിൽ വലിയൊരു വിഭാഗത്തിന് തൊഴിലും വരുമാനവും നഷ്ടപ്പെടും.**
- **നാല് സർക്കാർ ഇൻഷുറൻസ് കമ്പനികൾക്കുമായി 2 ലക്ഷം കോടി രൂപയുടെ ആസ്തി അടിത്തറയുണ്ട്. 1,78,000 കോടിയുടെ നിക്ഷേപമുണ്ട് (investment) ഇത് പുസ്തകത്തിലെ കണക്ക് മാത്രമാണ്. രാജ്യത്തെ സുപ്രധാന നഗരങ്ങളിൽ കണ്ണായ സ്ഥലത്ത് സ്ഥിതിചെയ്യുന്ന, സ്വന്തമായുള്ള ഭൂമിയുടെയും കെട്ടിടങ്ങളുടെയും യഥാർത്ഥ വില ഇതിലും എത്രയോ ഇരട്ടിയായിരിക്കും. ലക്ഷക്കണക്കിന് കോടിയുടെ ആസ്തി ചുളുവിലയ്ക്ക് സ്വകാര്യ കുത്തകകൾക്ക് കൈയടക്കാനുള്ള പകൽകൊള്ളയ്ക്ക് വഴിയൊരുക്കുകയാണ് സർക്കാർ.**

സർക്കാരിന്റെ കുത്തക ഒഴിവാക്കി, മത്സരം പ്രോത്സാഹിപ്പിക്കാനെന്ന പേരിലാണ് കോൺഗ്രസ്. സർക്കാർ ഉദാരവൽക്കരണത്തിന് തുടക്കമിട്ടത്. ഇൻഷുറൻസ് രംഗം തുറന്നു കൊടുത്തതും അങ്ങിനെ തന്നെ. പക്ഷെ എല്ലാ മേഖലയിലും നടക്കുന്നത് സ്വകാര്യ കുത്തകവൽക്കരണമാണ്. ഏറ്റവും ഒടുവിലായി, ടെലികോം മേഖലയിൽ കമ്പനികൾ പൂട്ടിക്കൊണ്ടിരിക്കുകയാണ്. വൊഡാഫോൺ ഐഡിയ കമ്പനിയുടെ ഓഹരികൾ സർക്കാരിന് വിൽക്കാൻ തയ്യാറാണെന്ന് മാനേജ്മെന്റ് പറയുന്ന സ്ഥിതിയാണ്. അവിടെ ജിയോ മാത്രം.

ഇൻഷുറൻസിലും സംഭവിക്കാൻ പോകുന്നത് മറ്റൊന്നല്ല. മോദി സർക്കാർ ഈ കുത്തകവൽക്കരണത്തിന് വേഗതയേറ്റുകയാണ്. പൊതുമുതൽ വിറ്റഴിക്കുക എന്നത് അവരുടെ നയമാണ്. ബാങ്കുകൾ, ഇൻഷുറൻസ് കമ്പനികൾ, എൽ.ഐ.സി, വൈദ്യുതി കമ്പനികൾ, ഓർഡനൻസ് ഫാക്ടറികൾ, റെയിൽവേ തുടങ്ങിയ ജനസമ്പത്ത് പട്ടാപ്പകൽ കൊള്ളചെയ്യുകൊണ്ടു പോവുകയാണ്. ഈ ജനദ്രോഹ നടപടിയെ ചെറുക്കാൻ ശക്തമായ പ്രക്ഷോഭം ഉയരേണ്ടതുണ്ട്.

# മനുഷ്യരാശിക്ക് മുന്നറിയിപ്പുമായി കാലാവസ്ഥാ റിപ്പോർട്ട്



മനുഷ്യരുടെ പ്രവൃത്തികൾ ആഗോളകാലാവസ്ഥയെ മുമ്പില്ലാത്ത വിധം മാറ്റിക്കൊണ്ടിരിക്കുകയാണെന്നും അതിതീവ്രമായ ഉഷ്ണവാതങ്ങളും വരൾച്ചയും വെള്ളപ്പൊക്കവും കൂടിവരുമെന്നും ഐക്യരാഷ്ട്രസഭയുടെ റിപ്പോർട്ട്.

ഇന്റർഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ചിന്റെ (ഐപിസിസി) ആറാം റിപ്പോർട്ടിലാണ് ഭൂമി അഭിമുഖീകരിക്കുന്ന വലിയ പ്രതിസന്ധിയെക്കുറിച്ച് വിവരിക്കുന്നത്. കാലാവസ്ഥാവ്യതിയാനത്തിന്റെ ശാസ്ത്രീയവശങ്ങൾ വിലയിരുത്താൻ ഐക്യരാഷ്ട്രസഭ 1988 ൽ സ്ഥാപിച്ച സംഘടനയാണിത്.

വരുന്ന 20 വർഷം കൊണ്ട് ആഗോളതാപനിലയിലെ ശരാശരി വർധന ഒന്നര ഡിഗ്രി സെൽഷ്യസ് കടക്കുമെന്ന മുന്നറിയിപ്പുമുണ്ട്. താപനില ഈ പരിധി കടക്കാതിരിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2015 ൽ പാരീസ് കാലാവസ്ഥ ഉടമ്പടി കൊണ്ടുവന്നത്. പക്ഷേ, അതിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ രാജ്യങ്ങൾ ശുഷ്കാന്തി കാണിക്കാതിരുന്നതാണ് അതിവേഗം ആസന്നമാകുന്ന ദുരവസ്ഥയ്ക്ക് കാരണം.

മനുഷ്യരാശിക്കുള്ള അടിയന്തര മുന്നറിയിപ്പാണ് ഈ റിപ്പോർട്ടെന്ന് തിങ്കളാഴ്ച അത് പുറത്തിറക്കിക്കൊണ്ട് യു.എൻ.സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസ് പറഞ്ഞു. കാര്യങ്ങൾ വളരെ മോശമായിക്കൊണ്ടിരിക്കുകയാണെന്നും ഓടിയൊളിക്കാൻ ഒരിടവുമില്ലെന്നും റിപ്പോർട്ടിന്റെ സഹരചയിതാവ് ലിൻഡ മീൺസ് മുന്നറിയിപ്പ് നൽകി.

ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളലിൽ കാര്യമായ കുറവുവരുത്തിയാൽ ഭൗമതാപം ഇനിയും ഉയരാതെ കാക്കാമെന്നും റിപ്പോർട്ട് പറയുന്നു. നിർണ്ണായക കാലാവസ്ഥാ ഉച്ചകോടി മൂന്ന് മാസത്തിനകം സ്കോട്ട്ലാന്റിലെ ഗ്ലാസ്ഗോയിൽ നടക്കാനിരിക്കെയാണ് ഐപിസിസി റിപ്പോർട്ട് പുറത്തു വന്നത്. ഇന്ത്യയുൾപ്പെടെ വിവിധ രാജ്യങ്ങളിലെ 234 ശാസ്ത്രജ്ഞർ ചേർന്നാണ് നാലായിരത്തോളം പേജ് വരുന്ന റിപ്പോർട്ട് തയ്യാറാക്കിയത്.

### ഭൂമിയെ രക്ഷിക്കാനുള്ള വഴി

ആഗോളതാപം കുറയ്ക്കാൻ കഴിയുമെന്ന് റിപ്പോർട്ട് ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു. ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളൽ 2030 ഓടെ കാര്യമായി കുറയ്ക്കുകയാണ് ഇതിന് ആദ്യം വേണ്ടത്. ഈ നൂറ്റാണ്ടിന്റെ പകുതിയോടെ അത് ഒട്ടുമില്ലാതാകണം. അങ്ങനെ താപനിലയിലെ വർധന പിടിച്ചു നിർത്താനും സാവധാനം കുറയ്ക്കാനും കഴിയും.

### ഇന്ത്യയിലെ കാത്തിരിക്കുന്നത്

ഹിമാലയമല നിരകളിലെ മഞ്ഞുരുകും, സമുദ്രനിരപ്പ് ഉയരും. ചുഴലിക്കാറ്റുകൾ തീവ്രമാകും, അത് പ്രളയങ്ങൾക്കിടയാകും. കാലവർഷം താളംതെറ്റും, കൊടും ചൂടും വരൾച്ചയും ഉഷ്ണവാതവുമുണ്ടാകും. വരും വർഷങ്ങളിൽ ഇന്ത്യയെ കാത്തിരിക്കുന്നത് ഈ ദുരന്തങ്ങളാണെന്ന് ഐപിസിസി റിപ്പോർട്ട് പറയുന്നു. ഇവ അപരിഹാര്യമാണെ



ന്നും റിപ്പോർട്ടിലുണ്ട്.

മറ്റ് സമുദ്രങ്ങളെക്കാൾ ഇന്ത്യൻ മഹാസമുദ്രം അതിവേഗം ചൂടാകുന്നതാണ് കാരണം. സമുദ്രനിരപ്പുയരുന്നതിന് 50 ശതമാനം കാരണവും ഈ താപനില വർധനയാണെന്ന് ഐപിസിസി റിപ്പോർട്ടിന്റെ സഹരചയിതാവ് ഡോ. സ്വപ്ന പണിക്കർ പറഞ്ഞു. അടുത്ത 2030 വർഷം ഇന്ത്യയിൽ മഴ ലഭ്യത കൂടില്ല. ഈ നൂറ്റാണ്ടിന്റെ അവസാനത്തോടെ കാലവർഷത്തിൽ വർധനയുണ്ടാകും.

### 170 വർഷത്തിനിടയിലെ കൂടിയ ചൂട് കഴിഞ്ഞ അഞ്ച് വർഷത്തിൽ

1850 നുശേഷം ഏറ്റവും കൂടുതൽ ചൂട് രേഖപ്പെടുത്തിയത് കഴിഞ്ഞ അഞ്ച് വർഷത്തിനിടെയാണെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്.

### റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ

- **1850 മുതൽ 1900 വരെയുള്ള അമ്പത് വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2011-2020 ൽ ആഗോള താപനില 1.09 ഡിഗ്രി സെൽഷ്യൽസ് കൂടി.**

- **1901 മുതൽ 1971 വരെയുള്ള 70 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ കടലേറ്റ നിരക്ക് മൂന്നിരട്ടിയായി. ഈ നൂറ്റാണ്ടിന്റെ പാതിയോടെ സമുദ്രനിരപ്പ് 15 മുതൽ 30 വരെ സെന്റീമീറ്റർ ഉയരാൻ സാധ്യത.**

- **1990കൾ മുതൽ ഹിമാനികൾ അതിവേഗം ഉരുകുന്നതിനും ആർട്ടിക്കിന്റെ ഹിമകവചം നഷ്ടപ്പെടുന്നതിനും 90 ശതമാനം കാരണം മനുഷ്യന്റെ പ്രവൃത്തികൾ. 2050 നു മുമ്പ് ആർട്ടിക്കിൽ മഞ്ഞില്ലാതാകും.**

- **ആഗോളതാപനില ഈ നിലയ്ക്കുപോയാൽ ഉഷ്ണവാതകവും വരൾച്ചയും വെള്ളപ്പൊക്കവും കൊടുംകാറ്റും അടിയ്ക്കടിയുണ്ടാകും. 50 വർഷത്തിൽ ഒരിക്കൽ സംഭവിച്ചിരുന്നതരം ഉഷ്ണവാതം ഇപ്പോൾ പത്ത് വർഷത്തിൽ ഒരിക്കലുണ്ടാകുന്നു. ഭൗമതാപനില അല്പം കൂടി ഉയർന്നാൽ ഇത് ഏഴ് വർഷത്തിൽ രണ്ട് തവണ എന്ന നിലയിലാകും. തണുത്ത കാലാവസ്ഥ അപൂർവ്വമാകും.**

### പ്രളയകാലം വരുമെന്ന് നാസ

ഭൂമിയെ കാത്തിരിക്കുന്നത് വലിയ പ്രളയകാലമെന്ന് നാസ. ചന്ദ്രന്റെ ചലനത്തിലുണ്ടാകുന്ന മാറ്റം 2030 കളുടെ പകുതിയിൽ തുടർ പ്രളയമുണ്ടാകുമെന്നാണ് മുന്നറിയിപ്പ്. ചന്ദ്രന്റെ ഭ്രമണപഥത്തിലെ ഒരു ചലനം കാരണം സമുദ്രനിരപ്പ് ഉയരുന്നതാണ് വലിയ നാശനഷ്ടമുണ്ടാക്കാൻ സാധ്യതയുള്ള പ്രളയത്തിലേക്ക് നയിക്കുക. ചന്ദ്രന്റെ ചലനം കൊണ്ട് സമുദ്രനിരപ്പ് വലിയതോതിൽ ഉയരും. തീരപ്രദേശങ്ങൾ വെള്ളത്തിലാകും.

സമുദ്ര നിരപ്പിലുണ്ടാകുന്ന മാറ്റങ്ങളെക്കുറിച്ച് പഠിക്കുന്ന നാസയുടെ സംഘമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. കഴിഞ്ഞ ദിവസങ്ങളിൽ ജർമനി ഉൾപ്പെടെയുള്ള യൂറോപ്യൻ രാജ്യങ്ങളിൽ അപ്രതീക്ഷിതമായുണ്ടായ പ്രളയം കാലാവസ്ഥാവ്യതിയാനത്തിന്റെ സൂചനയാണെന്ന റിപ്പോർട്ടുകൾക്കിടെയാണ് നാസയുടെ പഠനം പുറത്തുവരുന്നത്.

### മാസത്തിൽ പകുതി ദിവസവും പ്രളയസാധ്യത

വേലിയേറ്റം തീരപ്രദേശത്തെ പതിവ് സംഭവമാണ്. പക്ഷേ, ഗവേഷകരുടെ പ്രവചനം ഈ വേലിയേറ്റങ്ങൾ സാധാരണയിൽ കവിഞ്ഞ് വലിയ അപകടം സൃഷ്ടിക്കുമെന്നാണ്. വേലിയേറ്റ സമയങ്ങളിൽ തിര ശരാശരി രണ്ട് അടിവരെയാണ് ഉയരുക. എന്നാൽ, ഈ ഘട്ടത്തിൽ കൂടുതൽ ഉയരത്തിൽ പൊങ്ങും. ചന്ദ്രന്റെയും ഭൂമിയുടെയും സൂര്യന്റെയും സ്ഥാനങ്ങളെ ആശ്രയിച്ച് ചിലപ്പോൾ ഒരു മാസമോ അതിൽ കൂടുതലോ നീണ്ടുനിൽക്കുന്ന ക്ലസ്റ്ററുകളിൽ വെള്ളപ്പൊക്കം ഉണ്ടാകും. ചിലപ്പോൾ മാസത്തിൽ 15 തവണവരെ വെള്ളപ്പെക്കമുണ്ടാകാം. ചന്ദ്രന്റെ ഭ്രമണപഥത്തിലെ ചലനം പൂർത്തിയാക്കാൻ 18.6 വർഷം എടുക്കും. ഇതിൽ പകുതി കാലം പ്രളയമുണ്ടാകുമെന്നാണ് നിഗമനം.ചന്ദ്രന്റേ ചലനം എപ്പോഴുമുണ്ട്. താപനംമൂലം ഉയരുന്ന സമുദ്രനിരപ്പും ചന്ദ്രന്റെ ചലനവും കൂടി ചേരുമ്പോഴാണ് അപകടകരമായ ഉയർച്ചയുണ്ടാകുന്നത്.

വേലിയേറ്റങ്ങളുടെ തോത് കൂടുന്നതോടെ മിക്ക ഭൂഖണ്ഡങ്ങളിലും പ്രളയങ്ങൾ പതിവാകും. ഇതിനൊപ്പം കാലാവസ്ഥാ വ്യതിയാനവും ചേരുമ്പോൾ ലോകത്തെ കാത്തിരിക്കുന്നത് വലിയ പ്രതിസന്ധിയാണ്. ഈ ദുരന്ത സാധ്യത നേരിടാൻ തയ്യാറെടുപ്പ് അത്യാവശ്യമാണെന്ന് പഠനത്തിന് നേതൃത്വം നൽകിയ ഹവായ് സർവകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ ഫിൽ തോംസൻ പറഞ്ഞു. കാലാവസ്ഥ വ്യതിയാനം മൂലം യുഎസിൽ 2019 ൽ ഉണ്ടായത് 600 പ്രളയങ്ങളാണ്.



# അഫ്ഗാനിസ്ഥാനെ താലിബാന് അടിയറവച്ച് അമേരിക്ക

അഫ്ഗാനിസ്ഥാൻ മനുഷ്യരാശിക്കു മേൽ നാശം വിതച്ചു കൊണ്ടിരിക്കുന്ന അമേരിക്കൻ ഇംപീരിയലിസത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. അമേരിക്കയുടെ 20 വർഷത്തെ അഫ്ഗാൻ അധിനിവേശക്കാലത്ത് 2312 ലധികം അമേരിക്കൻ പട്ടാളക്കാർ മരണമടഞ്ഞു. 20,016 പേർക്ക് പരിക്കേറ്റു. 40,000 ത്തോളം സാധാരണ ജനങ്ങൾ മരണമടഞ്ഞു. ലക്ഷക്കണക്കിനു പേർ അഭയാർത്ഥികളായി. ഒരു ലക്ഷം കോടി ഡോളറോളം അമേരിക്ക അഫ്ഗാനിസ്ഥാനിൽ ചിലവഴിച്ചു. അവസാനം എന്തുനേടി എന്നു ചോദിച്ചാൽ അഫ്ഗാനിസ്ഥാനെ താലിബാൻ എന്ന തീവ്രസംഘടനയ്ക്ക് അടിയറവച്ചു എന്നു മാത്രമാണുത്തരം. ബിൻലാദനെ പിടിക്കാൻ അഫ്ഗാനിലൂടെ പാകിസ്ഥാനിലും കടന്നു കയറി അമേരിക്ക ഒരു പ്രദേശമാകെ തീവ്രവാദികൾക്കടിയറവച്ചു.

അമേരിക്കയുടെ അഫ്ഗാനിൽ നിന്നുള്ള പിന്മാറ്റത്തിന് അനേകം മാനങ്ങളുണ്ട്. ഒന്നാമതായി അമേരിക്കക്ക് ഇപ്പോൾ പഴയതുപോലെ ലോകാധിപത്യം നിലനിർത്താൻ കഴിയുന്നില്ല. സാമ്പത്തികമായും രാഷ്ട്രീയമായും ക്ഷീണിതമാണ് ഇന്നവർ. രണ്ടാമതായി അമേരിക്ക അവരുടെ സൈനിക നീക്കങ്ങൾ അഫ്ഗാൻ, ഇറാൻ, തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും മാറ്റി. 'ചൈനയെ വളയുക' എന്ന നയത്തിന്റെ ഭാഗമായി തെക്കൻ ചൈന കടൽ പ്രദേശത്തേക്കു മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇതിനായി ഇന്ത്യയെയും അവർ കൂട്ടുപിടിക്കുന്നുണ്ട്. 'ക്വാഡ്' തുടങ്ങിയ സഖ്യങ്ങളും മറ്റും ഇതിന്റെ ഭാഗമാണ്. മൂന്നാമത്തെ വിഷയം ലോകത്തെ ഊർജ്ജ രംഗത്തു നടക്കുന്ന മാറ്റങ്ങളാണ് .എണ്ണയിൽ നിന്നും ലോകം ഇലക്ട്രിക് ഊർജ്ജ സംവിധാനങ്ങളിലേക്കു മാറുകയാണ്. എണ്ണയുടെ പ്രാധാന്യം കുറയുന്നതുമൂലം ഗൾഫ്,അഫ്ഗാൻ പ്രദേശങ്ങളിലെ അമേരിക്കയുടെ താത്പര്യം കുറയുകയാണ്. ഈ ഘടകങ്ങളാണ് അഫ്ഗാനിൽ നിന്നും പട്ടാളത്തെ പിൻവലിക്കാൻ അമേരിക്ക തീരുമാനിച്ചത്;

ഈ കുറിപ്പെഴുതുന്ന ആഗസ്റ്റ് 16 ആയപ്പോൾ അഫ്ഗാനിസ്ഥാനിലെ ഏറ്റവും വലിയ രണ്ടാമത്തെയും മൂന്നാമത്തെയും നഗരമായ കാണ്ഡഹാറും ഹൊറാത്തും പൂർണ്ണമായും പിടിച്ച് മണിക്കൂറുകൾക്കകം നാല് പ്രവശ്യാ തലസ്ഥാനം കൂടി നിയന്ത്രണത്തിലാക്കി താലിബാൻ. വടക്കൻമേഖല ഉൾപ്പെടെ രാജ്യത്തിന്റെ 80 ശതമാനത്തിലധികം പ്രദേശവും ഇപ്പോൾ താലിബാൻ നിയന്ത്രണത്തിലാണ്. ഇരുപത് വർഷത്തിനു ശേഷം താലിബാൻ അഫ്ഗാൻ തലസ്ഥാനമായ കാബൂളിൽ പ്രവേശിച്ചതോടെ പ്രസിഡന്റ് അഷ്റഫ് ഗനി രാജ്യം വിട്ടു. അഫ്ഗാനിസ്ഥാൻ വീണ്ടും താലിബാന്റെ പൂർണ നിയന്ത്രണത്തിലായി. പ്രസിഡന്റിന്റെ കൊട്ടാരവും താലിബാൻ പിടിച്ചു. മതഭീകരതയുടെ ഇരുണ്ട യുഗത്തിലേക്കാണ് വീണ്ടും രാജ്യം കൂപ്പുകുത്തുന്നത്. ഭീതിയിലായ ജനത പലായനം തുടരുകയാണ്.

ജനങ്ങൾ ഭയപ്പെടേണ്ടെന്നും സമാധാനപരമായ അധികാരകൈമാറ്റം ആഗ്രഹിക്കുന്നതായും താലിബാൻ വാർത്താക്കുറിപ്പിൽ പറഞ്ഞു. അഫ്ഗാനിൽ നിന്ന് അമേരിക്കൻ സേന പിന്മാറിയതോടെയാണ് താലിബാന്റെ മുന്നേറ്റം തുടങ്ങിയത്. ഏപ്രിലിൽ കേവലം 40 ശതമാനം പ്രദേശത്തു മാത്രമായിരുന്നു അവരുടെ നിയന്ത്രണം. മൂന്നര മാസം കൊണ്ട് രാജ്യം വീണു.

മുൻ പ്രസിഡന്റ് ഹമീദ് കർസായിയുടെ നേതൃത്വത്തിൽ അബ്ദുള്ള അബ്ദുള്ള അടങ്ങുന്ന സംഘമാണ് സർക്കാരിനു വേണ്ടി താലിബാനുമായി ചർച്ച നടത്തുന്നത്. 34 ൽ 26 പ്രവിശ്യയും അവസാന നഗരമായ ജലാലാബാദും കീഴ്പ്പെടുത്തിയശേഷമാണ് താലിബാൻ ഞായറാഴ്ച കാബൂളിൽ കടന്നത്. ചർച്ചയ്ക്കായി നേതാക്കൾ പ്രസിഡന്റിന്റെ കൊട്ടാരത്തിൽ എത്തിയപ്പോൾ മറ്റുള്ളവർ പ്രധാനമായും അതിർത്തികളിൽ നിലയുറപ്പിച്ചു. എന്നാൽ 'കൊള്ള തടയാൻ' രാത്രിയോടെ നഗരത്തിൽ കടക്കുമെന്ന് പറഞ്ഞ താലിബാൻ പിന്നീട് കാബൂൾ ജയിൽ കീഴടക്കി അയ്യായിരത്തോളം തടവുകാരെ തുറന്നു വിട്ടു.

അമേരിക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന അക്കാദമീഷ്യനും മുൻ ആഭ്യന്തര മന്ത്രിയുമായ അലി അഹമ്മദ് ജലാലിയുടെ നേതൃത്വത്തിലുള്ള ഇടക്കാല സർക്കാരിന് അധികാരം കൈമാറാനായിരുന്നു താലിബാനുമായി ചർച്ച നടത്തിയ സർക്കാർ സംഘത്തിന്റെ നിർദ്ദേശം. സർക്കാർ നിരുപാധികം കീഴടങ്ങുന്നതിൽ കുറഞ്ഞതൊന്നും സമ്മതമല്ലെന്ന് താലിബാൻ വ്യക്തമാക്കി. രാജ്യത്തിന്റെ 90 ശതമാനവും കൈയടക്കിയെന്ന് നേരത്തെ അവകാശപ്പെട്ട താലിബാൻ വക്താവ് സുഹൈൽ ഷഹീൻ, കാബൂളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയില്ലെന്നും നഗരം വിടാൻ ആഗ്രഹിക്കുന്നവരെ ആക്രമിക്കില്ലെന്നും വ്യക്തമാക്കിയിരുന്നു. സർക്കാരുമായി ചേർന്ന് പ്രവർത്തിച്ചവർക്ക് മാപ്പ് നൽകും. എന്നാൽ, നഗരമെങ്ങും സുരക്ഷിതകേന്ദ്രം തേടിയലയുന്നവരുടെ തിരക്കായിരുന്നു.



# ഓക്സ്ഫാം ഇന്ത്യ റിപ്പോർട്ട്
# ആരോഗ്യരംഗത്ത് അസമത്വം മൂർച്ഛിച്ചു

ആരോഗ്യമേഖലയിൽ രാജ്യത്ത് അസമത്വം വലിയതോതിൽ വർധിക്കുന്നു. സാമ്പത്തിക, സാമൂഹ്യ പരിഗണനകൾക്ക് പുറമേ വിവിധ സമൂഹങ്ങൾ തമ്മിലും നഗര, ഗ്രാമ പ്രദേശങ്ങൾ തമ്മിലും സംസ്ഥാനങ്ങൾക്കിടയിലും ആരോഗ്യ അസമത്വം മൂർച്ഛിക്കുന്നുണ്ട്. സാർവത്രിക ആരോഗ്യപരിരക്ഷയുടെ അഭാവം സാധാരണക്കാരെ തീർത്തും ദുരിതത്തിലാക്കുന്നതായി ഓക്സ്ഫാം ഇന്ത്യയുടെ 2021ലെ അസമത്വ റിപ്പോർട്ടിൽ (ഇന്ത്യയുടെ അസമമായ ആരോഗ്യ സംരക്ഷണത്തിന്റെ കഥ) പറയുന്നു. സർക്കാർ കണക്കുകൾ പ്രകാരം തന്നെ അമിതമായ ചികിത്സാ ചെലവ് കാരണം ഓരോ വർഷവും ആറ് കോടി ആളുകൾ ദാരിദ്ര്യത്തിലേക്ക് തള്ളപ്പെടുന്നു.




### കെനിയക്കും പിന്നിൽ

കോവിഡ് രണ്ടാം തരംഗം ഇന്ത്യയുടെ പൊതു ആരോഗ്യ സംവിധാനത്തിന്റെ കാര്യക്ഷമതയില്ലായ്മ തുറന്നുകാട്ടി. 2017 ലെ ദേശീയ ആരോഗ്യ രൂപരേഖ (എൻഎച്ച്പി) പ്രകാരം 10,189 പേർക്ക് ഒരു സർക്കാർ ഡോക്ടറും 90,343 പേർക്ക് ഒരു സർക്കാർ ആശുപത്രിയും മാത്രമേയുള്ളു. ബംഗ്ലാദേശ്, കെനിയ തുടങ്ങിയവയേക്കാൾ പിന്നിലാണ് ആശുപത്രി കിടക്കകളുടെ കാര്യത്തിൽ ഇന്ത്യ. ആശുപത്രിക്കിടക്കകളുടെ എണ്ണം 2010 നും 2020നും ഇടയിൽ 10,000 പേർക്ക് ഒമ്പതിൽ നിന്ന് അഞ്ചായി. നിലവിൽ കിടക്ക ലഭ്യതയിൽ 167 രാജ്യങ്ങളിൽ 155ാം സ്ഥാനത്താണ് ഇന്ത്യ. 10,000 പേർക്ക് അഞ്ച് കിടക്കയും 8.6 ഡോക്ടർമാരും മാത്രം. ജനസംഖ്യയുടെ 70 ശതമാനം വരുന്ന ഗ്രാമീണമേഖലയിൽ 40 ശതമാനം കിടക്കമാത്രം.

ഒരു വർഷത്തിനിടെ രണ്ട് കോവിഡ് തരംഗം അഭിമുഖീകരിച്ചിട്ടും ആരോഗ്യമേഖലയ്ക്ക് മതിയായ തുക കേന്ദ്ര ബജറ്റിൽ നീക്കിവച്ചിട്ടില്ല. ആരോഗ്യ ചെലവുകളിൽ ഇന്ത്യ 154ാം സ്ഥാനത്താണ്. അയൽരാജ്യങ്ങളായ ഭൂട്ടാൻ ജിഡിപിയുടെ 2.5 ശതമാനവും ശ്രീലങ്ക 1.6 ശതമാനവും നീക്കിവയ്ക്കുമ്പോൾ ഇന്ത്യയിൽ 1.25 ശതമാനം മാത്രം. കോവിഡ് രൂക്ഷമായിരിക്കെ അവതരിപ്പിച്ച 2021 -22 ലെ കേന്ദ്ര ബജറ്റിൽ ആരോഗ്യ, കുടുംബ ക്ഷേമ മന്ത്രാലയത്തിനുള്ള വിഹിതം 8350 കോടിയോളം കുറയ്ക്കുകയായിരുന്നു.

### ഇൻഷുറൻസ് അപര്യാപ്തം

ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ വ്യാപ്തി പരിമിതമായതിനാൽ സാർവത്രിക ആരോഗ്യപരിരക്ഷ ഉറപ്പുവരുത്താനാകില്ലെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ജനസംഖ്യയുടെ 40 ശതമാനത്തിന് മാത്രമേ ആയുഷ്മാൻ ഭാരതിലൂടെ കിടത്തി ചികിത്സയ്ക്ക് സഹായം ലഭിക്കുന്നുള്ളു.

രണ്ട് പതിറ്റാണ്ടിനിടയിൽ സൗജന്യ മരുന്നു വിതരണം നാലിലൊന്നായി കുറച്ചു. 2000ന്റെ തുടക്കത്തിൽ സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്നവർക്ക് 31.2ശതമാനം മരുന്നും സൗജന്യമായി നൽകിയിരുന്നു. ഇപ്പോൾ ഇത് 8.9 ശതമാനമായി കുറഞ്ഞു.ഒ.പി വിഭാഗത്തിൽ 17.8ൽ നിന്ന് 5.9 ശതമാനമായി കുറച്ചു.

### പാവങ്ങൾ ഏഴര വർഷം മുമ്പേ മരിക്കുന്നു

പട്ടികജാതി, പട്ടികവർഗ കുടുംബങ്ങളെ അപേക്ഷിച്ച് പൊതുവിഭാഗത്തിലുള്ളവർക്ക് മെച്ചപ്പെട്ട ചികിത്സാസൗകര്യം ലഭിക്കുന്നു. സ്ത്രീകളെക്കാൾ പുരുഷന്മാരും ഗ്രാമീണരേക്കാൾ നഗരനിവാസികളും മുന്നിലാണ്. പൊതുവിഭാഗത്തിൽപ്പെട്ട 65.7 ശതമാനം കുടുംബങ്ങൾക്ക് മെച്ചപ്പെട്ട സ്വന്തം ശുചിത്വ സൗകര്യങ്ങളുണ്ട്. എന്നാൽ, പട്ടികവർഗ വിഭാഗത്തിൽ ഇത് 25.9 ശതമാനം കുടുംബങ്ങൾക്കു മാത്രം. പട്ടികജാതി കുടുംബങ്ങളിലെ കുട്ടികളിൽ വളർച്ച മുരടിപ്പ് പൊതുവിഭാഗത്തേക്കാൾ 12.6 ശതമാനം കൂടുതലാണ്.

ലിംഗം, ജാതി, വരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ആയുർദൈർഘ്യത്തിലും വലിയ വ്യത്യാസമുണ്ട്. ദരിദ്രർ സമ്പന്നരേക്കാൾ ശരാശരി ഏഴര വർഷംമുമ്പേ മരിക്കുന്നു. ദളിത് സ്ത്രീക്ക് പൊതുവിഭാഗത്തിലെ സ്ത്രീയെക്കാൾ 15 വർഷം ആയുസ്സ് കുറവാണ്. ശിശുമരണനിരക്കും ദളിത്, ആദിവാസി, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കിടയിൽ കൂടുതലാണ്. ആദിവാസി കുടുംബങ്ങളിലെ ശിശുമരണനിരക്ക് പൊതുവിഭാഗത്തേക്കാൾ 40 ശതമാനം കൂടുതലാണ്.

# ആഗസ്റ്റ് 9 സേവ് ഇന്ത്യാ ദിനം

രാജ്യത്തിന്റെ സ്വാതന്ത്ര്യ സമര പോരാട്ട ചരിത്രത്തിലെ സുപ്രധാന ദിവസമാണ് 1942 ആഗസ്റ്റ് 9 ലെ ക്വിറ്റിന്ത്യാ ദിനം. അന്ന് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായുള്ള രണ്ടും കൽപിച്ചുള്ള അന്തിമ പോരാട്ടമായിരുന്നു. രാജ്യം ഇപ്പോൾ സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുവാൻ തയ്യാറെടുക്കുകയാണ്. ജനങ്ങളുടെ ജീവിതം കോവിഡിന്റെ ഭാഗമായി ദുരിതപൂർണമാണ്. ലക്ഷങ്ങൾക്ക് തൊഴിലും വരുമാനവും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. രാജ്യം നേടിക്കൊണ്ടിരിക്കുന്ന പുരോഗതിയുടെ നേട്ടഫലങ്ങൾ അതിന്റെ യഥാർത്ഥ അവകാശികളായ അദ്ധ്വാനവർഗത്തിന് ഇന്നും അപ്രാപ്യമാണ്. കർഷക പ്രക്ഷോഭം ന്യൂഡൽഹിയിൽ 7 മാസമായി തുടരുകയാണ്. പൊതുമേഖലാ സ്വകാര്യവൽക്കരണത്തിനെതിരായ പോരാട്ടവും,തൊഴിൽ നിയമ ഭേദഗതികൾ സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ ചൂണ്ടിക്കാണിച്ചും പ്രക്ഷോഭം കനക്കുകയാണ്. ഈ പ്രശ്നങ്ങളെ ചൊല്ലി ഇന്ത്യൻ പാർലമെന്റും സ്തംഭിച്ചിരിക്കുകയാണ്. ഈ ജീവൽ പ്രശ്നങ്ങളുയർത്തി രാജ്യവ്യാപകമായി ആഗസ്റ്റ് 9ന് സേവ് ഇന്ത്യാ ദിനം ആയി ആചരിക്കുവാൻ സിഐടിയു, കിസാൻ സഭ, അഗ്രികൾച്ചറൽ വർക്കേഴ്സ് യൂണിയൻ ഇവ സംയുക്തമായി വിവിധ പരിപാടികൾക്ക് രൂപം നൽകിയിട്ടുണ്ട്.

കേരളത്തിൽ സിഐടിയു, കർഷക സംഘം, കെഎസ്കെടിയു സംയുക്തമായി സംസ്ഥാന തലത്തിൽ സമിതി രൂപീകരിച്ചു. താഴെ പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ സംയുക്ത വേദികൾ രൂപീകരിച്ചു. ഒരു വില്ലേജിൽ 10 കേന്ദ്രങ്ങളിലായി 1000 കണക്കിന് പേരെ പങ്കെടുപ്പിച്ച് ആഗസ്റ്റ് 9 ന് വൈകിട്ട് 5 മുതൽ 6 വരെ പൊതുസ്ഥലങ്ങളിൽ പ്രതിഷേധ സംഗമം നടത്തി. സംസ്ഥാനത്താകെ ആഗസ്റ്റ് 9ന് ലക്ഷങ്ങളെ അണിനിരത്തി.

# കൊച്ചി റിഫൈനറി വില്പനക്കെതിരെ റിഫൈനറി സംയുക്ത സംരക്ഷണ സമിതിയുടെ രക്ഷാകവചം

ബിപിസിഎൽ കൊച്ചി റിഫൈനറിയുടെ വില്പനക്കെതിരെ സംസ്ഥാന റിഫൈനറി സംരക്ഷണ സമിതിയുടെ ആഹ്വാന പ്രകാരം "റിഫൈനറി സംരക്ഷണ കവചം" ആഗസ്റ്റ് 5 ന് തീർത്തു. ആയിരം കേന്ദ്രങ്ങളിലാണ് പരിപാടി നടന്നത്. ലാഭകരമായി പ്രവർത്തിക്കുന്ന ബിപിസിഎൽ റിഫൈനറിയുടെ ഓഹരികൾ പൂർണമായും വിൽക്കാൻ കേന്ദ്രബിജെപി സർക്കാർ ഊർജ്ജിത ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്.

11300 കോടി രൂപയുടെ നിർദ്ദിഷ്ട പോളിയോൾ പ്ലാന്റ് പ്രധാനമന്ത്രി നരേന്ദ്രമോഡി തറക്കല്ലിട്ടത് ഇതോടെ നിർമാണം ആരംഭിക്കാതെ കിടക്കുകയാണ്.

സംസ്ഥാന സർക്കാർ ബിപിസിഎല്ലിന്റെ സഹകരണത്തോടെ ആരംഭിക്കുന്ന പെട്രോകെമിക്കൽ കോംപ്ലക്സിന്റെയും ഭാവി അപകടത്തിലാക്കുന്ന റിഫൈനറി വില്പന കേരളത്തിനും, രാജ്യത്തിന്റെ സാമ്പത്തിക താല്പര്യത്തിനും തിരിച്ചടിയാണ്. റിഫൈനറി തൊഴിലാളികൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തിരുവനന്തപുരത്ത് നടന്ന 'റിഫൈനറി സംരക്ഷണ കവചം' സിഐടിയു ദേശീയ സെക്രട്ടറിയും സംസ്ഥാന സംരക്ഷണ സമിതി ജനറൽ കൺവീനറുമായ കെ.ചന്ദ്രൻ പിള്ള ഉത്ഘാടനം ചെയ്തു.

എഐടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി. രാജേന്ദ്രൻ അദ്ധ്യക്ഷനായിരുന്നു, മീനാങ്കൽ കുമാർ(എഐടിയുസി), കെ.എസ്. മധുസൂദനൻ നായർ(എഐടിയുസി), സിഐടിയു നേതാക്കളായ കെ.കെ. ദിവാകരൻ, ജെ. മേഴ്സിക്കുട്ടിയമ്മ, ദീപ കെ. രാജൻ, ടി.കെ. രാജൻ, കെ.എസ് സുനിൽകുമാർ, സുനിത കുര്യൻ, കെ.ഒ. ഹബീബ്, അഡ്വ. റഹ്മത്തുള്ള(എസ്ടിയു), സീറ്റാ ദാസൻ(സേവ), തുടങ്ങിയവർ പങ്കെടുത്തു.

സിഐടിയു സംസ്ഥാന സെക്രട്ടറി കെ.എൻ ഗോപിനാഥ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.